# നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക


## പ്രൊഫ. എം. വൈ. യോഹന്നാൻ



: Publisher :

ഫീലിയോ ബുക്ക്സ്

കോലഞ്ചേരി - 682 311

# നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക

**പ്രൊഫ. എം. വൈ. യോഹന്നാൻ**

*മുൻ പ്രിൻസിപ്പൽ,*

*സെന്റ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.*

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,

കോലഞ്ചേരി – 682 311, കേരളം.

ഫോൺ: (0484) 2689489, 2689889

E - mail : profmyyohannan@crfgospel.org

Website : www.crfgospel.org

●

Publisher :

**ഫീലിയോ ബുക്ക്സ്**

കോലഞ്ചേരി – 682 311

●

COVER DESIGN

SWAMINATHAN, COMPUTER PARK

●

Layout & Printing

Merin Graphics, Edappally, Kochi- 24

Email: meringraphics@gmail.com

●

*copy right reserved*

●

## ആമുഖം

"Beyond Death's Door" എന്ന പുസ്തകം വായിച്ചതാണ് ഈ ഗ്രന്ഥരചനയ്ക്ക് എനിക്ക് പ്രചോദനം നൽകിയത്. പ്രസ്തുത ഗ്രന്ഥത്തിന്റെ കർത്താവായ Dr. Maurice Rawlings എന്ന Cardiologist മനുഷ്യാത്മാവിന്റെ അമർത്യതയെക്കുറിച്ചും മരണാനന്തര ജീവിതത്തെക്കുറിച്ചും വിശ്വസിച്ചിരുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ ക്ലിനിക്കിലെ ചില രോഗികളുടെ മരണാനന്തരാനുഭവങ്ങൾ അദ്ദേഹത്തെ ഒരു ദൈവവിശ്വാസിയാക്കിത്തീർത്തു. അദ്ദേഹം ആ പുസ്തകത്തിൽ പറയുന്നു:

"Then one evening in 1967, I was resuscitating a terrified patient who told me he was actually in hell. He begged me to get him out of hell and not to let him die. When I fully realized how genuinely and extremely frightened he was, I too became frightened. Subsequent cases with terrifying experiences have

burdened me with a sense of urgency to write this book. Now I feel assured that there is life after death, and not all of it is good."

(1967–ൽ ഒരു വൈകുന്നേരം ഞാൻ ഒരാൾക്ക് കൃത്രിമശ്വാസോച്ഛ്വാസം നൽകിക്കൊണ്ടിരിക്കയായിരുന്നു. അപ്പോൾ പെട്ടെന്ന് അയാൾക്ക് ജീവൻ ലഭിച്ചു. ഉടനെ അയാൾ ഭയവിഹ്വലനായി പറഞ്ഞു: "അയ്യോ, ഞാൻ സത്യമായും നരകത്തിലായിരുന്നു. എന്നെ നരകത്തിൽ നിന്നും രക്ഷിക്കണേ, ഇനി എന്നെ മരണത്തിന് വിട്ടുകൊടുക്കരുതേ." അയാളുടെ ഭീതിയുടെ പാരവശ്യവും ഭീകരതയും ഞാൻ ഗ്രഹിച്ചപ്പോൾ ഞാൻ ഞെട്ടിത്തരിച്ചുപോയി. ഇതുപോലെ ഭീതിജനകമായ ചില അനുഭവങ്ങളാണ് ഈ പുസ്തകം രചിക്കണമെന്ന ആത്മഭാരമെന്നിലുളവാക്കിയത്. മരണാനന്തരം ഒരു ജീവിതമുണ്ടെന്നും അത് അനേകർക്കും സുഖകരമായ ഒന്നല്ല എന്നും ഇപ്പോൾ എനിക്ക് നല്ല ഉറപ്പായി.)

Thomas Gray യുടെ സുപ്രസിദ്ധമായ കാവ്യശീലുകൾ നോക്കൂ:

The boast of heraldry
The pomp of power,
And all that beauty and
wealth ever gave
Awaits the inevitable hour
The paths of glory but
lead to the grave.

പൈതൃകത്തിന്റെ വമ്പുകളും
അധികാരത്തിന്റെ ഉന്മത്തതയും

സമ്പദ് സൗന്ദര്യങ്ങളുടെ സൗഭാഗ്യങ്ങളും
എല്ലാം
മരണം എന്ന അനിവാര്യതയ്ക്കു കാക്കുന്നു.
ലോകമഹത്വങ്ങളുടെ പാതനീളുന്നത്
ശ്മശാനത്തിലേക്കുതന്നെ.

മരണത്തിന് തൊട്ടുമുമ്പ് ലോഡ് ടെന്നിസൺ പറഞ്ഞു:

"Death, be not proud!
A short sleep and I will wake up eternally! A short voyage and I will meet my Master face to face."

മരണത്തെക്കുറിച്ചുള്ള പ്രത്യാശാനിർഭരമായ ഈ മഹദ് വചനങ്ങൾ വായിച്ചതുകൊണ്ടല്ലേ എന്റെ മരണഭീതി അകന്നത്. പതിനേഴാമത്തെ വയസ്സിൽ എന്റെ മാനസാന്തരത്തിനുശേഷം ഞാൻ ക്രിസ്തുവിന്റെ സാന്നിദ്ധ്യം രുചിച്ചറിഞ്ഞു. അതിനുമുമ്പ് എനിക്ക് ആകെ ഭയമായിരുന്നു. എനിക്കൊരു വയസ്സുള്ളപ്പോൾ എന്റെ അപ്പൻ മരിച്ചു, അപ്പന്റെ മുപ്പത്തിമൂന്നാമത്തെ വയസ്സിൽ; എനിക്ക് രണ്ടുവയസ്സുള്ളപ്പോൾ എന്റെ ചേട്ടൻ മരിച്ചു, ചേട്ടന്റെ പതിമൂന്നാമത്തെ വയസ്സിൽ. ഞാൻ ജനിക്കുന്നതിന് മുമ്പ് എന്റെ അമ്മ പ്രസവിച്ചിരുന്ന മൂന്നുകുഞ്ഞുങ്ങൾ മരിച്ചു പോയിരുന്നു എന്ന് അമ്മ പറഞ്ഞുകേട്ടിട്ടുണ്ട്. അനാഥത്വം നൽകിയ അപകർഷതാബോധം എന്റെ ഹൃദയത്തിൽ ഒരു മരണഭയം പാകിയേകി. പക്ഷേ യേശുക്രിസ്തു എന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളിവന്നതോടെ മരണഭയം മാത്രമല്ല, സകല ആകുലവും ടെൻഷനും എന്നിൽ നിന്ന് തെറിച്ചുമാറി.

മഹത്തായ ഒരു പ്രത്യാശ ഹൃദയത്തിൽ ലഭിച്ചതുകൊണ്ടാണ് മരണമെന്ന നിതാന്തസത്യത്തെ നേരിടുന്നതിന്

ഏവരും ഒരുങ്ങണമെന്ന് ആഹ്വാനം ചെയ്യാൻ ആശയും ആവേശവുമുണ്ടായത്. അതുതന്നെയാണ് സുവിശേഷവേലയുടെ പിന്നിലെ പ്രചോദനവും ദാഹവും.

**"നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക"** എന്ന സന്ദേശം എന്റെ ബഹുമാന്യരായ അനുവാചകരേവരും സഗൗരവം ശ്രദ്ധിക്കുമെന്ന് ഞാൻ ആശിക്കുന്നു, അപേക്ഷിക്കുന്നു. അതിന് യേശുക്രിസ്തുവിന്റെ ക്രൂശുമരണവും തിരുരക്തവും നവോന്മേഷം ഏവർക്കും പകരട്ടെ എന്ന് ഞാൻ ആശംസിക്കുകയും ചെയ്യുന്നു.

നിങ്ങളുടെ വിനീതവിധേയൻ,

കടയിരുപ്പ്
25-04-2010

**എം.വൈ. യോഹന്നാൻ**

## ഒന്ന്

സങ്കീർത്തനക്കാരനായ യെദൂഥൂൻ പാടുന്നു.

"യഹോവേ, എന്റെ അവസാനത്തെയും എന്റെ ആയുസ്സു എത്ര എന്നതിനെയും എന്നെ അറിയിക്കേണമേ, ഞാൻ എത്ര ക്ഷണികൻ എന്ന് ഞാൻ അറിയുമാറാകട്ടെ. ഇതാ, നീ എന്റെ നാളുകളെ നാലുവിരൽ നീളമാക്കിയിരിക്കുന്നു, എന്റെ ആയുസ്സ് നിന്റെ മുമ്പാകെ ഏതുമില്ലാത്തതുപോലെയിരിക്കുന്നു; ഏത് മനുഷ്യനും ഉറച്ചു നിന്നാലും ഒരു ശ്വാസമത്രേ. മനുഷ്യരൊക്കെയും വെറും നിഴലായി നടക്കുന്നു നിശ്ചയം, അവർ വ്യർത്ഥമായി പരിശ്രമിക്കുന്നു നിശ്ചയം, അവൻ ധനം സമ്പാദിക്കുന്നു. ആർ അനുഭ

വിക്കും എന്ന് അറിയുന്നില്ല."

സങ്കീ. 39 : 4 : 6

സങ്കീർത്തനക്കാരൻ ധ്യാനത്തിൽ തീ കത്തിക്കൊണ്ട് പാടുകയാണ്. "എന്റെ ധ്യാനത്തിങ്കൽ തീ കത്തി. അപ്പോൾ ഞാൻ നാവെടുത്ത് സംസാരിച്ചു" എന്ന് പറഞ്ഞുകൊണ്ടാണ് ഈ സങ്കീർത്തനത്തിന്റെ ആദ്യഭാഗം തുടങ്ങുന്നത്.

നാമെല്ലാം തീർത്ഥാടകരാണ്. സ്വർഗ്ഗീയ സീയോനിലേക്കുള്ള യാത്രക്കാർ. ഈ ലോകജീവിതം വഴിയമ്പലവാസമാണ്. മഹാഭാരതത്തിലെ വിദുരവാക്യം കേട്ടിട്ടില്ലേ?

"പാന്ഥർ പെരുവഴിയമ്പലം തന്നിലേ
താന്തരായ്ക്കൂടി വിയോഗം വരുംപോലെ."

വളരെ ചുരുങ്ങിയകാലം ഈ ഭൂമിയിൽ ജീവിക്കുന്നു. വഴിയമ്പലത്തിൽ തങ്ങുന്ന യാത്രക്കാരെപ്പോലെ അല്പകാലം ഇഹലോകത്തിൽ ഒരുമിച്ചുകഴിയുന്നു. യാത്രക്കാർ ഓരോരുത്തരായ് പിരിഞ്ഞുപോകുന്നതുപോലെ നാം മരണം എന്ന വാതിലിൽകൂടെ നിത്യതയിലേയ്ക്ക് നീങ്ങുന്നു.

ദാർശനിക കവിയായ കുമാരനാശാൻ "പ്രരോദന"ത്തിൽ എ.ആർ. രാജരാജവർമ്മ കോയിത്തമ്പുരാന്റെ വിയോഗത്തിൽ ഉള്ളം നൊന്തുപാടി:

"കഷ്ടം! സ്ഥാന വലിപ്പമോ, പ്രഭുതയോ, സജ്ജാതിയോ, വംശമോ,
ദിഷ്ട ശ്രീ തനുധാടിയോ ചെറുതുമിങ്ങോരില്ല ഘോരാനലൻ
സ്പഷ്ടം! മാനുഷ ഗർവ്വമൊക്കെയിവിടെപ്പുക്കസ്തമി

ക്കുന്നിതി–
ങ്ങിഷ്ടന്മാർ പിരിയുന്നു, ഹാ! ഇവിടമാണദ്ധ്യാത്മ വിദ്യാലയം.''

അപ്പോസ്തലനായ പൗലോസ് റോമിലെ കാരാഗൃഹത്തിൽ കിടന്നുകൊണ്ട് ഫിലിപ്യസഭയ്ക്കെഴുതിയ ലേഖനത്തിൽ എഴുതി:

> "എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവുമാകുന്നു.''
>
> ഫിലിപ്യർ.1:21

മരണം അത്യാസന്നമാണ് എന്നറിഞ്ഞപ്പോൾ സെ. പോൾ എഴുതിയ ഒടുവിലത്തെ ലേഖനത്തിന്റെ ഒടുവിലത്തെ അദ്ധ്യായത്തിൽ എഴുതി:

> "എന്റെ നിര്യാണകാലം അടുത്തിരിക്കുന്നു. ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു. അത് നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്ക് നല്കും.''
>
> 2 തിമോഥിയോസ് 4:7–8

Lord Tennyson അദ്ദേഹത്തിന്റെ In Memorim എന്ന കവിതയിൽ മരണത്തെ ഉറക്കത്തോടാണ് സാദൃശ്യവൽക്കരിച്ചിരിക്കുന്നത്. "മരണവും ഉറക്കവും ഇരട്ട സഹോദരങ്ങളാണ്.''

പ്രവാചക ശ്രേഷ്ഠനായ മോശ തന്റെ സഹോദരനായ

അഹറോന്റെ ശവസംസ്ക്കാരവേളയിൽ പാടിയ സങ്കീർത്തനത്തെ അനുസ്മരിക്കുന്നതാണ് ടെന്നിസന്റെ വാക്കുകൾ.

> "നീ അവരെ ഒഴുക്കിക്കളയുന്നു, അവർ ഉറക്കംപോലെ അത്രേ, അവർ രാവിലെ മുളച്ചു വരുന്നപുല്ലുപോലെയാകുന്നു. അത് രാവിലെ തഴച്ചുവളരുന്നു, വൈകുന്നേരം അത് അരിഞ്ഞുവാടിപ്പോകുന്നു."
>
> സങ്കീ. 90:5–6

ക്രിസ്തു വിശ്വാസിയും ഭക്തനുമായിരുന്ന നാരായണ വാമനതിലക് മരണത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത് വളരെ ശ്രദ്ധേയമാണ്: "ശരീരവും ആത്മാവും തമ്മിലുള്ള വേർപാടിനെ ഞാൻ മരണമെന്ന് വിളിക്കുന്നില്ല. അത്യാനന്ദപ്രദമായ ഒരു ഉയർന്ന അനുഭവത്തിലേക്കുള്ള ദൈവവിളിയാണ് മരണം."

കൂട്ടിൽ അടച്ചിട്ടിരിക്കുന്ന കിളി കൂടുതുറന്ന് പറന്നുപോകുന്നതുപോലെ ശരീരത്തിനുള്ളിൽ വസിച്ചിരുന്ന ആത്മാവ് സ്വതന്ത്രമായി അനന്തതയിലേയ്ക്ക് പറക്കുന്നതാണ് മരണം. അതുകൊണ്ടാണ് പ്ലേറ്റോ പറഞ്ഞത്:

"മരണം കാരാഗൃഹത്തിൽ നിന്നുള്ള മോചനമാണ്."

മരണാനന്തരമുള്ള അനന്തത ഒന്നുകിൽ നിത്യസ്വർഗ്ഗം അല്ലെങ്കിൽ നിത്യനരകം. നിത്യനരകം നമുക്കൊഴിവാക്കി നിത്യസ്വർഗ്ഗത്തിൽ നമ്മെ പ്രവേശിപ്പിക്കുന്നതിനുവേണ്ടിയാണ് യേശുക്രിസ്തു ക്രൂശിൽ രക്തം ചിന്തി ത്യാഗമരണം വരിച്ചത്. ക്രൂശിൽ ജീവനർപ്പിച്ച ക്രിസ്തുവിനെ ഹൃദയത്തിൽ നാഥനും കർത്താവുമായി സ്വീകരിക്കുന്ന യാതൊ

രാൾക്കും നിത്യനരകത്തിൽ നിന്ന് രക്ഷപെടാം. നിത്യ സ്വർഗ്ഗീയ സൗഭാഗ്യം അനുഭവിക്കാം. ഈ ഭൂമിയിലെ ജീവിതത്തിൽ ക്രിസ്തുവിനെ സ്വന്തം കർത്താവും രക്ഷിതാവുമായി കൈക്കൊള്ളുന്നവർക്കാണ് നിത്യജീവൻ ലഭിക്കുന്നത്. ഈ സദ്വർത്തമാനമാണ് സുവിശേഷം. Good News.

ക്രിസ്തുവിനെ കൈക്കൊള്ളുന്നതിന് സഭയോ സമുദായമോ അല്ല മാറേണ്ടത്; ഹൃദയം മാറണം. ക്രിസ്തു ഹൃദയം മാറ്റും. അതാണ് മന:പരിവർത്തനം. അത് മതപരിവർത്തനമല്ല, ബാഹ്യമായ ഏതെങ്കിലും മാറ്റമല്ല. ആന്തരികപരിവർത്തനമാണത്. അതനുഭവിക്കുന്നവരാണ് ഭാഗ്യശാലികൾ. അവരുടെ tension മാറും, frustration മാറും, depression മാറും, അപകർഷതാബോധം മാറും. ജീവിതം പ്രസാദാത്മകവും പ്രത്യാശാഭരിതവുമാകും. “ഞാൻ അപ്പനുള്ള മകനാണ്” എന്ന ആന്തരികധൈര്യം ലഭിക്കും. ഹൃദയം സമാധാനം കൊണ്ട് നിറയും. ക്രിസ്തു ഒരു ഉത്തമ സ്നേഹിതനെപ്പോലെ ഉപദേഷ്ടാവും സഹായിയും താങ്ങും തക്കതുണയുമായി ജീവിതത്തെ നയിക്കും. അതാണ് നാം ലക്ഷ്യമാക്കേണ്ടത്.

മനുഷ്യ ജീവിതത്തിന് ഒരു സ്ഥിരതയുമില്ല. എന്തും എപ്പോഴും സംഭവിക്കാം.

നമ്മുടെ നാട്ടിലുണ്ടായ സുനാമിബാധ, ബോംബെയിലും മഹാരാഷ്ട്ര സ്റ്റേറ്റിലും ഗുജറാത്തിലും ഭൂകമ്പം, തുടർന്നുണ്ടായ കൊടിയ ദുരിതങ്ങൾ, ഇവയെല്ലാം നമ്മെ ഞെട്ടിച്ചവയല്ലേ?

ന്യൂയോർക്കിൽ ഗംഭീരമായ കെട്ടിട സമുച്ചയം തകർന്നടിയുന്നത് ലോകം ഞെട്ടലോടെ കണ്ടതാണ്. എത്ര

യെത്ര മനുഷ്യജീവനാണ് അപഹരിക്കപ്പെട്ടത്!

ഈ അടുത്ത സമയത്ത് ഭീകരാക്രമണങ്ങൾ മൂലം എത്ര യെത്ര മനുഷ്യജീവിതങ്ങൾ നശിക്കുന്നു; നഷ്ടപ്പെടുന്നു; ഭൂമിയിൽനിന്ന് നിമിഷനേരംകൊണ്ട് തുടച്ചു നീക്കപ്പെടുന്നു. ലോകരാഷ്ട്രങ്ങളിന്ന് ഭീതിയോടെയല്ലേ കഴിയുന്നത്? എത്രയോ നിരപരാധികൾ വധിക്കപ്പെടുന്നു! എത്രയെത്ര അത്യാഹിതങ്ങൾ!

മരണം സുനിശ്ചിതമാണ്. നാം ഓരോരുത്തരും ഈ ഭൂമിയിൽ നിന്ന് കടന്നു പോകും. സംശയാതീതമായി ലോകത്തിൽ ഒരേ ഒരു കാര്യമുണ്ടെങ്കിൽ അത് മരണമുണ്ടെന്നുള്ളതു മാത്രമാണ്.

മരണമുണ്ട്! ഒരാൾക്കും ഈ ഭൂമിയിൽ ശാശ്വതവാസമില്ല! ഈ ഭൂമിയിൽനിന്ന് ഒരു നാൾ കടന്നുപോകും.

പണ്ട് മലയാളത്തിലെ ഒരു സുപ്രസിദ്ധ കവയിത്രിയായ സിസ്റ്റർ മേരി ബനീഞ്ഞ പാടി.

"ഒരിക്കലിജ്ജഗത്തെയും ജഡത്തെയും പിരിഞ്ഞു നാം
തിരിക്കണം; വിസമ്മതങ്ങളൊന്നുമേ ഫലപ്പെടാ.
തിരിച്ചു പിന്നെ വന്നിടാത്ത യാത്രയാണതാകയാൽ
കരത്തിലുള്ളതൊക്കെ നാമതിർത്തിയിൽ ത്യജിക്കണം."

ഒരിക്കൽ ഈ ജഗത്തെ വിടണം. ശരീരത്തെ വിടണം. കയ്യിലുള്ളതെല്ലാം വിട്ട്, ഏകനായി വന്നവൻ, ഏകനായി പോകുന്ന ഒരു ദിവസമുണ്ട്; എല്ലാം വിട്ടു പോകണം.

സുറിയാനിസഭയുടെ ശവസംസ്ക്കാര ശുശ്രൂഷയിൽ, "ഞാൻ മരണ ദൂതനോട് കെഞ്ചിനോക്കി, എന്നാൽ അവൻ

അല്പം പോലും അലിവ് കാണിച്ചില്ല" എന്ന് പിതാക്കന്മാർ പാടുന്ന ഒരു മനോഹരമായ കീർത്തനമുണ്ട്.

"ഹാ!– സ്നേഹിതരേ! മൃതിദൂതൻ വന്നെത്തി
വേ–ഗം പോവാ–നവനെന്നെ–ധൃതികൂട്ടി
പരിചിതരെ–ക്കണ്ടീടാനവനോ–
ടനുവാദം–ഞാനഭ്യർത്ഥിച്ചു
യാചനയും–കോഴകളും–കൈക്കൊണ്ടി–ല്ലവനയ്യോ."

മരണദൂതൻ അലിവ് കാണിച്ചില്ല, മരണം അല്പം പോലും ക്ഷമിച്ചു നിന്നില്ല, മരണം റാഞ്ചിക്കൊണ്ട് പോകുന്നു.

"ഇഹത്തിലെ ധനം സുഖം യശസ്സുമാഭിജാത്യവും
വഹിച്ചുകൊണ്ട് പോകയില്ല മർത്യനന്ത്യയാത്രയിൽ
അഹന്തകൊണ്ടഴുക്കു പെട്ടിടാത്ത പുണ്യമൊന്നു താൻ
മഹത്തരം പ്രയോജനം പരത്തിലും വരുത്തിടും."

ഇവിടെ വച്ച് പുണ്യം നേടണം. പുണ്യം ഒന്നേയുള്ളൂ. അത് ക്രിസ്തുവാണ്. ഇവിടെ വച്ച് പുണ്യവാൻ അകത്ത് വരണം, ഹൃദയത്തിൽ വരണം.

"സമർത്ഥനായ സീസറും പ്രസിദ്ധനായ ഹോമറും
സമത്വമറ്റ സോളമൻ തുടങ്ങിയുള്ള വിജ്ഞരും
അമർന്നുപോയി കാലചക്രവിഭ്രമത്തിലെങ്കിലീ–
നമുക്കു പിന്നെയെന്തു ശങ്ക, മാറ്റമൊന്നുമില്ലതിൽ."

മഹാനായ സീസർ ചക്രവർത്തി കടന്നു പോയില്ലേ; തേരോട്ടം നടത്തി, വീരശൂരപരാക്രമിയായി പ്രശോഭിച്ച്,

രാജ്യങ്ങൾ വെട്ടിപ്പിടിച്ച ധീരനും സാഹസികനുമായ ചക്ര വർത്തി കടന്നു പോയില്ലേ?

മഹാകവി ഹോമർ കടന്നു പോയില്ലേ?

ജ്ഞാനികളിൽ ജ്ഞാനിയായിരുന്ന ശലോമോൻ കട ന്നുപോയി. ആർക്കും ഇവിടെ ശാശ്വത വാസമില്ല.

മരണദൂതൻ പിന്നാലെ വരുന്നതിനെക്കുറിച്ച് പിന്നെയും പിതാക്കന്മാർ പാടുന്നത് ശ്രദ്ധിക്കൂ:

"പിന്നാലെ വന്നോൻ ദൂതൻ
വീണാനെന്മീതേ വേഗം
ഞാനറിയാതെന്നെനേരെ
കൂട്ടിക്കൊണ്ടയ്യോ പോയാൻ
ബാന്ധവരെക്കാൺമാനല്പം
നിൽക്കണമെന്നഭ്യർത്ഥിച്ചേൻ
കേട്ടില്ലെൻ വാക്യം ദൂതൻ
വാങ്ങിച്ചില്ലെൻ കൈക്കൂലി
മരണത്തിൻ ദൂതൻ – പിറകെ വന്നപ്പോൾ
ചുറ്റും പാർത്തേൻ തുണചെയ്‌വാൻ വന്നില്ലാരും
വിളികൂട്ടുന്നോർക്കായ്–വെളിവാകും നാഥാ!
നിൻ ദൈവികമാം വലഭാഗേ നിർത്തണമെന്നെ."

സിസ്റ്റർ മേരി ബനീഞ്ഞ്ജയുടെ "ലോകമേ യാത്ര" എന്ന കവിത തുടങ്ങുന്നതു ശ്രദ്ധിക്കൂ:

"ജനിച്ച നാൾ തുടങ്ങിയെന്നെ യോമനിച്ചു, തുഷ്ടിയോ
ടെനിക്കു വേണ്ടതൊക്കെ നൽകിയാദരിച്ച ലോകമേ!
നിനക്ക് വന്ദനം, പിരിഞ്ഞു പോയിടട്ടെഞാനിനി
ശനിക്കുഴപ്പമേശിടാത്ത ഭാവിയെ വരിക്കുവാൻ"

ഒരിക്കലും തീരാത്ത അനന്തമോഹനമായ സ്വർഗ്ഗീയ സൗഭാഗ്യത്തിലേക്ക് പോകാൻ വെമ്പൽ കൊള്ളുന്ന മനുഷ്യ ഹൃദയത്തിന്റെ ഉൾതേങ്ങലുകളാണ് ഈ കവിതയിൽ അനുരണനം ചെയ്യുന്നത്.

ഒരു ദിവസം നാം കടന്നു പോകും. അതിനുശേഷം എന്ത് എന്ന് നാം ചിന്തിക്കണ്ടേ? കർത്താവായ യേശു നമ്മുടെ ഹൃദയത്തിലുണ്ടെങ്കിൽ യേശു പോകുന്നേടത്ത് നാമും പോയിരിക്കും. യേശു എന്റെ ഹൃദയത്തിൽ ഉണ്ടെങ്കിൽ യേശു എവിടെ ചെല്ലുമോ അവിടെയെല്ലാം ഞാനും ഉണ്ടായിരിക്കും.

ക്രിസ്തു നിങ്ങളുടെ ഹൃദയത്തിൽ ഉണ്ടോ? ബേത്‌ലഹേം പുൽക്കൂട്ടിൽ ഉണ്ട്; പോരാ. യോർദ്ദാൻ തീരത്തുണ്ട്, ഒട്ടും പോരാ, നസ്രേത്തിലെ ചെറു ഭവനത്തിലുണ്ട്, തച്ചന്റെ പണിപ്പുരയിലുണ്ട്; പോരാ, യേശുക്രിസ്തു കാനായിലെ കല്യാണ വീട്ടിലുണ്ട്, പോരല്ലോ:

കർത്താവായ യേശുക്രിസ്തു ഗദ്സമന തോട്ടത്തിലുണ്ട്, യെറീഹോവിലുണ്ട്,യരുശലേം ദേവാലയത്തിന്റെ പരിസരപ്രദേശത്തുണ്ട്, ഒലിവ് മലയുടെ ചെരിവിലുണ്ട്.

കർത്താവായ യേശുക്രിസ്തു നയീൻ പട്ടണത്തിലുള്ള ശിമോന്റെ വീട്ടിലുണ്ട്. യേശുക്രിസ്തു കഫർന്നഹൂമിലെ ചെറുഭവനത്തിലുണ്ട്. കർത്താവായ യേശുക്രിസ്തു ബെത്സയിദായിലെ മലഞ്ചെരിവിലുണ്ട്. പോരാ, ഇതുകൊണ്ടൊന്നും പോരാ.

കർത്താവായ യേശുക്രിസ്തു വിസ്താര രംഗത്ത് പീലാത്തോസിന്റെ അരമനയിലുണ്ട്, കർത്താവായ യേശുക്രിസ്തു

കുരിശും ചുമന്നുകൊണ്ട് ഗോഗുൽത്തായുടെ മുകളിലേക്ക് നടന്നു കയറുന്ന വഴിയിലുണ്ട്.

കർത്താവായ യേശുക്രിസ്തു, ഗോഗുൽത്താ കുരിശിൽ മൂന്ന് ആണികളിൽ തൂങ്ങിക്കിടപ്പുണ്ട്. കർത്താവായ യേശു ക്രിസ്തു തിരുശരീരം അടക്കപ്പെട്ടു അരിമത്യക്കാരൻ യൗസേഫിന്റെ കല്ലറയിൽ കിടപ്പുണ്ട്.

ഇന്ന് ഈ യേശുക്രിസ്തു എവിടെ? ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്ന യേശു എവിടെ?

യേശു എന്റെ ഹൃദയത്തിലുണ്ട് എന്ന് നമുക്ക് പറയാൻ കഴിയണം.

ഇവിടെ ഉണ്ട്, യേശു ഇവിടെ ഉണ്ട്. അവൻ എന്റെ ഹൃദയത്തിലുണ്ട് എന്ന് നിങ്ങൾ പറയുമ്പോൾ, അത് നിങ്ങളുടെ ജീവിതത്തിന്റെ പ്രാഗത്ഭ്യമാകുമ്പോൾ, അതിനു തക്കവണ്ണം നിങ്ങളുടെ ജീവിതത്തെ വിശുദ്ധീകരിക്കുമ്പോൾ, നിങ്ങൾ ക്രിസ്തുവിന്റെ സ്വർഗ്ഗീയ മഹത്വത്തിലേക്ക് ചേരും.

പാപങ്ങൾ കഴുകപ്പെടും. സ്വർഗ്ഗീയ സൗഭാഗ്യം നിങ്ങളെ തേടി വരും. സ്വർഗ്ഗത്തിന്റെ അനന്ത മോഹനമായ സന്തോഷത്തിന്റെ സർവ്വസമ്പത്തും നിങ്ങൾക്ക് ലഭിക്കും. നിങ്ങൾ അനുഗൃഹീതരായി തീരും. നിങ്ങൾ സ്വർഗ്ഗത്തിന്റെ അവകാശികളായി മാറും.

"അവനെ കൈക്കൊണ്ട്- യേശുവിനെ കൈക്കൊണ്ട്, അവന്റെ നാമത്തിൽ, - യേശുവിന്റെ നാമത്തിൽ, വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു." യോഹ. 1:12

ഈ യേശുവിനെ നിങ്ങൾക്കു വേണമോ?

നിങ്ങളുടെ അരികത്തു കൂടി മന്ദം മന്ദം നടന്നു വരുന്ന യേശുവിനെ നിങ്ങൾ കൈക്കൊള്ളുമോ? യേശുവിനെ നിങ്ങൾ സ്വീകരിക്കുമോ? യേശുവിനായി നിങ്ങളുടെ ഉള്ളം തുറക്കുമോ?

യേശുവിനോട് നിങ്ങൾ വാക്ക് പറയുവിൻ. നാഥാ ഇന്നുവരെയും ഞാൻ പാപത്തിനുവേണ്ടി ജീവിച്ചു, ഇന്നുവരെയും ഞാൻ ഭൗതീകലാഭത്തിനുവേണ്ടി ജീവിച്ചു; ഇന്നുവരെയും ലോകത്തിനുവേണ്ടി ജീവിച്ചു, ഇന്നുവരെയും പൈശാചികന്റെ അടിമത്തത്തിൽ ജീവിച്ചു.

ഇന്നു മുതൽ യേശുവേ, ഇനി മുതൽ നിന്റെ വകയായി ജീവിക്കും. തീരുമാനം എടുക്കുവിൻ, യേശുവിനോട് വാക്ക് പറയുവിൻ, യേശുവിന്റെ കരങ്ങളിലേക്ക് നിങ്ങളെ കൊടുക്കുവിൻ.

## രണ്ട്

"നിന്റെ യൌവനകാലത്ത് നിന്റെ സ്രഷ്ടാവിനെ ഓർത്തു കൊൾക; ദുർദ്ദിവസങ്ങൾ വരികയും എനിക്ക് ഇഷ്ടമില്ല എന്ന് നീ പറയുന്ന കാലം സമീപിക്കയും സൂര്യനും, വെളിച്ചവും, ചന്ദ്രനും, നക്ഷത്രങ്ങളും ഇരുണ്ടു പോകയും മഴ പെയ്ത ശേഷം മേഘങ്ങൾ മടങ്ങി വരികയും ചെയ്യും മുമ്പേ തന്നെ."

സഭാപ്രസംഗി 12 : 1 – 2

ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ എഴുതിയ മൂന്ന് പുസ്തകങ്ങളിൽ നടുവിലത്തെ പുസ്തകമാണ് സഭാപ്രസംഗി.

ഒന്നാമത്തേത്, സദൃശവാക്യങ്ങൾ, രണ്ടാമത്തേത്, സഭാ

പ്രസംഗി, മൂന്നാമത്തേത്, ഉത്തമഗീതം.

ഒരു ദേവാലയത്തോട് സാദൃശ്യവത്കരിച്ച് ചിന്തിച്ചാൽ ദേവാലയത്തിന് പ്രാകാരമുണ്ട്, വിശുദ്ധ സ്ഥലമുണ്ട്, അതി വിശുദ്ധസ്ഥലമുണ്ട്.

പ്രാകാരത്തിന്റെ സ്ഥാനത്ത് സദൃശവാക്യങ്ങൾ. വിശുദ്ധ സ്ഥലത്തിന്റെ സ്ഥാനത്ത് സഭാപ്രസംഗി. അതിവി ശുദ്ധ സ്ഥലത്തിന്റെ സ്ഥാനത്ത് ഉത്തമഗീതം.

സഭാപ്രസംഗിയുടെ പുസ്തകം മനസ്സിനെ കുറിക്കുന്നു. വിശേഷിച്ചും ദേഹിയെ കുറിക്കുന്നു. സദൃശവാക്യങ്ങളുടെ പുസ്തകം ശരീരത്തെ കുറിക്കുന്നു. ഉത്തമഗീതം ആത്മാ വിനെ കുറിക്കുന്നു.

സഭാപ്രസംഗിയുടെ പുസ്തകത്തിന്റെ താക്കോൽ വാക്ക്:

"സൂര്യനു കീഴെ"

സൂര്യനപ്പുറമുള്ള കാര്യങ്ങൾ ഇതിൽ പറയുന്നില്ല. സൂര്യനു കീഴെയുള്ള കാര്യങ്ങളാണ് പറയുന്നത്, ഭൗതീക മായ കാര്യങ്ങൾ. മനുഷ്യബുദ്ധിക്ക് എത്തിപ്പെടാവുന്ന കാര്യ ങ്ങൾ.

പക്ഷേ ബുദ്ധിപരമായ ചിന്തകളും, വിശകലനങ്ങളും കഴിഞ്ഞ് ആത്യന്തികമായ ഒരു യാഥാർത്ഥ്യത്തിലേക്ക് വിരൽ ചൂണ്ടിക്കൊണ്ടാണ് പുസ്തകം അവസാനിക്കുന്നത്.

> "നിന്റെ യൗവനകാലത്ത് നിന്റെ സ്രഷ്ടാ
> വിനെ ഓർത്തു കൊൾക"
>
> സഭാ. പ്രസംഗി. 12:1

കാരണം നിനക്കൊരു മരണമുണ്ട്. മനുഷ്യാ നിനക്ക് ആയുസ്സുള്ളപ്പോൾ, ആരോഗ്യമുള്ളപ്പോൾ, സുബോധമുള്ള പ്പോൾ നിന്റെ സ്രഷ്ടാവിനെ നീ ഓർത്തു കൊൾക,

മരണമുണ്ട്, അതിന് ശേഷം എന്ത് എന്ന് നിനക്കറി ഞ്ഞു കൂടാ. അത് ആരാഞ്ഞു ഞാൻ നോക്കി. പക്ഷേ; എനിക്ക് അറിയാൻ പാടില്ല, സൂര്യന് കീഴിലുള്ള കാര്യങ്ങളേ ഞാൻ കണ്ടുള്ളൂ. അപ്പുറം ചിന്തിക്കാൻ എനിക്ക് കഴിഞ്ഞില്ല എന്ന് സഭാപ്രസംഗി പറയുന്നു.

ജ്ഞാനിയായ ശലോമോൻ പറയുന്നു: എനിക്കി ത്രയ്ക്കേ കാണാൻ കഴിഞ്ഞുള്ളൂ. ഞാൻ പലതും ചെയ്തു നോക്കി; എങ്ങിനെയെങ്കിലും സന്തോഷിക്കണം, സുഖിക്ക ണം, രസിക്കണം, ആനന്ദിക്കണം, അതിനെന്താണ് വേണ്ടത് എന്ന് ഞാൻ ചിന്തിച്ചു നോക്കി.

സഭാ പ്രസംഗിയുടെ പുസ്തകം 2–ാം അധ്യായം 4–ാം വാക്യം മുതൽ വായിക്കുമ്പോൾ സഭാ പ്രസംഗിയുടെ പരി ശ്രമങ്ങളെല്ലാം നമുക്ക് കാണാം.

> ‘‘ഞാൻ മഹാപ്രവൃത്തികളെ ചെയ്തു, എനിക്ക് അരമനകളെ പണിതു, മുന്തിരി ത്തോട്ടങ്ങളെ ഉണ്ടാക്കി. ഞാൻ തോട്ടങ്ങ ളെയും ഉദ്യാനങ്ങളെയും ഉണ്ടാക്കി; അവ യിൽ സകലവിധ ഫലവൃക്ഷങ്ങളെയും നട്ടു. വൃക്ഷം വച്ചു പിടിപ്പിച്ചിരുന്ന തോപ്പു നനപ്പാൻ കുളങ്ങളും കുഴിപ്പിച്ചു. ഞാൻ ദാസന്മാരെയും, ദാസിമാരെയും വിലയ്ക്കു വാങ്ങി, വീട്ടിൽ ജനിച്ച ദാസന്മാരും എനിക്കുണ്ടായിരുന്നു, യെരുശലേമിൽ എനിക്ക് മുമ്പുണ്ടായിരുന്ന

ഏവരിലും അധികം ആടുമാടുകളായ ബഹു സമ്പത്തെനിക്കുണ്ടായിരുന്നു. ഞാൻ വെള്ളിയും പൊന്നും രാജാക്കന്മാർക്കും, സംസ്ഥാനങ്ങൾക്കും ഉള്ള ഭണ്ഡാരവും സ്വരൂപിച്ചു, സംഗീതക്കാരെയും സംഗീതക്കാരത്തികളെയും മനുഷ്യരുടെ പ്രമോദമായ അനവധി സ്ത്രീ ജനത്തെയും സമ്പാദിച്ചു. ഇങ്ങനെ ഞാൻ, എനിക്ക് മുമ്പ് യെരൂശലേമിൽ ഉണ്ടായിരുന്ന എല്ലാവരിലും മഹാനായിത്തീർന്നു അഭിവൃദ്ധി പ്രാപിച്ചു, ജ്ഞാനവും എന്നിൽ ഉറച്ചു നിന്നു. എന്റെ കണ്ണ് ആഗ്രഹിച്ചതൊന്നും ഞാനതിന് നിഷേധിച്ചില്ല. എന്റെ ഹൃദയത്തിന് ഒരു സന്തോഷവും വിലക്കിയില്ല. എന്റെ സകല പ്രയത്നവും നിമിത്തം എന്റെ ഹൃദയം സന്തോഷിച്ചു; എന്റെ സകല പ്രയത്നത്തിലും എനിക്കുണ്ടായ അനുഭവം ഇതുതന്നെ. ഞാൻ എന്റെ കൈകളുടെ സകല പ്രവൃത്തികളെയും ഞാൻ ചെയ്‌വാൻ ശ്രമിച്ച സകല പരിശ്രമങ്ങളെയും നോക്കി, എല്ലാം മായയും വൃഥാ പ്രയത്നവും അത്രേ, സൂര്യന്റെ കീഴിൽ യാതൊരു ലാഭവുമില്ല എന്നു കണ്ടു.”

സഭാപ്രസംഗി 2 : 4–11

എല്ലാം സമ്പാദിച്ചു. ഒട്ടേറെ നേടി, സുഖങ്ങളും, സന്തോഷങ്ങളും, സൗഭാഗ്യങ്ങളും, എല്ലാം സമ്പാദിച്ചു. പക്ഷേ എല്ലാം കിട്ടിയെങ്കിലും ശാശ്വത ശാന്തി കിട്ടിയില്ല.

സൂര്യന്റെ കീഴെ എനിക്ക് ലാഭമായി ഒന്നുമില്ല എന്നു ഞാൻ കണ്ടു. എനിക്ക് സന്തോഷകരമായിട്ട് ഒന്നുമില്ല എന്ന് ഞാൻ കണ്ടു. എല്ലാം താത്കാലികം. എല്ലാം ക്ഷണികം.

അതുകൊണ്ട് ഞാൻ നിങ്ങൾക്ക് ഒരു ഉപദേശം തരാം, യൗവനക്കാരാ, നിന്റെ യൗവ്വനത്തിൽ തന്നെ സ്രഷ്ടാവിനെ ഓർത്തു കൊൾക. നിന്റെ യൗവ്വനകാലത്ത് നിന്റെ സ്രഷ്ടാവിനെ ഓർത്തു കൊൾക. മരണം വരും. ഇവിടെയുള്ളതെല്ലാം തീരും, ഇവിടെയുള്ള സൗഭാഗ്യങ്ങളും ഇവിടെയുള്ള സന്തോഷങ്ങളും എല്ലാം അവസാനിക്കും.

യൗവ്വനക്കാരാ, നീ മരണം സമീപിക്കുന്നതിന് മുമ്പ് അതിവേഗം അതിവേഗം നിന്റെ ജീവിതത്തെ നേരെയാക്കി കൊൾക.

ലോഡ് ബൈറൺ ഒരനുഗൃഹീത കവിയായിരുന്നു. പക്ഷേ അദ്ദേഹം സുഖഭോഗങ്ങളിൽ മുഴുകി ജീവിതോല്ലാസങ്ങൾ ആസ്വദിച്ചു. അദ്ദേഹത്തിന്റെ ജീവിതലക്ഷ്യംതന്നെ എല്ലാവിധ സന്തോഷങ്ങളും ആസ്വദിക്കണമെന്നായിരുന്നു. അദ്ദേഹം തന്നെക്കുറിച്ച് പറഞ്ഞതിപ്രകാരമായിരുന്നു:

“സന്തോഷത്തിന്റെ എല്ലാ പാനപാത്രവും കുടിച്ചു. പ്രശസ്തിയുടെ ഓരോ വിജയധ്വനിയും കേട്ടു. ജീവിതം ആസ്വദിച്ചു, ആഴമായി ആസ്വദിച്ചു. പതിനായിരങ്ങൾ ആസ്വദിച്ച ചിന്തകൾ പാനം ചെയ്തു. എന്നിട്ടും ദാഹം മാറിയില്ല. കുടിക്കാൻ വേറെയൊന്നും ഇല്ലായിരുന്നു.”

ബൈറൺ 36-ാമത്തെ വയസ്സിൽ മരിച്ചു. അദ്ദേഹത്തിന്റെ ഒടുവിലത്തെ കവിതയുടെ അവസാനശീലുകൾ ദു:ഖം തളംകെട്ടിനില്ക്കുന്നവയായിരുന്നു.

"My days are in the yellow leaf,
The flower and fruit of love are gone;
The worm, the canker and the grief
Are mine alone."

മരണത്തിനുമുമ്പ് അദ്ദേഹം സർ വാൾട്ടർ സ്കോട്ടിനോട് ചോദിച്ചുവത്രേ, "എനിക്കുള്ള പ്രശസ്തിയും സിദ്ധിയും മുഴുവൻ ഞാൻ അങ്ങേയ്ക്കു തരാം, അങ്ങയുടെ ഹൃദയസമാധാനം എനിക്കുതരാമോ?"

ലോകഇമ്പങ്ങളും സുഖഭോഗങ്ങളുമെല്ലാം ക്ഷണപ്രഭാചഞ്ചലങ്ങളത്രേ. സ്ഥായിയായത് ക്രിസ്തുവും ക്രിസ്തുതരുന്ന ശാന്തിയും മാത്രം.

മരണത്തെ ആലങ്കാരികമായി, കാവ്യോചിതമായ ഭാഷയിൽ, സഭാപ്രസംഗി അവതരിപ്പിക്കുകയാണ്.

> "അന്ന് വീട്ടുകാവൽക്കാർ വിറയ്ക്കും, ബലവാന്മാർ കുനിയും, അരയ്ക്കുന്നവർ ചുരുക്കമാകയാൽ അടങ്ങിയിരിക്കും, കിളിവാതിലുകളിൽ കൂടി നോക്കുന്നവർ അന്ധന്മാരാകും, തെരുവിലെ കതകുകൾ അടയും, അരയ്ക്കുന്ന ശബ്ദം മന്ദമാകും, പക്ഷികളുടെ ശബ്ദത്തിങ്കൽ ഉണർന്നു പോകും. പാട്ടുകാരത്തികൾ ഒക്കെയും തളരുകയും ചെയ്യും, അന്ന് അവർ കയറ്റത്തെ പേടിക്കും, വഴിയിൽ ഭീതികൾ ഉള്ളതായി തോന്നും, ബദാം വൃക്ഷം പൂക്കും, തുള്ളൻ ഇഴഞ്ഞു നടക്കും, രോചനക്കുരു ഫലിക്കാതെ വരും, മനുഷ്യൻ തന്റെ ശാശ്വത ഭവനത്തിലേക്ക് പോകും. വിലാപം

> കഴിക്കുന്നവർ വീഥിയിൽ ചുറ്റി സഞ്ചരിക്കും. അന്ന് വെള്ളിച്ചരട് അറ്റുപോകും, പൊൻകിണ്ണം തകരും, ഉറവിങ്കലെ കുടം ഉടയും, കിണറ്റിങ്കലെ ചക്രം തകരും. പൊടി പണ്ടു ആയിരുന്നതുപോലെ ഭൂമിയിലേക്ക് തിരികെ ചേരും, ആത്മാവ് അതിനെ നൽകിയ ദൈവത്തിന്റെ അടുക്കലേക്ക് മടങ്ങിപ്പോകും."
>
> സഭാപ്രസംഗി 12 : 3 – 7

നിന്റെ യൗവ്വന കാലത്ത് നിന്റെ സ്രഷ്ടാവിനെ ഓർത്തു കൊൾക, ദുർദ്ദിവസങ്ങൾ വരാൻ പോകുന്നു, എനിക്കിഷ്ടമില്ല എന്നു നീ പറയുന്ന കാലങ്ങൾ സമീപിക്കാൻ പോകുന്നു. സൂര്യനും വെളിച്ചങ്ങളും ചന്ദ്രനും, നക്ഷത്രങ്ങളും ഇരുണ്ടു പോകുന്ന ഒരു കാലം വരാൻ പോകുന്നു.

മരണം സമീപിക്കുന്നതിന് മുമ്പ് നീ നിന്റെ സ്രഷ്ടാവിനെ ഓർത്തു കൊൾക. മരണനേരത്ത് നിനക്ക് അനുതപിക്കാൻ നേരം കിട്ടുകയില്ല, അതിന് മുമ്പു തന്നെ നിന്റെ സ്രഷ്ടാവിനെ ഓർത്തു കൊൾക.

അന്ന് വീട്ടുകാവൽക്കാർ വിറയ്ക്കും. ഒരു ഭവനത്തോട് ഉപമിച്ചാണ് വാർദ്ധക്യത്തെ സഭാപ്രസംഗി അവതരിപ്പിക്കുന്നത്.

വീട്ടു കാവൽക്കാർ വിറയ്ക്കും, കൈകളും കാലുകളും വിറയ്ക്കും.

ബലവാന്മാർ കുനിയും, നട്ടെല്ലിന് നല്ലതുപോലെ നിവർന്നു നിൽക്കാനുള്ള കെൽപ് കുറഞ്ഞു പോകും. പയ്യെ നട്ടെല്ല് വളഞ്ഞു തുടങ്ങും.

അരയ്ക്കുന്നവർ ചുരുക്കമാകയാൽ അടങ്ങിയിരിക്കും, പല്ലുകളുടെ എണ്ണം ചുരുക്കമാകും.

കിളിവാതിലുകളിൽ കൂടി നോക്കുന്നവർ അന്ധന്മാരാകും. കണ്ണുകൾക്ക് കാഴ്ച മങ്ങിവരും.

തെരുവിലെ കതകുകൾ അടയും. കാതുകളുടെ കേൾവി കുറഞ്ഞുവരും, ചെവി മന്ദമാകും. അരയ്ക്കുന്ന ശബ്ദം മന്ദമാകും, അരയ്ക്കുന്ന ശബ്ദം, sound system ത്തിന് അവ്യക്തത വരും. അരയ്ക്കുന്ന ശബ്ദം മന്ദമാകും.

പക്ഷികളുടെ ശബ്ദത്തിങ്കൽ ഉണർന്നുപോകും, ഉറക്കം കുറഞ്ഞുവരും. (Insomnia) ചെറുപ്രായത്തിലാണെങ്കിൽ രാവിലെയെല്ലാം കിടന്ന് ഉറങ്ങാൻ തോന്നും. പക്ഷേ, വാർദ്ധക്യം വരുന്തോറും ഉറക്കം കുറയും, നേരത്തേ എഴുന്നേൽക്കും.

പാട്ടുകാരത്തികൾ ഒക്കെയും തളരുകയും ചെയ്യും. 'vocal cords' (ശബ്ദമുണ്ടാക്കുന്ന, നല്ല മധുരശബ്ദം പുറപ്പെടുവിക്കുന്ന ഭാഗങ്ങൾ) ക്ഷീണിതമാകും. ബലം കുറഞ്ഞുപോകും.

അന്ന് അവർ കയറ്റത്തെ പേടിക്കും. കയറ്റം കയറുമ്പോൾ കിതപ്പ് വരും, (acrophobia) വേച്ചു പോകും, കയറ്റത്തെ പേടിക്കും, വഴിയിൽ ഭീതിയുള്ളതായി തോന്നും, ഒന്നിനും ഒരു ധൈര്യമില്ല. പണ്ട് എവിടേയും പോയി നിൽക്കാനും, ആരോടും മിണ്ടാനുമൊക്കെയുള്ള കരുത്തുണ്ട്. വാർദ്ധക്യമായപ്പോൾ ധൈര്യം കുറഞ്ഞു വരും.

അന്ന് വഴിയിൽ ഭീതിയുള്ളതായി തോന്നും. "Self

confidence" പോകും, ആത്മവിശ്വാസം കുറയും.

ബദാം വൃക്ഷം പൂക്കും – തലമുടി നരയ്ക്കും.

തുള്ളൻ ഇഴഞ്ഞു നടക്കും. വെട്ടുക്കിളി, തുള്ളൻ എന്നെല്ലാം പറയുന്ന ക്ഷുദ്രജീവികൾ പറന്നു നടക്കുന്ന വയാണ്. ഇപ്പോൾ ഇഴഞ്ഞു നടക്കും – മുമ്പ് വളരെ ഉത്സാഹഭരിതരായി, നല്ല ഊർജ്ജ്വസ്വലരായി നടന്നവർ, ഇഴഞ്ഞ് നടക്കുന്നതു പോലെ മന്ദഗതിയിലാകും.

രോചനക്കുരു ഫലിക്കാതെ വരും – നാവിന് രുചിയില്ലാതാകും, നല്ല ആഹാര സാധനങ്ങൾക്ക് താത്പര്യമില്ലാതാകും. ഒന്നിനും രുചി കിട്ടാതാകും.

മനുഷ്യൻ തന്റെ ശാശ്വതഭവനത്തിലേക്ക് പോകും. വിലാപം കഴിക്കുന്നവർ വീഥിയിൽ ചുറ്റി സഞ്ചരിക്കും. ഇതാ വരാൻ പോകുന്നു. "funeral procession" 'ശവസംസ്കാര യാത്ര'. വിലാപം കഴിക്കുന്നവർ വീഥിയിൽ ചുറ്റിനടക്കും. കരഞ്ഞുകൊണ്ട് പ്രിയപ്പെട്ടവർ പുറകേ വരുന്ന കാലം വരാൻ പോകുന്നു.

അന്ന് വെള്ളിച്ചരട് അറ്റു പോകും. പൊൻകിണ്ണം തകരും, ഉറവിങ്കലെ കുടം ഉടയും, കിണറ്റിങ്കലെ ചക്രം തകരും. എന്താണ് ഈ പൊൻകിണ്ണം തകരും എന്ന് പറയുന്നത്, Brain - "Nervous system" ക്ഷീണിതമാകും. നമ്മുടെ ബുദ്ധി കേന്ദ്രങ്ങൾ, തകരാറിലാകും.

ഉറവിങ്കലെ കുടം ഉടയും, കിണ്ണറ്റിങ്കലെ ചക്രം തകരും, കിണറ്റിൽ ചക്രംകൊണ്ട് വെള്ളം കോരി എടുക്കുന്നതുപോലെയുള്ള രക്തചംക്രമണം, രക്തപര്യയനവ്യവസ്ഥ 'Circulation system' തകരാറിലാകും.

പൊൻകിണ്ണം തകരും, Cranial Cavity തകരാറിലാകും, ഉറവിങ്കലെ കുടം ഉടയും, കിണറ്റിങ്കലെ ചക്രം തകരും. Diastolic and systolic blood pressure ക്രമംതെറ്റും. പൊടി പണ്ട് ആയിരുന്നതുപോലെ ഭൂമിയിലേക്ക് തിരികെ ചേരും.

വെള്ളിച്ചരട് അറ്റുപോകും. Spinal cord ന് കേടുവരും. ശലോമോൻ ജ്ഞാനിയായിരുന്നു. ശലോമോൻ കവിയായിരുന്നു. ശലോമോൻ തത്വചിന്തകനായിരുന്നു, ശലോമോൻ ബുദ്ധിജീവിയായിരുന്നു. അതുകൊണ്ട് ഇത് ആലങ്കാരികമായി, രൂപകാത്മക ഭാഷയിൽ അവതരിപ്പിച്ചു എന്നു മാത്രം.

ഞാനും, അതെ, നിങ്ങൾ ഓരോരുത്തരും ഈ ഭൂമിയിൽ നിന്ന് ഒരു ദിവസം മാറ്റപ്പെടും. മനുഷ്യൻ തന്റെ ശാശ്വത ഭവനത്തിലേക്ക് പോകും.

സൂര്യനു കീഴെയുള്ള കാര്യങ്ങൾ മാത്രം ചിന്തിച്ചു വന്ന സോളമൻ ചക്രവർത്തി, ഒരു ശാശ്വത ഭവനമുണ്ട് എന്ന് കണ്ടിരുന്നു. 'മരണാനന്തരാവസ്ഥ' – ഒരു ശാശ്വത ഭവനമുണ്ട്, ആ ശാശ്വതഭവനം എവിടെ?

എവിടെയാണത്? മനുഷ്യൻ മരിച്ചാൽ അവൻ എവിടെ? അതാണ് ഇയ്യോബ് ചോദിച്ചത്. മനുഷ്യൻ പ്രാണനെ വിട്ടാൽ അവൻ എവിടെ? ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെട്ടാൽ അവൻ എങ്ങോട്ടാണ് പോകുന്നത്? എവിടെയാണ് ചെന്നു ചേരുന്നത്?

> "മനുഷ്യൻ പ്രാണനെ വിട്ടാൽ അവൻ എവിടെ?"
>
> ഇയ്യോബ് 14:10

ശലോമോനറിയാം, ഒരു ശാശ്വത ഭവനമുണ്ട് എന്ന്. പക്ഷേ നിർഭാഗ്യവശാൽ ഇതെല്ലാം പറഞ്ഞ ശലോമോൻ ആ ശാശ്വത ഭവനത്തിലെ സ്വർഗ്ഗീയ വാസത്തിലെത്താൻ തക്കവണ്ണം ജീവിതത്തെ ക്രമപ്പെടുത്തിയില്ല; ഒടുവിലത്തെ നാളുകളിൽ, ദൈവം ചെയ്ത നന്മകളോർത്ത് ദൈവത്തെ സ്തുതിക്കുകയോ ദൈവത്തിന് മഹത്വം കരേറ്റുകയോ ചെയ്യാതെ പാപ വഴിയിലേക്ക് ഇറങ്ങിപ്പോയി.

ദൈവത്തിൽ നിന്ന് അനുഗ്രഹങ്ങളെ ലഭിച്ച അനേകർ ഈ വാക്കുകളെ വായിക്കുന്നില്ലേ? ആയുസ്സു നീണ്ടു കിട്ടിയവർ, അത്ഭുതകരമായി ഉയർച്ചകൾ ലഭിച്ചവർ, ജീവിതത്തിൽ സമാധാനം ലഭിച്ചവർ, സന്തോഷ സമൃദ്ധമായ അനുഭവത്തിൽ ജീവിച്ചുവന്നവർ ഇന്ന് എല്ലാം മറന്ന് ജീവിക്കുന്നില്ലേ?

നമുക്ക് വിദ്യാഭ്യാസം തന്നു; കുടുംബം തന്നു. സൗകര്യങ്ങൾ തന്നു, കഴിക്കാൻ ആഹാരം തന്നു. ധരിക്കാൻ വസ്ത്രം തന്നു, കിടക്കാൻ കിടപ്പാടം തന്നു, ഇല്ലേ, നമുക്ക് എല്ലാം എല്ലാം തന്നു. നാം ഓർക്കാറുണ്ടോ ദൈവം തന്ന അനുഗ്രഹങ്ങൾ? ഇതൊന്നും ഇല്ലാത്തവരെ കാണുമ്പോഴാണ് അയ്യോ, ദൈവം ഇതെല്ലാം എനിക്ക് തന്നല്ലോ എന്നറിയുന്നത്.

ഉറങ്ങാൻ കിടന്നു, അനേകർ പിറ്റേന്ന് രാവിലെ എഴുന്നേൽക്കാതെ ഉറക്കത്തിൽ ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെട്ടു കഴിഞ്ഞു; ഞാനോ ഈ ഭൂമിയിൽ ഇന്ന് ഉണർന്ന് എഴുന്നേറ്റല്ലോ; ദൈവമേ ഇതെന്തൊരതിശയം, ദൈവത്തിന് സ്തോത്രം.

നമ്മുടെ ഹൃദയം നന്ദി നിറഞ്ഞ് ദൈവത്തെ സ്തുതി

ക്കുകയും, ദൈവത്തെ ആരാധിക്കുകയും ദൈവത്തെ സ്നേഹിക്കുകയും, ദൈവത്തിനുവേണ്ടി ജീവിതം വേർതിരിക്കുകയും ചെയ്യേണ്ടതിന് പകരം പിന്നേയും നാം ലോകത്തിലേക്കും ലോകഇമ്പങ്ങളിലേയ്ക്കും പോകുന്നു.

ശലോമോൻ രാജാവിന് പറ്റിയ അപകടം അതാണ്. ശലോമോന് എല്ലാം ലഭിച്ചു. മഹാജ്ഞാനം സിദ്ധിച്ചു. അരമനകളും അന്തഃപുരങ്ങളും ധാരാളം ധാരാളമായി പണിതുയർത്താനുള്ള ഭാഗ്യം ലഭിച്ചു. ധാരാളം സേവക വൃന്ദങ്ങളുണ്ടായി, കൊട്ടാരക്കെട്ടുകൾ പടുത്തുയർത്തി, പക്ഷേ ശലോമോൻ ദൈവത്തിന് മഹത്വം കരേറ്റേണ്ടതിന് പകരം അതിലെല്ലാം അഹങ്കരിക്കുകയും ദൈവത്തെ മറന്നു പോവുകയും ചെയ്തു.

ശലോമോൻ ഒടുവിലത്തെ കാലത്ത് പാപങ്ങളിലേക്ക് നീങ്ങി. ശലോമോൻ തന്റെ ജീവിതത്തിന്റെ ഒരു കാലത്ത്, ദൈവത്തോടു കൂടെ ജീവിക്കാൻ തീരുമാനമെടുക്കുകയും, ദൈവസന്നിധിയിൽ പ്രാർത്ഥിക്കുകയും ചെയ്തതാണ്. ആലയം പണിതതിനുശേഷം ദൈവത്തിന്റെ ആലയത്തിൽ സ്വർഗ്ഗത്തിലെ തീയിറങ്ങിയതു കണ്ട ശലോമോൻ പിൽക്കാലത്ത് പാപത്തിലേക്ക് നീങ്ങിപ്പോയി.

സ്നേഹിതാ, മറക്കല്ലേ, ഇന്ന് ഈ വാക്കുകളെ വായിക്കുന്ന ആരെങ്കിലും ഒരു കാലത്ത് പ്രാർത്ഥിക്കുമ്പോൾ തീ ഇറങ്ങിയവർ, ഒരു കാലത്ത് പ്രാർത്ഥിക്കുമ്പോൾ സ്തുതിയിൽ ആത്മാവിന്റെ കൃപ അനുഭവിച്ചവർ, ദൈവത്തിന്റെ സാന്നിധ്യം കിട്ടിയവർ, ശരീരം കോരിത്തരിച്ച് ദൈവത്തെ ആനന്ദത്തോടെ സന്തോഷസമൃദ്ധിയിൽ സ്തുതിച്ച് മഹത്വപ്പെടുത്തിയവർ, ദൈവീക സംസർഗ്ഗത്തിന്റെ മധുരിമയിൽ

ലയിച്ചവർ, പക്ഷെ ഇന്ന് ക്രിസ്തുവിന് നഷ്ടപ്പെട്ടവരായിട്ടിരിക്കുന്നുവോ?

ആദ്യസ്നേഹം നഷ്ടപ്പെട്ടിരിക്കുന്നുവോ? ശാശ്വത ഭവനത്തിലേക്ക് പോകുവാൻ ഒരുങ്ങിക്കൊള്ളൂ, ശാശ്വത ഭവനമുണ്ട്. ശാശ്വത ഭവനത്തിലേക്ക് പോകാൻ ഇന്ന് ഒരുങ്ങിയില്ലെങ്കിൽ നഷ്ടമാണ്. മരണാനന്തരം ഒരു ശാശ്വതഭവനമുണ്ട്. ആ ശാശ്വത ഭവനം നിത്യസ്വർഗ്ഗമാണ്. ഒരിക്കലും നിത്യനരകത്തിലേക്ക് പോകാൻ ആർക്കും ഇടവരല്ലേ, നിത്യദണ്ഡനത്തിലേക്ക് ആരും പോകല്ലേ.

“Eternal torture” എന്നു പറയുന്ന നിത്യമായ യാതനയുടെ ദണ്ഡന സ്ഥലത്തേക്ക് ആരും ഉപേക്ഷിക്കപ്പെടാൻ ഇടവരല്ലേ.

എന്റെ ജീവിതത്തിൽ പതിനേഴാമത്തെ വയസ്സിലാണ് മാനസാന്തരപ്പെട്ടത്. പത്തൊമ്പത് കൊല്ലം ദൈവവേല ചെയ്ത് അറിയപ്പെടുന്ന ഒരു പാപവും ചെയ്യാതെ ജീവിച്ചതിനുശേഷം മുപ്പത്തിയാറാമത്തെ വയസ്സിൽ ഞാനൊരു വേദവാക്യം വായിച്ചപ്പോൾ, ഞെട്ടിപ്പോയി. എത്രയോ പ്രാവശ്യം വായിച്ചിട്ടുണ്ട്. പ്രസംഗിച്ചിട്ടുണ്ട് ആ വാക്യം! പക്ഷേ അന്ന് അതുവായിച്ചപ്പോൾ ഞാൻ ഞെട്ടിപ്പോയി.

കർത്താവിന്റെ മലപ്രസംഗത്തിന്റെ ഒടുവിലത്തെ ഭാഗമാണത്.

> “കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും, നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തി

> ക്കയും ചെയ്തില്ലയോ എന്ന് പലരും ആ നാളിൽ എന്നോട് പറയും. അന്നു ഞാൻ അവരോട്: ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല, അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടുപോകുവിൻ, എന്നു തീർത്തു പറയും."
>
> മത്തായി. 7:22–23

കർത്താവിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കി, കർത്താവിന്റെ നാമത്തിൽ പ്രവചിച്ചു. വീര്യപ്രവൃത്തികളെ ചെയ്തു. പക്ഷേ അധർമ്മം ജീവിതത്തിൽ പിന്നെയും വന്നു. അധർമ്മം പ്രവൃത്തിയിൽ വന്നു, പാപം ജീവിതത്തിൽ വന്നതുകൊണ്ട്, എന്നെ വിട്ടു പോകുവിൻ ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല, എന്ന് ഞാൻ അവരോട് തീർത്ത് പറയും എന്നാണ് ക്രിസ്തു പറഞ്ഞത്.

ഭയാനകമായ ആ വാക്യം എനിക്ക് ഞെട്ടലുണ്ടാക്കി. അതിനെത്തുടർന്ന് ഒടുവിലത്തെ പുസ്തകത്തിൽ (വെളിപ്പാട് പുസ്തകം) – വായിച്ചു:

> "എങ്കിലും നിന്റെ ആദ്യ സ്നേഹം വിട്ടുകളഞ്ഞു എന്ന ഒരു കുറ്റം നിന്നെക്കുറിച്ച് പറവാനുണ്ട്. നീ ഏതിൽ നിന്ന് വീണിരിക്കുന്നു എന്നോർത്ത് മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തി ചെയ്ക; അല്ലാഞ്ഞാൽ ഞാൻ വരികയും, നീ മാനസാന്തരപ്പെടാഞ്ഞാൽ നിന്റെ നിലവിളക്ക് അതിന്റെ നിലയിൽ നിന്ന് നീക്കുകയും ചെയ്യും."
>
> വെളിപ്പാട് 2 : 4 – 5

നിലവിളക്കിന്റെ Lamp stand ൽ നിന്ന് മാറ്റുമെന്ന്, വിളക്കോ കെട്ടുപോയി. Lamp stand ൽ വിളക്ക് കാണുകയില്ല എന്ന്. ഞാൻ എന്റെ ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കി. ഈ തിരുവചനഭാഗം എന്നെ ഒരാത്മപരിശോധനയിലേക്ക് നയിച്ചു. എനിക്ക് ആഴമായ പശ്ചാത്താപവും കുറ്റബോധവും ഉണ്ടായി. എനിക്ക് ചിലരോട് നീരസവും കൈപ്പുമുണ്ടായിരുന്നു. ഞാൻ അവരുടെ അടുക്കൽ ചെന്ന് മാപ്പു ചോദിച്ച് നിരപ്പാകുമെന്ന് തീരുമാനിച്ചു. ഒരു ലൈബ്രേറിയിൽ നിന്ന് എടുത്തിരുന്ന പുസ്തകങ്ങൾ തിരികെ കൊടുക്കാതെ വെച്ചിരുന്നു. അവ തിരികെ കൊണ്ടുപോയി കൊടുക്കും എന്ന് തീരുമാനിച്ചു. മനുഷ്യർ എന്നെ മാനിക്കണമെന്നുള്ള ചിന്ത ഞാൻ ഏറ്റു പറഞ്ഞു. എന്റെ ദ്രവ്യാഗ്രഹവും സ്വാർത്ഥതയും സ്വയപ്രശംസയും അഹന്തയും ഞാൻ ഏറ്റു പറഞ്ഞു. ഞാൻ തകർന്ന് കരഞ്ഞു.

ഇത് 1973 മെയ് മാസം 10–ാം തീയതി എന്റെ ഇടവകപ്പള്ളി (സെന്റ്. മേരീസ് ഓർത്തഡോക്സ് ചർച്ച്, വലമ്പൂർ) യിലെ യോഗത്തിൽ പ്രസംഗിച്ചതിനുശേഷം രാത്രി വീട്ടിൽ വന്ന് ഉറങ്ങാൻ കിടക്കുന്നതിനുമുമ്പാണ്. ഞാനെന്റെ ജീവിതം സമ്പൂർണ്ണമായി ക്രിസ്തുവിന് കൈമാറി.

പിറ്റേദിവസം രാവിലെ 9 മണിക്ക് ഞാൻ ഒരിക്കലും അനുഭവിച്ചിട്ടില്ലാത്ത ഒരു മഹാസന്തോഷം എന്റെ ഹൃദയത്തിൽ നിറഞ്ഞു. അവാച്യമായ ഒരു ദിവ്യാനുഭൂതി! ഞാൻ പരിസരം മറന്ന് ക്രിസ്തുവിനെ സ്തുതിച്ചു. ആഴമേറിയ ഒരു കഴുകൽ ഞാൻ അനുഭവിച്ചു. ദൈവത്തിന് സ്തോത്രം.

ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന് മാത്രമേയുള്ളൂ, പ്രകടമായ പാപത്തിലേക്ക് പോയില്ല. ആദ്യസ്നേഹം കുറ

ഞ്ഞവർ ആരെങ്കിലും ഈ വാക്കുകളെ വായിക്കുന്നുണ്ടോ?

ആദ്യ കാലത്തെ എരിവ് നഷ്ടപ്പെട്ടവർ, ആദ്യകാലത്തെ തീക്ഷ്ണത പൊയ്പ്പോയവർ, ആദ്യകാലത്തെ സ്നേഹം കുറഞ്ഞവർ, ആദ്യ കാലത്തെ ദൈവ വചനത്തിനുവേണ്ടിയുള്ള ദാഹം കുറഞ്ഞവർ, ആദ്യകാലത്തെ ആത്മാവിനു വേണ്ടിയുള്ള കാത്തിരിപ്പ് കുറഞ്ഞവർ, ആരെങ്കിലുമുണ്ടോ?

പ്രിയപ്പെട്ടവരേ, നിങ്ങൾ ചിന്തിക്കൂ, കണ്ണുനീര് വറ്റിപ്പോയവർ, ഹൃദയത്തകർച്ച നഷ്ടപ്പെട്ടവർ, ഹൃദയനുറുക്കം പൊയ്പ്പോയവർ! ഹൃദയം തഴമ്പിച്ചവർ ആരെങ്കിലുമുണ്ടോ?

സ്നേഹിതാ, തീരാനഷ്ടം വരുത്തല്ലേ. നിത്യഭവനത്തിലേക്ക്, നിത്യശാശ്വത ശാന്തിയിലേക്ക് എത്താൻ, ഇന്നു തന്നെ നിങ്ങൾ നിത്യജീവന്റെ അവകാശം പ്രാപിപ്പിൻ. അതിനല്ലോ ക്രിസ്തു ക്രൂശിൽ മരിച്ചത്. ക്രിസ്തു ക്രൂശിൽ ജീവരക്തം ചിന്തിയത് അതിനല്ലോ. കുറ്റമില്ലാത്ത രക്തം ചിന്തി ക്രൂശിൽ മരിച്ച ക്രിസ്തു, നിങ്ങളുടെ അരികത്തു കൂടെ മന്ദം മന്ദം നടന്നുവരുന്നത്. ആ പരിശുദ്ധ രക്തം നിങ്ങളെ തേടി വരുന്നു.

മകനേ നിന്റെ ഹൃദയം എനിക്ക് തരിക. മകളേ നിന്റെ ഹൃദയം എനിക്ക് തരിക, കഴിഞ്ഞതെല്ലാം ഞാൻ മായിച്ചു തരാം, കഴിഞ്ഞതെല്ലാം ഞാൻ ക്ഷമിച്ചു തരാം എന്നു പറഞ്ഞുകൊണ്ട് ഉടയവൻ നിങ്ങളുടെ ഹൃദയ വാതിൽക്കൽ മുട്ടുന്ന ഈ മനോഹരമായ സമയം നഷ്ടപ്പെടുത്തരുതേ. അവന്റെ അരികിലേക്ക് നിങ്ങൾ ഓടി അണയുവിൻ, അവനോട് നിങ്ങൾ ഹൃദയം തുറന്ന് പറയുവിൻ.

കർത്താവേ, കഴിഞ്ഞ കാലങ്ങൾ നഷ്ടപ്പെടുത്തി, ആദ്യ

സ്നേഹം കളഞ്ഞു പോയി, കർത്താവേ, ആദ്യകാലത്തെ സ്നേഹം നഷ്ടപ്പെടുത്തി, എനിക്ക് നിന്നോടുണ്ടായിരുന്ന ഭക്തിയും ഭയവും നഷ്ടപ്പെടുത്തി, പാപത്തിൽ ഞാൻ വീണു പോയി, ഒരു കാലത്ത് പാപബോധം ഉണ്ടായിരുന്നു. ഇന്ന് പാപബോധമില്ല. ഹൃദയം തഴമ്പിച്ചുപോയി ഹൃദയം കല്ലിച്ചുപോയി.

എന്റെ ദൈവമേ, ഇന്ന് അഹങ്കാരമുണ്ട്. ഇന്ന് തെറ്റുകളേറെ വന്നു പോയി, ദൈവമേ എന്റെ മേൽ നിന്റെ കരം വയ്ക്കണമേ; നാഥാ നിന്റെ ആണിപ്പാടുള്ള കരം, എന്റെ ശിരസ്സിൽ വച്ച് എന്നെ അനുഗ്രഹിക്കണമേ.

നാഥാ; കഴിഞ്ഞ കാലം ക്ഷമിക്കണമേ, പാപജീവിതം പൊറുക്കണമേ, അകൃത്യങ്ങൾ കണക്കിടരുതേ, എന്നെ നിന്റെ മകനും അവകാശിയുമാക്കി തീർക്കണമേ, എന്റെ പേര് ജീവന്റെ പുസ്തകത്തിൽ എഴുതണമേ.

## മൂന്ന്

"... എന്നാൽ യഹോയയയാണ, നിന്നാണ, എനിക്കും മരണത്തിന്നും മദ്ധ്യേ ഒരടി അകലം മാത്രമേയുള്ളൂ എന്ന് സത്യം ചെയ്തു പറഞ്ഞു."

1 ശമു. 20 : 3

ദാവീദ് ആണയിട്ടു പറയുകയാണ്, എന്റെ ആയുസ്സ് യൗവ്വനത്തിന്റെ ആരംഭത്തിൽത്തന്നെ തീരാൻ പോവുകയാണ്.

തൊട്ടുതലേ ദിവസം ദാവീദിനെ കുന്തംകൊണ്ട് ചുവരോട് ചേർത്ത് കുത്തിത്തറയ്ക്കുവാൻ ശൗൽ രാജാവ് നോക്കിയതാണ്, തലനാരിഴയ്ക്ക് രക്ഷപ്പെട്ടതാണ്.

".... ദാവീദ് കിന്നരം വായിച്ചുകൊണ്ടിരുന്നു.

> അപ്പോൾ ശൗൽ ദാവീദിനെ കുന്തംകൊണ്ട് ചുവരോടു ചേർത്തു കുത്തുവാൻ നോക്കി, അവനോ ശൗലിന്റെ മുമ്പിൽ നിന്ന് മാറിക്കളഞ്ഞു. കുന്തം ചുവരിൽ തറച്ചു, ദാവീദ് ആ രാത്രിയിൽ തന്നെ ഓടിപ്പോയി രക്ഷപ്പെട്ടു."
>
> 1 ശമുവേൽ 19:9–10

ശൗൽ രാജാവ് അന്നത്തെ രാജകീയ പദവിയും അധികാരവുമുള്ള വ്യക്തിയാണ്. രാജാവ് തന്നെ സ്വന്തം കൈകൊണ്ട് ദാവീദിനെ കൊല്ലുവാൻ നോക്കുകയാണ്. കുന്തം കൊണ്ട് കുത്തി; ചുവരോട് ചേർത്ത് തറയ്ക്കാൻ നോക്കുകയായിരുന്നു.

ദാവീദ് ശൗൽ രാജാവിന്റെ ജാമാതാവാണ്. സ്വന്തം മകളുടെ ഭർത്താവിനെ അമ്മായപ്പൻ കൊല്ലുവാൻ നോക്കുകയാണ്; കാരണം. കേവലം അസൂയ മാത്രം.

ദാവീദിന്റെ അഭിവൃദ്ധിയും വീരശൂരപരാക്രമവും ശൗലിന് അസൂയ ഉളവാക്കി.

ദാവീദിനെ കൊല്ലുവാൻ അപ്പൻ ശ്രമിക്കുന്നുണ്ട് എന്ന് മീഖൾ മനസ്സിലാക്കി കഴിഞ്ഞപ്പോൾ അവൾ, രാത്രി ഒരു കിളിവാതിലിൽ കൂടി ദാവീദിനെ ഇറക്കി വിട്ടു, രക്ഷിച്ചു.

> "ദാവീദിനെ കാത്തു നിന്ന് രാവിലെ കൊന്നു കളയേണ്ടതിന് ശൗൽ അവന്റെ വീട്ടിലേക്ക് ദൂതന്മാരെ അയച്ചു, ദാവീദിന്റെ ഭാര്യയായ മീഖൾ അവനോട്: ഈ രാത്രിയിൽ നിന്റെ ജീവനെ രക്ഷിച്ചു കൊണ്ടില്ലെങ്കിൽ നാളെ നിന്നെ കൊന്നു പോകും എന്നു പറഞ്ഞു.

> അങ്ങനെ മീഖൾ ദാവീദിനെ കിളിവാതിലിൽ കൂടി ഇറക്കി വിട്ടു, അവൻ ഓടിപ്പോയി രക്ഷ പ്പെട്ടു."
>
> 1 ശമുവേൽ 19 : 11 – 12

ശൗൽ രാജാവിന്റെ പടയാളികൾ വരുന്നതിന് മുമ്പ് ദാവീദ് രക്ഷപ്പെട്ടു കഴിഞ്ഞിരുന്നു. പക്ഷേ മീഖൾ ഒരു കുസൃ തി ചെയ്തു.

> "മീഖൾ ഒരു ബിംബമെടുത്ത് കട്ടിലിൻമേൽ കിടത്തി, അതിന്റെ തലയ്ക്ക് കോലാട്ടു രോമം കൊണ്ടുള്ള മൂടിയും ഇട്ട് ഒരു വസ്ത്രം കൊണ്ട് പുതപ്പിച്ചു."
>
> 1 ശമു : 19–13

> "ദാവീദിനെ പിടിപ്പാൻ ശൗൽ ദൂതന്മാരെ അയ ച്ചപ്പോൾ അവൻ ദീനമായി കിടക്കുന്നു എന്ന് അവൾ പറഞ്ഞു."
>
> 1 ശമുവേൽ : 19 : 14

ഒരു സൂത്രം പറഞ്ഞതാണ്.

> "എന്നാറെ ശൌൽ ഞാൻ അവനെ കൊല്ലേ ണ്ടതിന് കിടക്കയോടെ അവനെ എന്റെ അടു ക്കൽ കൊണ്ടുവരുവീൻ എന്ന് കൽപിച്ചു."
>
> 1 ശമുവേൽ 19:15

> "ദാവീദിനെ ചെന്നു നോക്കുവാൻ ദൂതന്മാരെ അയച്ചു. ദൂതന്മാർ ചെന്നപ്പോൾ കട്ടിലിന്മേൽ

ഒരു ബിംബം തലയ്ക്ക് കോലാട്ടു രോമം കൊണ്ടുള്ള മൂടിയുമായി കിടക്കുന്നതു കണ്ടു. എന്നാറെ ശൗൽ മീഖളിനോട്: നീ ഇങ്ങനെ എന്നെ ചതിക്കയും എന്റെ ശത്രു ചാടിപ്പോകുവാൻ അവനെ വിട്ടയയ്ക്കുകയും ചെയ്തത് എന്ത് എന്ന് ചോദിച്ചതിന്: എന്നെ വിട്ടയയ്ക്ക അല്ലെങ്കിൽ ഞാൻ നിന്നെ കൊല്ലും എന്ന് അവൻ എന്നോടു പറഞ്ഞു എന്ന് മീഖൾ ശൗലിനോട് പറഞ്ഞു."

1 ശമുവേൽ 19 : 16 – 17

മീഖൾ ദാവീദിനെ രക്ഷിച്ചു. മീഖളിന് മനസ്സിലായി, അപ്പൻ തന്റെ ഭർത്താവിനെ കൊല്ലും എന്ന്.

ദാവീദിന് ശൗലിന്റെ മകനായ യോനാഥാനുമായി വലിയ സ്നേഹമായിരുന്നു. ദാവീദ് യോനാഥാനോടു പറഞ്ഞു:

"....എന്നാൽ യഹോവയാണ, നിന്നാണ, എനിക്കും മരണത്തിനും മദ്ധ്യേ ഒരടി അകലം മാത്രമേ ഉള്ളൂ എന്ന് സത്യം ചെയ്ത് പറഞ്ഞു."

1 ശമു. 20 : 3

മരണം സുനിശ്ചിതമായി. ജീവിതം തീരാൻ പോവുകയാണ്, ഏതു നിമിഷത്തിലും രാജാവിന്റെ പടവാൾ കഴുത്തിൽ വന്ന് പതിയും. സംശയമില്ല. ദാവീദ് നിരാശ പൂണ്ട്, സകല പ്രതീക്ഷയും മങ്ങി, അത്യന്തം ഹൃദയഭാരത്തോടെ പറയുകയാണ്: "എനിക്കും മരണത്തിനും മദ്ധ്യേ ഒരടിയ

കലം മാത്രമേയുള്ളൂ."

ഇതുപോലുള്ള വൈരാഗ്യത്തിന്റെ ഭീകരമായ ആക്രമണങ്ങൾ ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചു പേടിച്ചു കഴിയുന്നവരുണ്ടോ ഈ വാക്കുകളെ വായിക്കുന്നവർ ആരെങ്കിലും. എന്നെ വക വരുത്തും എന്ന ഭയത്തോടെ, ഭീതിയോടെ ആശങ്കാകുലരായി കഴിയുന്ന ആരെങ്കിലും ഉണ്ടോ?

മാരകമായ രോഗം വന്നു കഴിഞ്ഞു പ്രതീക്ഷയില്ല. ആശയില്ല, എത്ര പെട്ടെന്നാണ് ഈ രോഗം വന്നത്.

അയ്യോ എനിക്ക് ഏറെ നാൾ ആയുസ്സില്ലല്ലോ, എന്റെ ജീവിതം തീരാൻ പോകുന്നല്ലോ, ഭാരത്തോടെ ഞരങ്ങിക്കൊണ്ട് കഴിയുന്നവർ ആരെങ്കിലും ഈ വാക്കുകളെ വായിക്കുന്നുണ്ടോ? മരണം മുന്നിൽ കണ്ടുകൊണ്ട് മരണഭീതിയോടെ ആകുല മനസ്കരായി കഴിയുന്നവർ. ആരെങ്കിലും ഈ വാക്കുകളെ വായിക്കുന്നുണ്ടോ?

മരണം ഏതു നിമിഷത്തിലും വരാവുന്നതാണ്. ഇന്ന വിധത്തിലേ മരണം വരൂ എന്ന് പറയാനൊക്കുകയില്ല, ഇന്നപ്പോഴേ മരണം വരൂ എന്ന് പറയാനൊക്കുകയില്ല. മരണം മനുഷ്യന്റെ ഏറ്റവും ഒടുവിലത്തെ ശത്രുവാണ് എന്ന് തിരുവചനം തന്നെ പറയുന്നുണ്ട്.

എന്നാൽ മരണത്തെ വെല്ലുവിളിക്കാൻ ലോക ചരിത്രത്തിൽ ഒരാൾക്ക് കഴിഞ്ഞു. മരണത്തിന്റെ മേൽ ജയഭേരി മുഴക്കിക്കൊണ്ട്:

> "ഹേ മരണമേ നിന്റെ ജയം എവിടെ? ഹേ മരണമേ. നിന്റെ വിഷമുള്ളെവിടെ?"
>
> 1 കൊരി 15 : 55

എന്ന് വെല്ലുവിളിച്ചുകൊണ്ട് കർത്താവായ യേശു ക്രിസ്തു ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നു. യേശുക്രിസ്തുവിന്റെ കല്ലറ ഒഴിഞ്ഞ കല്ലറയാണ്. ക്രിസ്തുവിന്റെ മരണം മരണത്തിന്റെ മരണമാണ്.

നമുക്ക് നിത്യജീവൻ തരുവാനായി ക്രിസ്തു മരണം രുചി നോക്കി. നിത്യസ്വർഗ്ഗം നമുക്ക് തരുവാനായി അവിടുന്ന് നരകദുരിതം ഏറ്റു വാങ്ങി.

മുപ്പത്തി മൂന്നര കൊല്ലം കർത്താവ് ഈ ഭൂമിയിൽ ജീവിച്ചപ്പോൾ, ഒടുവിലത്തെ മൂന്നരകൊല്ലം പരസ്യമായി ശുശ്രൂഷ ചെയ്ത് യഹൂദ്യ നാടുകളിൽ കൂടി സഞ്ചരിച്ചു. അവിടുന്ന് ചെന്നിടത്തെല്ലാം സ്നേഹം മാത്രം ചൊരിഞ്ഞു, കരുണ മാത്രം പകർന്നു. എവിടെ വേദനയുണ്ടോ അവിടെ യേശു ക്രിസ്തു വേദന മാറ്റിക്കൊടുത്തു. എവിടെ രോഗമുണ്ടോ അവിടെ യേശുക്രിസ്തു രോഗം സൗഖ്യമാക്കി കൊടുത്തു. എവിടെ ദുഃഖവും ആകുലതയും ഉണ്ടോ. അവിടെ യേശു ശാന്തിയും സമാധാനവും ചൊരിഞ്ഞു കൊടുത്തു.

യേശു ചെന്ന വീടുകളിലൊക്കെയും സമാധാനം, ജീവൻ. യേശു ചെന്ന വീടുകളിലൊക്കെയും ശാന്തി, സന്തോഷം. യേശു അടുത്ത വ്യക്തികൾക്ക് ഒക്കെയും സൗഖ്യം, സമാധാനം.

യേശുക്രിസ്തു ഒരു മതം സ്ഥാപിച്ചില്ല. യേശുക്രിസ്തു തത്വചിന്തകൾ പറഞ്ഞില്ല. യേശുക്രിസ്തു ഒരു പുസ്തകം എഴുതിയില്ല. യേശുക്രിസ്തു ഒരു ഗാനം എഴുതിയില്ല.

എന്നാൽ യേശുക്രിസ്തുവിനെ കുറിച്ച് എഴുതിയ പുസ്തകങ്ങൾ വിശ്വസാഹിത്യത്തിലെ ശ്രേഷ്ഠ ഗ്രന്ഥങ്ങ

ളാണ്. യേശു ക്രിസ്തുവിനെ കുറിച്ച് പാടിയ കീർത്തനങ്ങൾ ലോകത്തിലെ സംഗീത സദസ്സുകളിലൊക്കെയും അവേശ മാണ്. യേശുക്രിസ്തുവിനെ കുറിച്ച് പാടിയ പാട്ടുകൾ, അവ ഇന്ന് ലോകമെമ്പാടും പ്രചരിക്കുന്നു. യേശുക്രിസ്തുവിനെ വാഴ്ത്തി പ്രകീർത്തിക്കുന്നതായ കീർത്തനങ്ങളും സ്തുതി സ്തോത്ര ഗീതങ്ങളും ഇന്ന് മനുഷ്യമനസ്സുകളെ കോൾമ യിർക്കൊള്ളിക്കുന്നു.

ക്രിസ്തു അനേകം ജീവിതങ്ങൾക്ക് ശാന്തി പകർന്നു കൊടുക്കുന്നു. അനേകം രോഗികളുടെ അവശത മാറ്റുന്നു. അനേകം കുടുംബങ്ങളിലേക്ക് സമാധാനം പാകിത്തരുന്നു. അനേകം ജീവിതത്തെ ആനന്ദനിർഭരമായ അന്തരീക്ഷത്തി ലേക്ക് കുതിച്ചുയരുമാറാക്കുന്നു.

"എനിക്കും മരണത്തിനും മദ്ധ്യേ ഒരടി അകലം മാത്ര മേയുള്ളൂ" എന്നു പറഞ്ഞ ദാവീദിനെ കുറിച്ച് ജീവനുള്ള ദൈവത്തിന് ഉന്നതമായ പ്രതീക്ഷകളാണ് ഉണ്ടായിരുന്നത്. സ്വന്തം സഹോദരങ്ങൾപോലും ദാവീദിനെ ഒറ്റപ്പെടുത്തി; പരിഹസിക്കുകയും, നിന്ദിക്കുകയും തുച്ഛീകരിക്കുകയും ചെയ്തു.

ഒരിക്കൽ ഒരു മഹാസൈന്യം ദാവീദിന് എതിരെ വന്നു. ഫെലിസ്ത്യ സൈന്യം ദാവീദിനെ കൊല്ലുവാൻ തക്കം നോക്കി നടന്നു. അമാലേക്യർ ദാവീദിനെ പിടി കൂടാൻ വന്നു.

പക്ഷേ, ജീവനുള്ള ദൈവം ദാവീദിന് തുണയായി നിന്നു. ദൈവം ദാവീദിനെക്കൊണ്ട് ഉദ്ദേശിച്ചതെല്ലാം, പ്രതീക്ഷിച്ചതെല്ലാം നിവൃത്തിയാകുവോളം ആയുസ്സ് നീട്ടിക്കൊടുത്തു.

ദാവീദിന്റെ ജീവിതത്തിൽ പോരായ്മകൾ വന്നു. മഹാ പാപങ്ങൾ വന്നു. എന്നാൽ അവിടേയും ദൈവം തന്റെ പ്രവാചകനെ അയച്ച് ദാവീദിന് കുറ്റബോധം കൊടുത്തു. പാപബോധം കൊടുത്തു.

സ്നേഹിതരേ, നിങ്ങളാരും തളരരുത്. നിങ്ങളാരും വാടരുത്, നിങ്ങളാരും എന്റെ കാര്യം തീർന്നല്ലോ എന്ന് ചിന്തിക്കരുത്. എല്ലാം തീർന്നു, chapter close ചെയ്തു എന്ന് നിങ്ങളാരും നിരൂപിക്കരുത്. അടഞ്ഞ അധ്യായം എന്ന് നിങ്ങളാരും പറയരുത്. chapter close ചെയ്യാൻ സ്വർഗ്ഗത്തിലെ ദൈവം തിരുമനസ്സായാൽ മാത്രമേ സാധിക്കൂ.

ആരെല്ലാം ശത്രുത്വത്തോടെ എതിർത്തു വന്നാലും ഒരു ശത്രുവിനും നിങ്ങളെ തൊടാൻ സാധ്യമല്ല. ജീവനുള്ള ദൈവം അനുവദിക്കാതെ ആരും നിങ്ങളെ തൊടുകയില്ല.

എലീശാ പ്രവാചകനെ പിടികൂടാൻ അരാം സൈന്യം വന്നു. എലീശാ പ്രവാചകന്റെ ജീവൻ ഹനിക്കാൻ വേണ്ടി, അരാം സൈന്യം വന്ന് പ്രവാചകന്റെ വീടിന്റെ ചുറ്റും പാളയമിറങ്ങി.

പ്രവാചകശിഷ്യൻ രാവിലെ എഴുന്നേറ്റു നോക്കുമ്പോൾ, വലിയോരു സൈന്യം ചുറ്റും വന്ന് പാളയമിറങ്ങിയിരിക്കുകയാണ്. പ്രവാചകനെ കൊല്ലാൻ, അരാം സൈന്യം മുഴുവൻ വന്ന് അണിനിരന്നിരിക്കുകയാണ്.

അരാം രാജാവ് സിറിയൻ രാജാവാണ്. വീരശൂര പരാക്രമിയായ രാജാവാണ്. അനേകമനേകം സൈന്യമുണ്ട്, പടത്തലവന്മാരുണ്ട്, പടയാളികളുണ്ട്, സേനാവിഭാഗമുണ്ട്, എല്ലാവരും വന്ന് പ്രവാചകന്റെ വീടിന് ചുറ്റും പാളയമിറങ്ങിയിരിക്കുന്നു.

പ്രവാചക ശിഷ്യൻ അമ്പരന്നു. പ്രവാചക ശിഷ്യൻ വിറച്ചുകൊണ്ട് പ്രവാചകന്റെ അടുക്കലേക്ക് ഓടി വന്നു, നില വിളിച്ചു.

എലീശാ പ്രവാചകൻ പറഞ്ഞു:

> "…..പേടിക്കേണ്ട, നമ്മോടു കൂടെയുള്ളവർ അവരോടു കൂടെയുള്ളവരെക്കാൾ അധികം."
>
> 2 രാജാ 6 : 16

ശിഷ്യൻ നോക്കി. അവനാരേയും കാണുന്നില്ല. അരാം സൈന്യത്തെ മാത്രമേ കാണുന്നുള്ളൂ. മഹാസൈന്യം പാളയമിറങ്ങിയിരിക്കുന്നു. പ്രവാചകൻ പ്രാർത്ഥിച്ചു:

> "കർത്താവേ ഇവന്റെ കണ്ണൊന്ന് തുറന്ന് കൊടുക്കണമേ."
>
> 2 രാജാ. 6:17

എന്തൊരത്ഭുതം! ശിഷ്യന്റെ കണ്ണ് തുറന്നു.

അഗ്നിത്തേരുകളും, അഗ്നിക്കുതിരകളും അണി നിരന്നു നിൽക്കുന്നു. അരാം സൈന്യത്തിന്റെ ഇപ്പുറത്ത് തീ കൊണ്ടുള്ള തേരുകളും കുതിരകളും.

ദാവീദ് രാജാവ് ഒരിക്കൽ പാടി:

> "യഹോവയുടെ ദൂതൻ അവന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു."
>
> സങ്കീ. 34 : 7

ദൈവത്തിന്റെ മാലാഖ കാക്കുന്നു, ദൈവത്തിന്റെ

ദൂതൻ സംരക്ഷിക്കുന്നു. യഹോവയുടെ ദൂതൻ അവന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു. ആയുസ്സു നീട്ടിത്തരുന്നു.

മരണത്തിൽ നിന്ന് ദൈവം ഏലീശാ പ്രവാചകനെ രക്ഷിച്ചു. മരണ വാതിലുകളിൽ നിന്ന് ദൈവം ദാവീദിനെ വിടുവിച്ചു.

> "ദൈവം നമുക്ക് ഉദ്ധാരണങ്ങളുടെ ദൈവമാകുന്നു, മരണത്തിൽ നിന്നുള്ള നീക്കുപോക്കുകൾ കർത്താവായ യഹോവയ്ക്കുള്ളതു തന്നെ."
>
> സങ്കീ. 68:20

> "മരണവാതിലുകളിൽ നിന്ന് എന്നെ ഉദ്ധരിക്കുന്നവനേ, എന്നെ പകയ്ക്കുന്നവരാൽ എനിക്ക് നേരിടുന്ന കഷ്ടം നോക്കേണമേ."
>
> സങ്കീ. 9:13

## നാല്

"ആ കാലത്ത് ഹിസ്കിയാവിന് മരിക്കത്തക്ക രോഗം പിടിച്ചു, ആമോസിന്റെ മകനായ യെശയ്യാ പ്രവാചകൻ അവന്റെ അടുക്കൽ വന്ന് അവനോട്: നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക, നീ മരിച്ചു പോകും, സൗഖ്യമാകയില്ല എന്ന് യഹോവ അരുളിച്ചെയ്യുന്നു എന്ന് പറഞ്ഞു."

യെശ 38 : 1

ഹിസ്ക്കീയ രാജാവ് കൊട്ടാരത്തിൽ രോഗശയ്യയിൽ കിടക്കുകയാണ്. രാജാവിന്റെ അടുക്കലേക്ക് സ്വർഗ്ഗത്തിലെ ദൈവം തന്റെ പ്രവചകനെ പറഞ്ഞയച്ചു.

എക്കാലത്തും ദൈവം തന്റെ പ്രിയപ്പെട്ടവരെ അറിയിക്കാനുള്ള സന്ദേശം തന്റെ പ്രവാചകന്മാരെയാണ് ഭരമേൽപ്പി

ക്കുന്നത്.

ദൈവം വ്യക്തമായി ഒരു അറിയിപ്പ്, അരുളപ്പാട് ഭരമേൽപിച്ചാണ് പ്രവാചകനെ കൊട്ടാരത്തിലേക്ക് അയച്ചത്. പ്രവാചകൻ കൊട്ടാരത്തിൽ ചെന്നിട്ട് രാജാവിന്റെ രോഗശയ്യയുടെ അരികത്തു നിന്ന് പറഞ്ഞു:

> "........... നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക, നീ മരിച്ചു പോകും, സൗഖ്യമാകയില്ല എന്ന് യഹോവ അരുളിച്ചെയ്യുന്നു."
>
> യെശ. 38:1

ഇംഗ്ലീഷ് ബൈബിളിൽ "Set your affairs in order and prepare to die" എന്നാണ് കാണുന്നത്.

നിന്റെ കാര്യങ്ങളെല്ലാം ഒന്ന് order –ൽ ആക്കൂ മരിക്കാൻ ഒരുങ്ങൂ.

രാജാക്കന്മാരുടെ രണ്ടാം പുസ്തകത്തിൽ ഇപ്രകാരം കാണുന്നു: ആമോസ് പ്രവാചകൻ ഹിസ്കീയാ രാജാവിനോട് പറഞ്ഞു:

> "നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക, നീ മരിച്ചു പോകും, ശേഷിക്കയില്ല എന്ന് യഹോവ അരുളിച്ചെയ്യുന്നു."
>
> 2 രാജാ . 20 : 1

ശേഷിക്കുകയില്ല, സൗഖ്യമാവുകയില്ല "Set your affairs in order and prepare to die"

മരണം എപ്പോഴാണ് സമീപിക്കുക എന്ന് നമുക്ക് അറി

ഞ്ഞുകൂടാ. അതുകൊണ്ട് ജീവിതം വേഗം ക്രമപ്പെടുത്തുക.

Joseph Stalin റഷ്യൻ ഭരണ കർത്താവായിരുന്നു. അദ്ദേഹം മരണത്തോടടുത്തപ്പോൾ കാണിച്ച വലിയ വെപ്രാളങ്ങളും, ഭയപ്പാടുകളും അദ്ദേഹത്തിന്റെ പുത്രിയായ Swetlana Stalin രേഖപ്പെടുത്തിയിട്ടുണ്ട്.

“അപ്പൻ മരിക്കാറായപ്പോൾ കാണിച്ച പ്രയാസങ്ങളും പരിഭ്രാന്തിയും ഭയപ്പാടും വാക്കുകളെകൊണ്ട് വർണ്ണിക്കാൻ സാധ്യമല്ല. എന്തൊരു പരിഭ്രമമായിരുന്നു! എന്തൊരു അമർഷമായിരുന്നു! പലപ്പോഴും, പരസ്പരം കൈ രണ്ടും കൂട്ടിപ്പിരിച്ച് ഞെരിക്കുകയും പല്ലിറുമ്മുകയും ചെയ്തുകൊണ്ടിരുന്നു. പലപ്പോഴും തലമുടി വലിച്ച് പറിച്ചുകൊണ്ടിരുന്നു. ഉച്ചത്തിൽ ഗർജ്ജിക്കുകയും അട്ടഹസിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഉച്ചത്തിൽ ആക്രോശിക്കുകയും ആരെയെല്ലാമോ ചീത്തവിളിക്കുകയും ചെയ്തുകൊണ്ടിരുന്നു. ആ അവസാന സമയത്ത് കണ്ടുനിൽക്കാൻ വയ്യായിരുന്നു. അത്ര ഭയങ്കരമായ ഒരു അന്ത്യമായിരുന്നു അപ്പന്റേത്.”

എത്രയോ, ആളുകളെ നിഷ്ഠൂരമായി കൊലചെയ്ത Joseph Stalin, റഷ്യൻ ഭരണകർത്താക്കളിൽ ഏറ്റവും ക്രൂരനായി അറിയപ്പെട്ടിരുന്നു. അദ്ദേഹം മരണത്തോട് അടുത്തപ്പോൾ ഭയാക്രാന്തനായി, പരിഭ്രാന്തനായി കാണപ്പെട്ടു.

ഒരാൾ രാവിലെ പത്രം വായിച്ചുകൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്ന് ഒന്നു ഞെട്ടി. ചരമ വാർത്തകളാണ് വായിച്ചു കൊണ്ടിരുന്നത്. അദ്ദേഹത്തിന്റെ ഫോട്ടോ പത്രത്തിൽ വന്നിരിക്കുന്നു. മരിച്ചുപോയി എന്ന് ചരമ വാർത്തകളിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു. പക്ഷെ അദ്ദേഹം ജീവനോടുകൂടി

ഉണ്ട്. അദ്ദേഹത്തിന്റെ ഫോട്ടോയാണ് പത്രത്തിൽ വന്നത്.

സ്വീഡനിലാണ്, മരിച്ചുപോയവരുടെ കൂടെ അദ്ദേഹത്തിന്റെ ഫോട്ടോ! താഴെ എഴുതിയിരിക്കുന്നു. Alfred Nobel, പ്രസിദ്ധനായ Chemist, പ്രസിദ്ധനായ ഒരു രസതന്ത്ര ശാസ്ത്രജ്ഞൻ.

താഴെ എഴുതിയിരിക്കുകയാണ്: ചരമക്കുറിപ്പ്. ഇദ്ദേഹം മനുഷ്യരെ കൂട്ടത്തോടെ കൊല്ലാനുള്ള 'ഡൈനാമിറ്റ്' കണ്ടുപിടിച്ച Chemist. ആണ്. അനേകം ആളുകളെ കൂട്ടത്തോടെ കൊല്ലാൻ ഉള്ള explosive കണ്ടുപിടിച്ചു, പൊട്ടിത്തെറി ഉളവാക്കുന്നതായ സ്ഫോടകവസ്തുക്കൾ കണ്ടുപിടിച്ച ഒരു Chemist.

അതുകൊണ്ട് ധാരാളം സമ്പാദിച്ചു. കോടിക്കണക്കിന് സ്വത്തിന്റെ ഉടമയായി. അദ്ദേഹം കടന്നുപോയി.

Nobel ഞെട്ടിപ്പോയി. അദ്ദേഹം ഓർത്തു. എന്നെക്കുറിച്ചു മരണശേഷം ലോകം അറിയാൻ പോകുന്നത് ഇങ്ങനെയല്ലേ. കൂട്ടത്തോടെ ജനത്തെ കൊല്ലാനുള്ള വിദ്യ കണ്ടുപിടിച്ച ഒരു മനുഷ്യൻ, രസതന്ത്രത്തിലുള്ള അറിവ് കൊണ്ട്, രൂപയുണ്ടാക്കി. പക്ഷേ, പതിനായിരങ്ങളെയല്ല, ലക്ഷോപലക്ഷം ജനത്തെ ഒരുമിച്ച് കൊല്ലാനുള്ള സ്ഫോടക വസ്തുക്കളാണ് കണ്ടുപിടിച്ചത്. എന്റെ ജീവിതം വ്യർത്ഥമായല്ലോ എന്നദ്ദേഹം ഓർത്തു.

അദ്ദേഹത്തിന്റെ തന്നെ ചാർച്ചയിൽപെട്ട ഒരാളുടെ മരണവാർത്ത തെറ്റി പ്രസിദ്ധീകരിച്ചതാണ്. പക്ഷേ Nobel നെ കുറിച്ചുള്ള വിവരണം ശരിയായിരുന്നു.

Nobel ചിന്തിച്ചു. മരിച്ചതിനു ശേഷം എന്നെക്കുറിച്ച്

ജനമറിയാൻ പോകുന്നത് ഇങ്ങനെയല്ലേ? ദുഷ്കൃത്യങ്ങൾ ചെയ്ത് പണം സമ്പാദിച്ച ഒരു മനുഷ്യൻ.

അദ്ദേഹം തീരുമാനിച്ചു. ഇപ്പോൾ ഉള്ള രൂപ മുഴുവനും തലമുറകൾ തലമുറകൾ കഴിഞ്ഞാലും കൊഴിഞ്ഞു പോകാത്ത നന്മയ്ക്കായി ചിലവഴിക്കും. അങ്ങനെ ഉണ്ടായതാണ് 'Nobel Prize' നോബൽ സമ്മാനം.

അവസാന നാളിൽ തിരിഞ്ഞുനോക്കി, നാം നിരാശരാകാൻ ഇടവരരുത്. പലരേയും വേദനിപ്പിച്ചിട്ടുണ്ട്. സ്വന്തം കുടുംബത്തിൽ തന്നെ മക്കളെ അസഹ്യമായ വേദനയിലാക്കിയിട്ടുണ്ട്. ഭാര്യയെ നൊമ്പരപ്പെടുത്തിയിട്ടുണ്ട്. ഭർത്താവിനെ മുറിവേൽപ്പിച്ചിട്ടുണ്ട്, ഹൃദയത്തിലെങ്കിലും.

കൊലപാതകങ്ങൾ നടത്തിയിട്ടില്ലേ? വാടകക്കൊലകൾ നടത്തിയിട്ടില്ലേ? കൂലിത്തല്ലുകൾ നടത്തിയിട്ടില്ലേ? റാംഗിംഗ് നടത്തിയിട്ടില്ലേ? എത്രയെത്ര കുരുന്നു ഹൃദയങ്ങളെ നൊമ്പരപ്പെടുത്തിയിട്ടുണ്ട്?

സ്നേഹിതാ, ചിന്തിക്കൂ, എത്രയെത്ര ജീവിതങ്ങളെ ഉപദ്രവിച്ചിട്ടുണ്ട്! എത്രയോ പേരെ സ്വഭാവഹത്യ ചെയ്തിട്ടുണ്ട്! ചിലരെ സൽപേരില്ലാതാക്കി മാറ്റാൻ നിങ്ങളാൽ ആവതു ചെയ്തിട്ടില്ലേ, കുതന്ത്രങ്ങൾ മെനഞ്ഞിട്ടില്ലേ? ക്രൂരപ്രവൃത്തികൾ ചെയ്തിട്ടില്ലേ? നിഷ്ഠൂരതകൾ നിങ്ങളുടെ ജീവിതത്തിൽ വന്നിട്ടില്ലേ? നിങ്ങൾ കുൽസിത മാർഗ്ഗങ്ങൾ പിൻതുടർന്നിട്ടില്ലേ?

നാടൻ ഭാഷയിൽ പറഞ്ഞാൽ "കണ്ണിൽ ചോരയില്ലാതെ" പലതും ചെയ്തിട്ടില്ലേ? "അറുത്ത കൈയ്ക്ക് ഉപ്പിടില്ല" എന്ന് പറയുന്നതുപോലെ നിഷ്ഠൂരമായും, കരുണയില്ലാതെയും

ആർദ്രതയില്ലാതെയും പെരുമാറിയിട്ടില്ലേ?

സ്നേഹിതരെ, ചിന്തിക്കൂ, നമ്മുടെ ജീവിതത്തിൽ അന്ത്യ കാലത്ത് ഇവയോരോന്നും നമ്മുടെ നേരെ തുറിച്ച് നോക്കു കയില്ലയോ? നമ്മുടെ ജീവിതത്തിൽ വന്നിട്ടുള്ളതായ ദുഷ്കൃതങ്ങൾ, പാപങ്ങൾ, തിന്മകൾ, നമ്മെ ഭീതിപ്പെടുത്തു കയില്ലയോ?

മരണത്തിന്റെ ഒടുവിലത്തെ വിനാഴികയിലേക്ക് അടു ത്തടുത്തു വരുമ്പോൾ, എന്തെല്ലാം ഓർമ്മകൾ ഓടി വരാൻ സാധ്യതയുണ്ട്? മാഞ്ഞുപോയോ നിന്റെ ജീവിതത്തിലെ പാപങ്ങൾ? നിന്റെ നിഷ്ഠൂരതകളുടെ ഭയാനകമായ പാടു കളും, കേടുകളും, പോടുകളും മാഞ്ഞുപോയിട്ടുണ്ടോ? നിന്റെ ജീവിതത്തിലെ തിന്മകൾ കർത്താവ് ക്ഷമിച്ചു തന്നു എന്നുള്ള ഉറപ്പ് നിനക്ക് കിട്ടിയോ? ക്രിസ്തുവിന്റെ തിരുര ക്തത്താലുള്ള കഴുകൽ നീ പ്രാപിച്ചുവൊ? നിന്റെ ഗൃഹ കാര്യം നീ ക്രമത്തിലാക്കിയോ?

"Set your affairs in order and prepare to die" നിന്റെ കാര്യ ങ്ങളൊക്കെയും വേഗം നീ order –ൽ ആക്കൂ; ഏതു നിമി ഷത്തിൽ കടന്നുപോയാലും രാജാധിരാജന്റെ തിരുസന്നിധി യിലേക്ക് കടന്നുചെല്ലുവാനും, കരുണയുള്ള കർത്താവിന്റെ പാദം മൊത്തുവാനുമുള്ള വക നീ സമ്പാദിച്ചുവോ?

നിന്റെ ജീവിതത്തിൽ നീ എന്ത് നേടി? നിത്യതയിലേ ക്കുള്ള മുതൽകൂട്ട് ഇന്ന് നിന്റെ കൈവശമുണ്ടോ?

France ലാണ് ഒരു കൊച്ചു കുടുംബം. വിധവയായ അമ്മ. അമ്മയ്ക്ക് രണ്ട് മക്കൾ, മൂത്തമോൻ France ലാണ്. ഇളയ മോൻ England ലാണ്. English chanel കടന്നാൽ മതി

വീട്ടിലെത്താൻ.

എന്നാൽ വളരെ അവിചാരിതമായി മൂത്ത മകൻ മരിച്ചുപോയി. മൂത്ത മോൻ അമ്മയ്ക്ക് താങ്ങും തണലുമായി കുടുംബത്തിൽ നിന്നവനായിരുന്നു.

ഇളയമോൻ വന്നു. ശവസംസ്കാരം എല്ലാം കഴിഞ്ഞു. leave കഴിഞ്ഞ് അവന് പോകണമല്ലോ. “അമ്മേ, ഞാൻ പോകട്ടെ അമ്മയ്ക്ക് ഒരു കാര്യം ചെയ്യാമോ? അമ്മയെ ഞാനങ്ങ് കൊണ്ടുപോകാം. അമ്മ എന്റെ കൂടെ പോരാമോ?”

എന്റെ മോനേ, ഞാൻ ഇത്രയും കാലം ജീവിച്ച ഈ വീട്ടിൽ നിന്ന് ഞാൻ പോരുന്നില്ല, നീ പൊയ്ക്കോ. നിനക്ക് പോകേണ്ട സമയത്ത് നീ പൊയ്ക്കോ.

അമ്മേ, അമ്മ ഒറ്റയ്ക്കിവിടെ താമസിക്കണ്ട. എനിക്ക് ജോലിക്ക് പോകാതിരിക്കാൻ പറ്റുകയില്ലല്ലോ, ഞാൻ പോകട്ടെ.

മോനെ നീ പൊയ്ക്കോ, ഞാൻ നിന്റെ കൂടെ പോരുന്നില്ല.

അല്ല, അമ്മ എന്റെ കൂടെ വരണം.

മോനെ, ഞാൻ പറഞ്ഞില്ലേ, ഞാൻ ഇവിടെ കഴിഞ്ഞോളാം. ഞാൻ ദൈവത്തിൽ ആശ്രയിച്ച് കഴിഞ്ഞോളാം. നിന്റെ അപ്പൻ എന്റെ കൂടെയില്ല. ചേട്ടനും കടന്നുപോയി. നീ ഇപ്പോൾ ജോലിക്ക് പോവുകയാണ്. ഞാൻ ഒറ്റയ്ക്കാണ് എന്നല്ലേ നിന്റെ പേടി. വിഷമിക്കണ്ട. യേശു എന്റെ കൂടെയുണ്ട്. നീ പേടിക്കണ്ട. നീ പൊയ്ക്കോ.

അമ്മ വിശ്വാസിയായിരുന്നു. അമ്മ ക്രിസ്തുവിന്റെ തിരു രക്തത്താൽ വീണ്ടെടുക്കപ്പെട്ട ദൈവ പൈതലായിരുന്നു. അമ്മ ആത്മാവിന്റെ ധൈര്യവും, ഉറപ്പും കിട്ടിയ ദൈവ പൈതലായിരുന്നു. അമ്മ 'രക്ഷിക്കപ്പെട്ട ദൈവപൈ തലാ'യിരുന്നു.

അമ്മ, ക്രിസ്തുയേശുവിന്റെ തിരുരക്തത്താൽ വീണ്ടെ ടുക്കപ്പെട്ട ദൈവപൈതലായിരുന്നു. വീണ്ടും ജനനം അനു ഭവിക്കുന്ന ഒരു ദൈവപൈതലായിരുന്നു.

മോൻ പോയി. കൂടെകൂടെ അവൻ വിളിക്കും. അമ്മയ്ക്ക് മോൻ വിളിക്കുന്നത് വലിയ സന്തോഷമാണ്.

വിളിക്കുമ്പോൾ ഒക്കെ പറയും. "അമ്മേ അമ്മ ഒന്നിങ്ങു വാ. എനിക്ക് പെട്ടെന്നങ്ങ് വരാൻ പറ്റുമോ? അമ്മയിങ്ങു വാ. "

മോൻ ഇങ്ങനെ നിർബ്ബന്ധിച്ചതുകൊണ്ട് കുറച്ചു ദിവ സത്തേക്ക് പോയി അവന്റെ കൂടെ താമസിക്കാം എന്ന് അമ്മ സമ്മതിച്ചു. English chanel കടക്കാൻ അന്ന് ബോട്ടു വേണം. ബോട്ടിൽ കയറി.

ബോട്ട് ഏതാണ്ട് English chanel ന്റെ നടുക്കെത്തി. പെട്ടെ ന്നാണ് ബോട്ടിന് ഒരു അപകടം. ബോട്ട് മുങ്ങാൻ തുടങ്ങു കയാണ്. എല്ലാവരും വലിയ അങ്കലാപ്പിലായി, എല്ലാവരും കരയുകയാണ്. അമ്മയ്ക്ക് മാത്രം ഒരു കൂസലുമില്ല.

ബോട്ടിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥൻ ചോദിച്ചു. നിങ്ങ ളെന്താണ് ഒരു കൂസലുമില്ലാതിരിക്കുന്നത്? എല്ലാവരും കര യുന്നത് കേട്ടില്ലേ? എല്ലാവരും പ്രാർത്ഥിച്ചു കൊണ്ടിരിക്കു ന്നത് കണ്ടില്ലേ?

ഞാനും പ്രാർത്ഥിക്കുന്നുണ്ട്. പക്ഷേ എനിക്ക് പേടിയില്ല.

അതെന്താ? ഈ ബോട്ടിന്റെ കേട് തീർന്ന് ഞാൻ അക്കരെ എത്തിയാൽ എന്റെ ഇളയ മോനവിടെ ഉണ്ട്? അല്ല, ഈ ബോട്ട് മുങ്ങി ഞാൻ English chanel –ൽ മരിച്ചാൽ കർത്താവിന്റെ അടുത്ത് എന്റെ മൂത്ത മോനുണ്ട്. രണ്ടായാലും ഞാൻ ഭാഗ്യവതിയാണ്. എന്റെ ജീവിതത്തിൽ യേശുവിന്റെ അരികിലേക്ക് പോകാൻ ഞാൻ ഒരുങ്ങിയിട്ടുണ്ട്. എന്റെ മോനവിടെ നേരത്തേ പോയിട്ടുണ്ട്. ഞാൻ അങ്ങോട്ട് ചെല്ലും.

ദൈവമക്കളേ, ഇതാണ് ഉറപ്പ്. ഇതാണ് ഗൃഹകാര്യം ക്രമത്തിലാക്കുക എന്ന് പറയുന്നത്. നിങ്ങളുടെ ജീവിതത്തിൽ ഈ ഉറപ്പ് കിട്ടിയിട്ടുണ്ടോ? നിങ്ങളുടെ പാപങ്ങൾ ക്ഷമിച്ച് കിട്ടിയിട്ടുണ്ടോ? നിങ്ങളുടെ അകൃത്യങ്ങൾ മറച്ചു കിട്ടിയോ?

ജീവനുള്ള ദൈവത്തിന്റെ വചനം കേട്ട്, വചനപ്രകാരം ജീവിക്കാൻ നീ സമർപ്പണം എടുത്തുവോ?

കർത്താവായ യേശുക്രിസ്തുവിന്റെ വചനം, ആത്മാക്കളെ വീണ്ടെടുക്കുന്ന വചനം, പാപിയെ വീണ്ടെടുത്ത് വിശുദ്ധനാക്കുന്ന വചനം, അശുദ്ധനെ ശുദ്ധീകരിച്ചെടുക്കുന്ന വചനം, നീ ആർത്തിയോടെ കേൾക്കാറുണ്ടോ? വചനം നിനക്ക് ജീവനാണോ? വചനം നിനക്ക് തേനിലും തേൻ കട്ടയിലും മധുരമാണോ?

വചനമാകുന്ന റൂഹാ, വചനമാകുന്ന ആത്മാവ് നിന്നെ നിരന്തരം വഴി നടത്തുന്നുണ്ടോ? വചനത്തിൽനിന്ന് 'കടു

കിട' മാറാതെയാണോ നിന്റെ ജീവിതം?

അതോ, നീ  ഇന്നും പാപത്തിൽ മുഴുകി കഴിയുകയാണോ? ഇന്നും ലോക ഇമ്പങ്ങളിൽ രസിച്ച് കഴിയുകയാണോ. വെറിക്കൂത്തിലും, ചീത്ത കൂട്ടുകെട്ടിലും നിന്റെ ആയുസ്സ് നീ പാഴാക്കിക്കൊണ്ടിരിക്കുകയാണോ?

കടന്നുപോയാൽ ദൈവരാജ്യത്തിൽ ചെല്ലും എന്നുള്ള ഉറപ്പ് നിനക്ക് കിട്ടിയോ? അതില്ലെങ്കിൽ നിന്റെ ജീവിതം നഷ്ടമല്ലേ?  നിന്റെ ജീവിതം പാഴായിപ്പോയില്ലേ? നേടേണ്ടത് നേടിയോ? നിലനിൽക്കുന്ന ഉത്തമസമ്പത്ത് നീ കൈവശമാക്കിയോ? അപ്പുറം ലോകത്തേക്ക്, ശവക്കുഴിയിൽ തീരാത്ത ലോകത്തേക്ക് കടന്നു ചെല്ലാൻ നീ ഒരുങ്ങിയോ?

ചൈനയിൽ ഒരാൾ മരിക്കാൻ കിടക്കുകയായിരുന്നു. അദ്ദേഹം സാമാന്യം ഭക്തനായ ഒരു മനുഷ്യനായിരുന്നു. വചനം കേൾക്കാൽ താത്പര്യമുള്ള ഒരാളായിരുന്നു. എന്നാൽ അദ്ദേഹം മരിക്കാറായപ്പോൾ, അദ്ദേഹത്തിന് പരിഭ്രമമായി. അദ്ദേഹം കരയാൻ തുടങ്ങി. കൂടെയുള്ളവർ പറഞ്ഞു: ക്രിസ്തുവിൽ പ്രത്യാശയില്ലേ, എന്തിനാ കരയുന്നത്?

അദ്ദേഹം പറഞ്ഞു.  “Lost, Lost, I am too late”  അയ്യോ ഞാൻ നഷ്ടപ്പെട്ടു, നഷ്ടപ്പെട്ടു, ഞാൻ വളരെ വൈകിപ്പോയി.

ഒരു ദൈവദാസൻ അരികത്തുചെന്ന് ചെവിയോട് ചേർത്ത് മുഖം പിടിച്ചിട്ട് ചോദിച്ചു. എന്താണ് ഈ പറയുന്നത്? രക്ഷ അനുഭവിച്ച ദൈവ പൈതലല്ലേ?  ജീവിതം സമർപ്പിക്കാൻ ഭാഗ്യം ലഭിച്ച ദൈവ പൈതലല്ലേ? പിന്നെ

എന്തു പറ്റി?

ഞാൻ ഒരു പാപം ഇതുവരേയും ഏറ്റു പറഞ്ഞിട്ടില്ല. വഴി വളരെ ഇടുക്കമായി ഞാൻ കാണുന്നു. അപ്പുറത്തേക്ക് കടക്കാനുള്ള വഴി വളരെ ഇടുക്കമായി ഞാൻ കാണുന്നു. അയ്യോ, എനിക്ക് അപ്പുറം കടക്കാൻ പറ്റുന്നില്ല.

Oh, I'am too late, ഞാൻ വളരെ വൈകിപ്പോയല്ലോ? Lost lost. I'am too late, അയ്യോ, ഞാൻ വളരെ വളരെ വൈകിപ്പോയല്ലോ?

ആ ദൈവദാസൻ ചേർന്നു നിന്നു. പറഞ്ഞുകൊടുത്തു. എന്താണ് നിങ്ങളുടെ ഭാരം? നിങ്ങളെ ഇപ്പോഴും വേട്ടയാടുന്ന പാപം എന്താണ്? തുറന്നു പറയൂ. കാത് ചേർത്ത് പിടിച്ചു.

ആ അവശനായി കിടക്കുന്ന ആൾ അപ്പോൾ പാപം ഏറ്റു പറഞ്ഞു. സങ്കടത്തോടെ അനുതാപത്തോടെ പാപം ഏറ്റ് പറഞ്ഞു.

ദൈവദാസൻ പ്രാർത്ഥിച്ചു. കർത്താവേ ഈ ദൈവപൈതലിന്റെ പാപം നീ ക്ഷമിച്ച് കൊടുക്കണമേ. കർത്താവേ നിന്റെ തിരുരക്തത്താൽ കഴുകിക്കൊടുക്കണമേ.

സംഭവിച്ചതെന്താണെന്നോ? പെട്ടെന്ന് മുഖം തെളിഞ്ഞു. ആനന്ദത്തോടെ പറഞ്ഞു:

ഇതാ വഴി വിശാലമായി, ഇടുക്കം മാറി, സന്തോഷമായി. ഞാൻ അക്കരയ്ക്ക് പോവുകയാണ്. ദൂതന്മാർ എന്നെ എതിരേൽക്കാൻ വരുന്നു. മാലാഖമാർ എന്നെ സ്വീകരിപ്പാൻ വരുന്നു. സ്വർഗ്ഗസേനകൾ എന്നെ കാത്തു നിൽക്കുന്നു.

സന്തോഷത്തോടെ, അപ്പുറം ലോകത്തേക്ക് കടന്നു പോകുന്നു എന്നുള്ള കൃതാർത്ഥതയോടെ, ഈ ലോകത്തോട് യാത്ര പറഞ്ഞു.

"നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക നീ മരിച്ചു പോകും, സൗഖ്യമാവുകയില്ല" എന്ന് ഹിസ്കീയാ രാജാവിനോട് യെശയ്യാവ് പറഞ്ഞു. ഹിസ്കീയാ രാജാവ് ഇരുന്ന് കരഞ്ഞു.

ധൂർത്തപുത്രൻ മടങ്ങിവന്നതുപോലെ ഇപ്പോൾ നിങ്ങൾക്ക് മടങ്ങി വരാം.

> "അപ്പാ, ഞാൻ നിന്നോടും സ്വർഗ്ഗത്തോടും പാപം ചെയ്തിരിക്കുന്നു. ഇനി നിന്റെ മകൻ എന്ന പേരിന് ഞാൻ യോഗ്യനല്ല, നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കേണമേ......."
>
> ലൂക്കോ. 15 : 18 – 19

ആ ധൂർത്തപുത്രൻ അപ്പന്റെ സ്വത്തെല്ലാം നശിപ്പിച്ച്, നാനാവിധമാക്കിക്കളഞ്ഞു. എല്ലാം ചെലവഴിച്ച് ക്ഷാമം വന്ന്, അവൻ അപ്പന്റെ വീട്ടിലേക്ക് ഓടി വരികയാണ്.

എല്ലാം തീർന്നപ്പോൾ സുബോധം വന്നു. അപ്പന്റെ വീട്ടിൽ അവൻ പാഞ്ഞെത്തി. അവൻ അങ്ങ് ദൂരെ നിന്ന് വരുമ്പോഴേ പറഞ്ഞുകൊണ്ട് വരികയാണ്. "അപ്പാ ഞാൻ നിന്നോടും സ്വർഗ്ഗത്തോടും പാപം ചെയ്തു പോയി. നിന്റെ മകൻ എന്ന പേരിന് ഞാൻ യോഗ്യനല്ല. നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ സ്വീകരിക്കണമേ"

മകൻ പോയ അന്നു മുതൽ മകന്റെ സ്വരം

കേൾക്കുവാൻ ആശയോടെ ഇരിക്കുന്ന അപ്പൻ, കേൾക്കുന്നു ഒരു ശബ്ദം! ഇത് എന്റെ മോന്റെ ശബ്ദമാണെന്ന് തോന്നുന്നല്ലോ.

നാളുകൾക്ക് മുമ്പ് എന്നെ വിട്ട് പട്ടണപ്പരിഷ്കാരത്തിലേക്കും വെറിക്കൂത്തിലേക്കും പോയി നശിച്ചുപോയ എന്റെ മകന്റെ ശബ്ദമാണല്ലോ. എന്താണവൻ പറയുന്നത്? അപ്പൻ കാതോർത്തു.

നാളുകൾക്കുമുമ്പ് അപ്പനോട്: "വസ്തുവിൽ എനിക്കു വരേണ്ടുന്ന പങ്ക് തരേണമേ" എന്ന് പറഞ്ഞവൻ ഇന്ന് പറയുന്നു: "എന്നെ ആക്കേണമേ" എന്ന്.

"അപ്പാ ഞാൻ നിന്നോടും സ്വർഗ്ഗത്തോടും പാപം ചെയ്തുപോയി. നിന്റെ മകൻ എന്ന പേരിന് ഞാൻ യോഗ്യനല്ല. നിന്റെ കൂലിക്കാരനിൽ ഒരുത്തനെപ്പോലെ എന്നെ ആക്കേണമേ."

അപ്പൻ ഓടി ഇറങ്ങി. നടുറോഡിൽ രണ്ടുപേരും അടുത്തു, അവൻ അപ്പന്റെ കാൽക്കൽ വീണു. അപ്പൻ അവനെ എഴുന്നേൽപ്പിച്ചു. അവൻ പറഞ്ഞു. അപ്പാ ഞാൻ നിന്നോടും സ്വർഗ്ഗത്തോടും പാപം ചെയ്തുപോയി. നിന്റെ മകൻ എന്ന പേരിന് ഞാൻ യോഗ്യനല്ല, അത്രയും പറഞ്ഞപ്പോഴേക്കും അപ്പൻ അവനെ കെട്ടിപ്പിടിച്ചു, വായടച്ചു, ഉമ്മ വച്ചു. അവനെകൊണ്ട് അടുത്ത വാക്ക് പറയിപ്പിച്ചില്ല. നിന്റെ കൂലിക്കാരനിൽ ഒരുത്തനെപോലെ എന്നെ ആക്കണമേ എന്ന വാക്കു കേൾക്കാൻ അപ്പന് ശക്തിയില്ല, അപ്പനത് കേൾക്കാൻ വയ്യ.

അപ്പാ ഞാൻ നിന്നോടും സ്വർഗ്ഗത്തോടും പാപം ചെയ്തു പോയി നിന്റെ മകൻ എന്ന പേരിന് യോഗ്യനല്ല

എന്നു പറഞ്ഞ ഉടനെ അപ്പൻ അവനെ കെട്ടിപ്പിടിച്ച് ഉമ്മവച്ചു. അവന്റെ വായടച്ച് ചുംബിച്ചു.

സ്വർഗ്ഗീയ പിതാവ് ക്രൂശിൽ കാണിച്ച നിത്യസ്നേഹം ഇപ്പോൾ നിങ്ങളെ തേടി വന്ന് നിങ്ങളെ വിളിക്കുന്നു. ആ പിതാവിന്റെ സ്നേഹം ക്രൂശിലെ സ്നേഹത്തിൽ കൂടി നിങ്ങളെ വിളിക്കുന്നു. കർത്താവായ യേശുക്രിസ്തു തിരുവിലാവിൽ കൂടി നിന്നെ വിളിക്കുന്നു. ആ പഞ്ചമുറിവുകളിൽ കൂടി നിങ്ങളെ വിളിക്കുന്നു. കൈകളും കാലുകളും കുത്തിത്തുളക്കപ്പെട്ട യേശുവിന്റെ തൃക്കരം നിങ്ങളെ മാടി വിളിക്കുന്നു.

ക്രിസ്തു പറയുന്നു:

മകനേ നിന്റെ ഹൃദയം എനിക്ക് തരിക, മകളേ നിന്റെ ഹൃദയം എനിക്ക് തരിക. ഞാൻ നിന്നെ രൂപാന്തരപ്പെടുത്താം. ഞാൻ നിന്നെ നിത്യജീവന് അവകാശിയാക്കാം.

# അഞ്ച്

"ആ കാലത്ത് ഹിസ്കീയാവിന് മരിക്കത്തക്ക രോഗം പിടിച്ചു, ആമോസിന്റെ മകനായ യെശയ്യാ പ്രവാചകൻ അവന്റെ അടുക്കൽ വന്ന് അവനോട്: നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക, നീ മരിച്ചുപോകും സൗഖ്യമാകയില്ല എന്ന് യഹോവ അരുളിച്ചെയ്യുന്നു...."

യെശ. 38:1

കഴിഞ്ഞ അദ്ധ്യായത്തിൽ നാം ചിന്തിച്ചു.

"............ നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക, നീ മരിച്ചുപോകും, ശേഷിക്കുകയില്ല"

2 രാജാ. 20:1

രാജാവ് രോഗബാധിതനായി കിടക്കുകയാണ്. രാജാവിന് ഒരു പരു ബാധിച്ചിരുന്നു. പക്ഷേ മരണാസന്നമായ സ്ഥിതിയിലാണെന്ന് രാജാവ് അറിഞ്ഞില്ല.

പലരും മരണത്തെ അല്പം പോലും പ്രതീക്ഷിക്കുന്നില്ല എന്നുള്ളതാണ് സത്യം. മരണാസന്നരോഗിയും ഞാൻ മരിക്കുകയില്ല മരിക്കുകയില്ല എന്ന് സ്വയം ആശ്വസിപ്പിച്ചുകൊണ്ടിരിക്കും എന്നാണ് മരണത്തെ കുറിച്ച് പഠിക്കുന്ന ചിന്തകന്മാരും, ശാസ്ത്രജ്ഞന്മാരും പറയുന്നത്.

ഞാൻ മരിക്കും എന്നുള്ള ആ ഒരു ബോധ്യത്തിലേക്ക് രോഗി വരുന്നതു വരെ denial എന്നു പറയുന്ന ഒരു അവസ്ഥയിലായിരിക്കും. മരണത്തെ deny ചെയ്യുകയാണ്. മരണത്തെ തിരസ്കരിക്കുകയാണ്. മരിക്കും എന്ന് പ്രതീക്ഷിക്കുന്നില്ല. ഇതൊക്കെ മാറിക്കൊള്ളും എന്ന ചിന്തയാണ്. ഹിസ്കീയാ രാജാവിനും ആ ചിന്ത തന്നെ ആയിരുന്നു.

മരണത്തെകുറിച്ച് പഠനം നടത്തിയ ഒരു ഹൃദ്രോഗവിദഗ്ദൻ ഉണ്ട്, Dr. Maurice Rawlings, അദ്ദേഹം മരണത്തെക്കുറിച്ച് അനേകം പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. മരണാനന്തരാവസ്ഥയെ കുറിച്ചും എഴുതിയിട്ടുണ്ട്. അതിൽ ഏറ്റവും ആദ്യം അദ്ദേഹം എഴുതിയ പുസ്തകം “Beyond Death’s Door” എന്ന പുസ്തകമാണ്. “മരണവാതിലിനപ്പുറം.” രണ്ടാമത്തെ പുസ്തകമാണ് "From Hell and Back."

ആ പുസ്തകത്തിൽ അദ്ദേഹം പറയുന്നുണ്ട്. മരണാസന്നനാണ് രോഗി എന്ന് അറിഞ്ഞാൽ, മരണം അടുത്തു എന്ന കാര്യം വളരെ ശാന്തമായും സൗമ്യമായും പറഞ്ഞ് ധരിപ്പിക്കുന്നത് നല്ലതാണ് എന്ന്. അത് ആ രോഗിക്ക് ഒരുങ്ങുന്നതിനും, ആത്മാവ് നിത്യസ്വർഗ്ഗത്തിൽ എത്തുന്നതി

നുതകുന്ന ക്രമീകരണങ്ങൾ നിർവ്വഹിക്കുന്നതിനും സഹായകരമാണ്.

അദ്ദേഹത്തിന്റെ Clinic-ൽ വരുന്ന രോഗികളോട് 'മരണം അടുത്തു' എന്ന് അദ്ദേഹം ധരിപ്പിക്കുകയും, ആത്മാവിന് വേണ്ടി ഒരുങ്ങുവാനും ക്രിസ്തുവിനെ വിളിച്ച് അപേക്ഷിക്കുവാനും പറയുകയും ചെയ്യാറുണ്ട്.

അദ്ദേഹം മരണാനന്തരാവസ്ഥയെ കുറിച്ച് വിശ്വസിച്ചിരുന്ന ആൾ അല്ലായിരുന്നു. മരിച്ചതിനു ശേഷം ഒരു ജീവിതം ഉണ്ട് എന്നതിനെ കുറിച്ച് തെല്ലും ചിന്തയില്ലായിരുന്നു അദ്ദേഹത്തിന്.

വളരെ പ്രസിദ്ധനായ ആ ഡോക്ടർ മരണാനന്തരം ഒരു ജീവിതം ഉണ്ട് എന്ന് ധരിക്കുന്നത് അദ്ദേഹത്തിന്റെ തന്നെ ക്ലിനിക്കിൽ അദ്ദേഹത്തിനുണ്ടായ ചില അനുഭവങ്ങൾ മൂലമാണ്.

Clinically dead ആയവർക്ക്, മരണശേഷം കൃത്രിമ ശ്വാസോച്ഛ്വാസം നൽകി കഴിയുമ്പോൾ അവരിൽ ചിലർ ജീവൻ പ്രാപിക്കുന്നതായി അദ്ദേഹം കണ്ടിട്ടുണ്ട്. മരണശേഷം Resuscitation മൂലം തിരികെ ജീവൻ പ്രാപിച്ചവർ പറഞ്ഞ ചില അനുഭവത്തിൽകൂടി അദ്ദേഹത്തിന് മനസ്സിലായി, മരണത്തിന് ശേഷം ഒരു ജീവിതം ഉണ്ട് എന്ന്.

മരണത്തിന് ശേഷമുള്ള ആ ജീവിതം പലപ്പോഴും ദുഃഖഭൂയിഷ്ഠമാണെന്നും ബഹുഭൂരിപക്ഷം പേർക്കും അത് 'നരകദുരിതം' ആണെന്നും 'യാതനാഭരിതം' ആണെന്നും അദ്ദേഹത്തിന് മനസ്സിലാക്കാൻ കഴിഞ്ഞു.

വളരെ അപൂർവ്വം പേർ മാത്രമേ മരണാനന്തരമായ ജീവിതത്തിന്റെ സന്തോഷവും, ശാന്തിയും കാണുന്നുള്ളൂ എന്ന് അദ്ദേഹം ആ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

അതുകൊണ്ട് അദ്ദേഹം കൂടുതൽ ചിന്തിക്കുകയും വായിക്കുകയും പഠിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാൻ ഉദ്യുക്തനായി തീർന്നു. അതിനെ തുടർന്ന് ഒരു പരമ ബോദ്ധ്യത്തിലേക്ക് അദ്ദേഹം വന്നെത്തുകയുണ്ടായി.

“എന്റെ രോഗികളോട് ഞാൻ പറയാറുണ്ട്, നിങ്ങൾ ആത്മാവിന്റെ രക്ഷയ്ക്ക് വേണ്ടി, നിത്യ ജീവനുവേണ്ടി ഒരുങ്ങണം എന്ന്.”

രാജാവിന് മാരകമായ രോഗമാണ് വന്നത്. പക്ഷേ മരിക്കും എന്ന് രാജാവിന് അറിഞ്ഞു കൂടായിരുന്നു.

പക്ഷേ രാജാവിനെ സ്നേഹിക്കുന്ന നിത്യനായ ദൈവം തന്റെ പ്രവാചകനെ രാജകൊട്ടാരത്തിലേക്ക് പറഞ്ഞയച്ചു.

യെശയ്യാ പ്രവാചകൻ പറഞ്ഞു: രാജാവേ, യഹോവയായ ദൈവം അങ്ങയെ അറിയിപ്പാൻ ഒരു അരുളപ്പാട് എന്നെ ഭരമേൽപിച്ചിട്ടുണ്ട്. അത്,

“നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക നീ മരിച്ചുപോകും, സൗഖ്യമാവുകയില്ല” എന്നാണ്.

"Set your affairs in order and prepare to die"

നിന്റെ ഗൃഹകാര്യങ്ങൾ ക്രമത്തിലാക്കുക, നീ മരിക്കാൻ ഒരുങ്ങുക.

പ്രവാചകന് ദൈവം കൊടുത്ത അരുളപ്പാട് അറിയിച്ച

തിനുശേഷം പ്രവാചകൻ തിടുക്കത്തിൽ ആ മുറിയിൽ നിന്നിറങ്ങി, നടന്ന് നീങ്ങുകയായിരുന്നു.

പ്രവാചകൻ പോയപ്പോൾ തന്നെ രാജാവ് പയ്യെ വേച്ച് വേച്ച് എഴുന്നേൽക്കാൻ തുടങ്ങി. രാജാവ് കിടക്കയിൽ നിന്ന് എഴുന്നേറ്റ് പിടിച്ച് പിടിച്ച് നടന്നു, ചുവരിനരികിൽ എത്തി കൈകൾ രണ്ടും ചുവരിലേക്ക് പിടിച്ചു. ചുവരിനോട് അഭിമുഖമായി നിന്നുകൊണ്ട് രാജാവ് വിതുമ്പാൻ തുടങ്ങി.

ആ കരച്ചിലിന്റെ ഇടയ്ക്ക് രാജാവ് ഏങ്ങലടിച്ചുകൊണ്ട് പ്രാർത്ഥിച്ചു.

> "അയ്യോ, യഹോവേ, ഞാൻ വിശ്വസ്തതയോടും ഏകാഗ്രഹൃദയത്തോടും കൂടെ തിരുമുമ്പിൽ നടന്ന് നിനക്ക് പ്രസാദമായുള്ളത് ചെയ്തിരിക്കുന്നു എന്ന് ഓർക്കേണമേ എന്നു പറഞ്ഞു, ഹിസ്കീയാവ് ഏറ്റവും കരഞ്ഞു......"
>
> യെശ. 38:3-4

വിശ്വസ്തതയോടെയും, ഏകാഗ്രഹൃദയത്തോടെയും ഞാൻ ജീവിച്ചു എന്നു പറയുന്നത് തീർച്ചയായും ആത്മീയം തന്നെയാണ്. പക്ഷേ, അതുകൊണ്ട് ഗൃഹകാര്യം ക്രമത്തിലാവുകയില്ല. ആത്മാവിന്റെ കാര്യം ശരിയാവുകയില്ല.

ആത്മാവിന്റെ കാര്യം ശരിയാകണമെങ്കിൽ എന്തു വേണമെന്ന് രാജാവിനറിയാം. അതാണ് നാം തുടർന്ന് വായിക്കുമ്പോൾ കാണുന്നത്.

രാജാവ് കയ്പ്പോടെ കരഞ്ഞുകൊണ്ട് പാപങ്ങൾ ഏറ്റുപറഞ്ഞു. ജീവിതത്തിന്റെ ചിലപ്പോൾ ഏകാഗ്ര ഹൃദയ

ത്തോടെ നടന്നിട്ടുണ്ട്. ഒരു വശത്ത് ജീവിതത്തിൽ ചില നന്മകൾ ഉണ്ട്. വിശ്വസ്തതയുണ്ട്, സത്യസന്ധമായി ജീവിച്ചിട്ടുണ്ട്. ആത്മീയമായി പ്രവർത്തിച്ചിട്ടുണ്ട്. പക്ഷേ ജീവിതത്തിൽ പാപങ്ങൾ വന്നിട്ടുമുണ്ട്. തിന്മയും, നന്മയും ഇടകലർന്ന, ഒരു ജീവിതം. തിന്മയുണ്ട്, നന്മയുമുണ്ട്.

വെളിപ്പാട് പുസ്തകത്തിൽ ലവോദിക്യ സഭയ്ക്കുള്ള ദൂതിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് പറയുന്നു:

> "നീ ശീതവാനുമല്ല ഉഷ്ണവാനുമല്ല, ശീതോഷ്ണവനാകയാൽ നിന്നെ എന്റെ വായിൽനിന്ന് ഉമിണ്ണു കളയും."
>
> വെളി. 3 : 16

ശീതവാനാണെങ്കിൽ, അയ്യോ ഞാൻ പാപിയാണ് എന്നോർത്ത് അനുതപിക്കാൻ സാദ്ധ്യതയുണ്ട്.

എന്നാൽ നിനക്ക് അല്പം ചില കാര്യങ്ങളിൽ ചൂടുണ്ട്. അതുകൊണ്ട് നിനക്ക് അനുതാപം കിട്ടുകയില്ല.

കുറച്ച് നന്മയുണ്ട്, കുറച്ച് തിന്മയുണ്ട്. കുറച്ചൊക്കെ ആത്മീയമുണ്ട്. പേരിന് മാനസാന്തരം ഉണ്ട്.

മഹാപാപത്തിൽ മുഴുകി ജീവിക്കുന്നോ എന്നു ചോദിച്ചാൽ ഇല്ല, എന്നാലോ ഹൃദയ ശുദ്ധീകരണം പ്രാപിച്ചിട്ടുമില്ല. ശീതവാനുമല്ല ഉഷ്ണവാനുമല്ല ശീതോഷ്ണവനാകയാൽ നിന്നെ എന്റെ വായിൽ നിന്ന് ഉമിണ്ണുകളയും.

ഗൃഹകാര്യം ക്രമത്തിലാകണമെങ്കിൽ പാപങ്ങൾ ഏററു പറയണം. പാപങ്ങളെ ഓർത്ത് അനുതപിച്ച് പ്രാർത്ഥിച്ച് പാപങ്ങൾ ഏറ്റുപറയാൻ കഴിയുമ്പോഴാണ് ദൈവത്തിന്റെ

കൃപ പകരുന്നത്.

ദാവീദ് രാജാവ് ഒരിക്കൽ പറഞ്ഞു:

> "ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നു എങ്കിൽ കർത്താവ് കേൾക്കുകയില്ലായിരുന്നു."
>
> സങ്കീ. 66:18

ഹൃദയത്തിൽ അകൃത്യമുണ്ടെങ്കിൽ കർത്താവ് പ്രാർത്ഥനാ സ്വരം ശ്രദ്ധിക്കുകയില്ല. ദൈവസന്നിധിയിൽ നമ്മുടെ പ്രാർത്ഥന ഉയർന്നു ചെല്ലണമെങ്കിൽ, നമ്മുടെ ജീവിതത്തിലെ പാപം മാറിയിരിക്കണം.

സ്വർഗ്ഗീയ യറുശലേമിന്റെ വാതിലുകൾക്കുള്ളിൽ, ദൈവ സിംഹാസനത്തിന്റെ മുമ്പിൽ പ്രാർത്ഥന അണയണമെങ്കിൽ നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെടണം.

> "മേലാം ഊറുശലേം വാതിലുകൾക്കുള്ളിൽ നിൻ
> സിംഹാസനമണയണമീ പ്രാർത്ഥന മിശിഹാ."

എന്നു പ്രാർത്ഥിച്ച പിതാക്കന്മാരുടെ പ്രാർത്ഥനകൾ ഉരുവിട്ട്, ചൊല്ലിയാൽ പോരാ, അർത്ഥം അറിഞ്ഞ് പ്രാർത്ഥിക്കണം.

ഹിസ്കീയാ രാജാവ് ഏറ്റവും കരഞ്ഞു. പാപത്തെയോർത്ത് ഏങ്ങലടിച്ച് കരഞ്ഞു. 'ഹിസ്കീയാവ് ഏറ്റവും കരഞ്ഞു' അപ്പോഴാണ് ഹിസ്കീയാവിന് ഒരു ഉറപ്പ് കിട്ടിയത്.

> "നീ എന്റെ സകല പാപങ്ങളേയും നിന്റെ പിറ

> കിൽ എറിഞ്ഞു കളഞ്ഞതുകൊണ്ട് എന്റെ പ്രാണനെ നാശക്കുഴിയിൽ നിന്ന് സ്നേഹ ത്തോടെ രക്ഷിച്ചിരിക്കുന്നു."
>
> യെശ. 38:17

പാപം അനുതാപത്തോടെ ഏറ്റു പറഞ്ഞപ്പോൾ, പാപം ദൈവം ക്ഷമിച്ചു കൊടുത്തു.

പാപക്ഷമ ലഭിക്കുന്നതാണ് ഏറ്റവും വലിയ ഭാഗ്യം.

> "ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയ വൻ ഭാഗ്യവാൻ. യഹോവ അകൃത്യം കണ ക്കിടാതെയും ആത്മാവിൽ കപടം ഇല്ലാ തെയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ."
>
> സങ്കീ. 32 : 1–2

പാപം ഇല്ലാഞ്ഞിട്ടല്ല. യഹോവ അകൃത്യം കണക്കിടാ തിരിക്കുന്നു. തന്റെ തിരുക്കുമാരന്റെ തിരുരക്തത്തിൽ കൂടി നോക്കുമ്പോൾ മനുഷ്യന്റെ അകൃത്യം ദൈവം കാണുന്നി ല്ല, ലംഘനങ്ങൾ കർത്താവ് ക്ഷമിച്ചു തരുന്നു; പാപം മറച്ചു തരുന്നു.

പ്രിയപ്പെട്ടവരേ, ഗൃഹകാര്യം ക്രമത്തിലാകണമെങ്കിൽ ലംഘനങ്ങൾ ക്ഷമിച്ചു കിട്ടണം, പാപം മറച്ചു കിട്ടണം.

പാപം; പാപസ്വഭാവമാണ്, പാപപ്രകൃതിയാണ്. അത് നമ്മുടെ രക്തത്തിൽ അലിഞ്ഞു നിൽക്കുന്നതാണ്, നമ്മുടെ രക്തത്തിലും, മാംസത്തിലും, മജ്ജയിലും നമ്മുടെ കോശ ങ്ങളിലും നിറഞ്ഞു നിൽക്കുന്നു. പാപത്തിന്റെ പ്രവണത യുള്ളതുകൊണ്ട് പാപത്തിന്റെ പ്രവൃത്തി വരും, പാപ

ത്തിന്റെ വാക്കുകൾ വരും, പാപത്തിന്റെ ചിന്തവരും.

പാപപ്രകൃതിക്ക് തിരുവചനത്തിൽ അപ്പോസ്തലനായ പൗലോസ് ഉപയോഗിക്കുന്ന വാക്ക്, “ജഡം” എന്നാണ്.

പാപപ്രകൃതി ഉള്ളപ്പോഴും പാപത്തിന്റെ പ്രവൃത്തി വരാതിരിക്കാം, പാപത്തിന്റെ വാക്ക് വരാതിരിക്കാം, പാപത്തിന്റെ ചിന്തകളും വരാതിരിക്കാം.

പാപത്തിന്റെ വാക്കു വരാത്തപ്പോഴും പാപത്തിന്റെ ചിന്ത വരാത്തപ്പോഴും, പാപത്തിന്റെ പ്രവൃത്തി വരാത്തപ്പോഴും പാപം എന്ന പ്രകൃതി നമ്മുടെ രക്തത്തിലുണ്ട്; നമ്മുടെ സ്വഭാവത്തിലുണ്ട്.

പാപത്തിന്റെ പ്രകൃതി ദൈവം മറച്ചു തരുന്നു; തന്റെ പുത്രന്റെ തിരുരക്തത്തിൽ മറച്ചുതരുന്നു. എന്നാൽ പാപം മൂലം വന്ന വാക്കുകൾ, ലംഘനങ്ങളാണ്. പാപത്തിന്റെ പ്രകൃതിയിൽ നിന്നു വരുന്നതായ ചിന്തകൾ ലംഘനങ്ങളാണ്. പാപത്തിന്റെ പ്രകൃതിയിൽ നിന്നു വരുന്നതായ പ്രവൃത്തികൾ ലംഘനങ്ങളാണ്. അവ കർത്താവ് ക്ഷമിച്ചു തരുന്നു.

മാതാപിതാക്കളോടു അനുസരണക്കേട് കാണിക്കുന്നു, ധിക്കാരം പറയുന്നു, ജീവിതം ഉഴപ്പുന്നു, മദ്യപിക്കുന്നു, കഞ്ചാവ് ഉപയോഗിക്കുന്നു, മയക്കുമരുന്നു ഉപയോഗിക്കുന്നു, കോപിച്ച് ഗർജ്ജിക്കുന്നു, അഥവാ ഉള്ളിൽ കോപം വരുന്നു. അതെല്ലാം ലംഘനങ്ങളാണ്. വ്യഭിചാരം ചെയ്യുന്നു. അശുദ്ധ ജീവിതം നയിക്കുന്നു. വെറിക്കൂത്തുകളിൽ മുഴുകുന്നു. ചീത്ത പടങ്ങളിൽ രസിക്കുന്നു. അവയെല്ലാം ലംഘനങ്ങളാണ്.

ലംഘനങ്ങളെല്ലാം ക്ഷമിച്ചു തരുന്നു. എന്നാൽ പാപം മറച്ചു കിട്ടുന്നു എന്ന് പറയുന്നത് നമ്മുടെ പാപ പ്രകൃതി മറച്ചു തരുന്നു എന്നതാണ്.

> "ഒരുത്തൻ ക്രിസ്തുവിലായാൽ പുതിയ സൃഷ്ടിയാകുന്നു. പഴയത് കഴിഞ്ഞു പോയി, ഇതാ, അത് പുതുതായി തീർന്നിരിക്കുന്നു."
>
> 2 കൊരി. 5:17

അതാണ് ഗൃഹകാര്യം ക്രമത്തിലാക്കുക എന്നു പറയുന്നത്. പഴയ സൃഷ്ടി മാറി; പഴയ സ്വഭാവം മാറി, പഴയ ആളത്വം മാറി, പഴയ ചിന്താഗതി മാറി, പഴയ കോപം മാറി, പഴയ മദ്യപാനശീലം മാറി, പഴയ വഴക്കടിക്കുന്ന പ്രകൃതം മാറി, പഴയ അനുസരണക്കേട് മാറി, പഴയ ധിക്കാരമനോഭാവം മാറി, പഴയ റൌഡിസം മാറി, പഴയ സ്വാർത്ഥത മാറി, പഴയ ദ്രവ്യാഗ്രഹം മാറി. ഒരുത്തൻ ക്രിസ്തുവിലായാൽ പുതിയ സൃഷ്ടിയാകുന്നു.

സ്നേഹിതരേ, ഇത് നിങ്ങൾ വായിച്ചു കൊണ്ടിരിക്കുമ്പോൾ എന്റെ ഗൃഹകാര്യം ഞാൻ ക്രമത്തിലാക്കിയോ എന്ന് ചിന്തിക്കൂ.

എന്റെ ജീവിതം ഞാൻ ക്രമത്തിലാക്കിയോ? എന്റെ പാപം മായിച്ചു കിട്ടിയോ, എന്റെ ലംഘനങ്ങൾ ക്ഷമിച്ചു കിട്ടിയോ? എന്റെ അകൃത്യങ്ങൾ ദൈവം കണക്കിടാത്ത വിധം ക്രിസ്തുവിന്റെ തിരുരക്തം വന്ന് എന്നെ പൊതിഞ്ഞുവോ?

യേശുക്രിസ്തുവിന്റെ പരമബലിയിൽ നിങ്ങൾ വിശ്വസിച്ച്, ഗോഗുൽത്തായിലെ കുരിശിൽ മൂന്ന് ആണികളിൽ

തൂങ്ങിയ ക്രിസ്തുവിനെ കൈക്കൊണ്ട് ക്രിസ്തു കാണിച്ചുതന്നെ ക്രൂശിലെ സ്നേഹത്തിന്റെ മാതൃക പ്രകാരം നിങ്ങൾ ജീവിക്കാൻ തുടങ്ങുമ്പോൾ നിങ്ങൾ ഭാഗ്യശാലികളായി മാറുന്നു. അവിടെയാണ് ഗൃഹകാര്യം ക്രമത്തിലാകുന്നത്. "നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക. നീ മരിച്ചുപോകും. സൗഖ്യമാവുകയില്ല" എന്ന് ഹിസ്കീയാവ് കേട്ടു.

ഹിസ്കീയാവ് ഏറ്റവും കരഞ്ഞു. പാപങ്ങൾ ഏറ്റു പറഞ്ഞു. ദൈവത്തിന്റെ അളവറ്റ കൃപ ഹിസ്കീയാവിന്റെ മേൽവന്നു.

ഇപ്പോൾ നിങ്ങൾ യേശുക്രിസ്തുവിനെ ഹൃദയത്തിലേക്ക് ക്ഷണിക്കൂ. ക്രൂശിൽ മരിച്ച ക്രിസ്തു ഹൃദയത്തിൽ വന്ന് ഉയിർത്തെഴുന്നേറ്റ് ജീവിക്കട്ടെ. ക്രിസ്തു നിങ്ങളെ ഭരിക്കട്ടെ. ക്രിസ്തുവിന്റെ ഭരണത്തിന് നിങ്ങൾ വിധേയപ്പെട്ട് കൊടുക്കുവിൻ. ക്രിസ്തുവിനോട് വാക്ക് പറയുവിൻ.

നാഥാ, ഇന്നു മുതൽ ഞാനൊരു പുതിയ സൃഷ്ടി. യേശുവേ, ഇന്നു മുതൽ ഞാനൊരു പുതിയ മനുഷ്യൻ.

## ആറ്

"ഹിസ്കീയാവ് ഏറ്റവും കരഞ്ഞു. എന്നാൽ യെശയ്യാവിന് യഹോവയുടെ അരുളപ്പാട് ഉണ്ടായതെന്തെന്നാൽ: നീ ചെന്ന് ഹിസ്കീയാവോട് പറയേണ്ടത്: നിന്റെ പിതാവായ ദാവീദിന്റെ ദൈവമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ നിന്റെ പ്രാർത്ഥന കേട്ടു നിന്റെ കണ്ണുനീർ കണ്ടിരിക്കുന്നു. ഞാൻ നിന്റെ ആയുസ്സിനോട് പതിനഞ്ചു സംവത്സരം കൂട്ടും."

യെശമാവ് 38 : 4 : 5

യെശയ്യാ പ്രവാചകൻ വീണ്ടും മുറിയിലേക്ക് കടന്നു വന്നു. രാജകൊട്ടാരത്തിൽ നിന്ന് ഇറങ്ങിപ്പോയ പ്രവാചകനാണ്.

പ്രവാചകന്മാർക്ക് സ്വന്തമായിട്ട് ഒന്നും ചെയ്യാനില്ല. ദൈവം അരുളപ്പാടു തന്നാൽ പ്രസ്താവിക്കാം. പ്രവാചകൻ തിരികെ കൊട്ടാരത്തിലേയ്ക്ക് വന്നു. അതുവരെ കിട്ടിയ അരുളപ്പാടുകളിൽനിന്ന് വ്യത്യസ്തമായ ഒരു അരുളപ്പാടുമായിട്ടാണ് വരുന്നത്.

യഹോവയായ ദൈവം ഇപ്രകാരം അരുളിച്ചെയ്യുന്നു. രാജാവ് കാതോർത്തു. രാജാവ് ആ ചുവരിൽ നിന്ന് പിടിവിടാതെ തന്നെ തല തിരിച്ച് നോക്കി. പ്രവാചകൻ വീണ്ടും അവിടെ നിൽക്കുന്നു.

> "........യഹോവ ഇപ്രകാരം അരുളി ചെയ്യുന്നു: ഞാൻ നിന്റെ പ്രാർത്ഥന കേട്ടു നിന്റെ കണ്ണുനീർ കണ്ടിരിക്കുന്നു."
>
> യെശ. 38:5

പ്രാർത്ഥന കേൾക്കുന്ന ദൈവം, കണ്ണുനീർ കാണുന്ന ദൈവം.

നിങ്ങൾ ദയവായി ശ്രദ്ധിക്കണമേ, Ever living and ever loving God. Ever living Jesus, ever loving Jesus.

ജീവിക്കുന്ന ക്രിസ്തു, സ്നേഹിക്കുന്ന ക്രിസ്തു, പ്രാർത്ഥന കേൾക്കുന്ന ദൈവം, കണ്ണുനീർ കാണുന്ന ദൈവം.

സ്നേഹിതാ, നിനക്ക് അനുഭവങ്ങളില്ലേ? നിന്റെ ജീവിതത്തിൽ അനുഭവങ്ങളില്ലേ? അവൻ നിന്റെ കണ്ണുനീര് കണ്ട അനുഭവങ്ങളില്ലേ? നീ നിലവിളിച്ചു പ്രാർത്ഥിച്ചപ്പോൾ നിലവിളി കേട്ട അനുഭവങ്ങളില്ലേ?

എത്രയെത്ര അവസരങ്ങളിൽ, എത്രയെത്ര സമയങ്ങളിൽ നിങ്ങൾ ഒറ്റയ്ക്കിരുന്ന് വിതുമ്പിയിട്ടുണ്ട്. ഒറ്റയ്ക്കിരുന്ന് ഏങ്ങലടിച്ചിട്ടുണ്ട്. കർത്താവ് അരികത്ത് വന്നു എന്നും നിങ്ങളുടെ കണ്ണുനീർ തുടച്ചു തന്നു എന്നും അനുഭവങ്ങൾ നിങ്ങൾക്ക് ലഭിച്ചിട്ടില്ലേ?

ദൈവം പ്രാർത്ഥന കേട്ടല്ലോ എന്നോർത്ത് ദൈവത്തെ സ്തുതിച്ചിട്ടില്ലേ? എന്റെ കണ്ണുനീര് നാഥാ നീ മാനിച്ചല്ലോ എന്നു പറഞ്ഞ് ദൈവത്തെ മഹത്വപ്പെടുത്തിയില്ലേ?

എത്രയെത്ര സന്ദർഭങ്ങൾ! ആയുസ്സ് നീട്ടിക്കിട്ടിയതായ സമയങ്ങൾ. അത്യാഹിതം ഒഴിവാക്കി തന്ന സമയങ്ങൾ, മരണം വന്ന് പടിവാതിൽക്കൽ മുട്ടിയപ്പോൾ മരണത്തെ ദൈവം തട്ടിമാറ്റി നിങ്ങൾക്ക് ആയുസ്സ് നീട്ടിത്തന്ന സന്ദർഭങ്ങൾ!

നിങ്ങളെ operation theater–ൽ നിന്ന് ആയുസ്സോടെ പുറത്തു കൊണ്ടു വന്നതായ നിമിഷങ്ങൾ! തീർന്നു, തീർന്നു എന്നു വിചാരിച്ചിരുന്ന ആൾ ജീവനോടെ എഴുന്നേറ്റ് നടന്നതായ സന്ദർഭങ്ങൾ! എത്രയെത്ര സമയങ്ങൾ നിങ്ങളുടെ ഓർമ്മയിലേക്ക് ഇപ്പോൾ വരുന്നുണ്ട്!

ശരി, ദൈവം പ്രാർത്ഥന കേൾക്കുന്നവനാണ്. അവൻ കണ്ണുനീര് മാനിക്കുന്നവനാണ്, "ഞാൻ നിന്റെ പ്രാർത്ഥന കേട്ടു, നിന്റെ കണ്ണുനീർ കണ്ടിരിക്കുന്നു. ഞാൻ നിന്റെ ആയുസ്സിനോട് പതിനഞ്ച് സംവത്സരം കൂട്ടും."

നിങ്ങൾ കേട്ടുകാണും. ഒരു വലിയ ചിന്തകനായിരുന്നു വോൾടയർ. French Revolution –ന് ആവേശം പകർന്ന വലിയ വിപ്ലവകാരിയായിരുന്നു വോൾടയർ. വലിയ താത്വീകാചാ

ര്യനായിരുന്നു അദ്ദേഹം. പക്ഷെ, നിരീശ്വരനായിരുന്നു.

വോൾടയർ മരിക്കാറായി കിടക്കുമ്പോൾ ഡോക്ടറോട് ചോദിച്ചു. ഡോക്ടറെ എനിക്ക് ഒരു ആറുമാസം ആയുസ്സ് നീണ്ടു കിട്ടുമോ?

എന്തിനാണ് താങ്കൾ അങ്ങിനെ ചോദിച്ചത്, ആറുമാസം?

ഡോക്ടറേ, എന്റെ ആയുസ്സ് പാഴായിപോയി. എന്റെ സംവത്സരങ്ങൾ നഷ്ടപ്പെടുത്തി കളഞ്ഞു. എന്റെ ജീവിതം പാഴായിപോയി. ഞാൻ ദൈവമില്ല എന്ന് പറഞ്ഞും, പഠിപ്പിച്ചും ജീവിതം കളഞ്ഞു. എനിക്ക് സമാധാനമില്ല. എന്റെ ഹൃദയത്തിൽ സ്വസ്ഥതയില്ല. ഞാൻ നരകാഗ്നിയിലേക്ക് താണു താണു പോകുന്നു.

അയ്യോ, ഞാൻ നരകത്തീയിലേക്ക് താണുതാണു പോകുന്നു. എന്നെ ഈ നരകത്തിൽനിന്ന് ഉയർത്തി എടുക്കാൻ ആരുണ്ട്? സങ്കടത്തോടെ പറഞ്ഞു.

ഡോക്ടർ പറഞ്ഞു: ആറു മാസമല്ല ആറ് ആഴ്ച പോലും നിങ്ങൾക്ക് ആയുസ്സുള്ളതായി മെഡിക്കൽ സയൻസ് പറയുന്നില്ല.

അദ്ദേഹം ഏങ്ങലടിച്ച് കരയാൻ തുടങ്ങി. പക്ഷേ ആ കരച്ചിൽ നിരാശയുടെ കരച്ചിലായിരുന്നു. പാപം ഏറ്റു പറഞ്ഞുള്ള കരച്ചിൽ ആയിരുന്നില്ല.

സുഹൃത്തുക്കളും, ശിഷ്യരുമായി ചുറ്റും നിൽക്കുന്ന ആളുകളോട് പറഞ്ഞു:

“നിങ്ങൾ പോയി ദയവായി ഒരു ക്രിസ്തു ഭക്തനെ വിളിച്ചുകൊണ്ട് വരാമോ? എനിക്ക് സമാധാനമില്ലല്ലോ, എനിക്ക്

സ്വസ്ഥതയില്ലല്ലോ, ഒരു ക്രിസ്തുഭക്തനെ എന്റെ അരികിലേക്ക് വിളിച്ചുകൊണ്ട് വരൂ." പക്ഷേ അവർ പോയില്ല.

അവർ പറഞ്ഞു: ഇത്രയും നാൾ ക്രിസ്തുവിന്റെ ഉപദേശങ്ങൾ മിഥ്യയാണെന്നും അബദ്ധമാണെന്നും പറഞ്ഞിട്ട്, ഇപ്പോൾ ഒരു ക്രിസ്തുഭക്തനെ വിളിച്ചുകൊണ്ട് വരികയോ? നാം ഇതുവരെ വളർത്തിക്കൊണ്ടു വന്ന നമ്മുടെ പ്രസ്ഥാനത്തിന് അത് ദോഷമല്ലേ?

അദ്ദേഹം പല്ലിറുമ്മികൊണ്ട് ആക്രോശിച്ചു. "ദൈവം എന്നെ ഉപേക്ഷിച്ചു. നിങ്ങളും എന്നെ ഉപേക്ഷിച്ചുവോ?"

എന്തൊരു നിരാശ! ശാപവാക്കുകൾ!

വോൾടയറിനെ മരണക്കിടക്കയിൽ ശുശ്രൂഷിച്ച നേഴ്സ് പറഞ്ഞു: ഫ്രാൻസിലെ സ്വത്ത് മുഴുവനും എനിക്ക് തന്നാലും ഞാനൊരു നിരീശ്വരനെ, മരണക്കിടക്കയിൽ ശുശ്രൂഷിക്കുകയില്ല. എനിക്കു വയ്യാ ആ നിരാശ കാണാൻ, എനിക്ക് വയ്യാ ആ ദുഃഖം കാണാൻ.

വോൾടയർ ആറു മാസം ആയുസ്സു നീണ്ട് കിട്ടാനായി ആഗ്രഹിച്ചു; കിട്ടിയില്ല. എന്നാൽ ഹിസ്കീയാ രാജാവ് ആറ് ആഴ്ച എന്നു പറഞ്ഞില്ല: ഇത്ര കാലം എന്നു പറഞ്ഞില്ല. ഹിസ്കീയാവ് ഒരു കാര്യം ചെയ്തു. പാപത്തെ ഓർത്ത് അനുതപിച്ച് ഏറ്റുപറഞ്ഞു.

സ്നേഹിതാ, നീയും ദാഹത്തോടെ പ്രാർത്ഥിക്കൂ: ഈ ഭൂമിയിൽനിന്ന് ഞാൻ എന്ന് മാറ്റപ്പെട്ടാലും, ഈ ക്ഷണികമായ ജീവിതം എപ്പോൾ കഴിഞ്ഞാലും, ക്രിസ്തുവിന്റെ രാജ്യത്തിൽ എനിക്ക് വന്നു ചേരണം. ക്രിസ്തുവും വിശുദ്ധന്മാരും

പാർക്കുന്ന സ്വർഗ്ഗീയ വാസസ്ഥാനത്തു നിത്യജീവനിൽ എനിക്ക് എത്തണം.

നാഥാ, എന്റെ പാപങ്ങൾ ക്ഷമിക്കണം. അങ്ങോട്ട് കടക്കുന്നതിന് തടസ്സമായി എന്നിലുള്ള പാപങ്ങൾ എല്ലാം മാഞ്ഞു കിട്ടണം, എന്ന് ഹിസ്കീയാവ് ആഗ്രഹിച്ചു. ഹിസ്കീയാവ് പാപങ്ങളെ ഓർത്ത് കരഞ്ഞു.

നിന്റെ ആയുസ്സിനോട് പതിനഞ്ച് സംവത്സരം കൂട്ടും എന്ന് ഹിസ്കീയാ രാജാവിനോട് ദൈവം പറഞ്ഞു.

ഹിസ്കീയാവിന്റെ പാപം ക്ഷമിക്കപ്പെട്ടു.

ഒരു വലിയ ചിന്തകനുണ്ടായിരുന്നു, ഹെർബർട്ട് സ്പെൻസർ. അദ്ദേഹം മരിക്കാറായി കിടക്കുകയായിരുന്നു. സ്നേഹിതന്മാരുടെ ഒരു വലിയ സംഘം ചുറ്റി നിൽക്കുന്നുണ്ട്.

അവർ ചോദിച്ചു. ഗുരോ, അങ്ങ് ഈ ഭൂമിയിൽനിന്ന് മാറ്റപ്പെട്ടതിനുശേഷം അങ്ങയുടെ ശവകുടീരത്തിലെ സ്മാരക ശിലയിൽ എന്താണ് ഞങ്ങൾ എഴുതേണ്ടത്?

അദ്ദേഹം കുറേനേരം ആലോചിച്ചതിനുശേഷം ഈറനണിഞ്ഞകണ്ണുകളോടെ പറഞ്ഞു: രണ്ടു വാക്ക് എഴുതിയാൽ മതി.

“Most unhappy”

ഒട്ടേറെ പ്രശസ്തി നേടിയ വിശ്രുതനായ ആ ദാർശനീകൻ മരിക്കാൻ നേരത്ത് പറയുന്നത് “Most unhappy” എന്നാണ്, ഏറ്റവും വലിയ അസന്തുഷ്ടൻ എന്ന്.

സന്തോഷം തെല്ലും ഇല്ലാത്തവനെന്ന്.

പ്രിയപ്പെട്ടവരെ, നേടേണ്ടത് നേടിയോ? നേടേണ്ടത് സമാധാനമല്ലേ? നേടേണ്ടത് നിത്യശാന്തിയല്ലേ? നേടേണ്ടത് നിത്യജീവനല്ലേ? ഈ ഭൂമിയിലെ ജീവിതം താത്കാലികം.

ഇവിടെ രോഗമുണ്ട്, ഇവിടെ പൈസയ്ക്ക് ഞെരുക്കമുണ്ട്, ഇവിടെ കടത്തിന്റെ ബാധ്യതയുണ്ട്, ഇവിടെ പരസ്പര വൈരുദ്ധ്യമുണ്ട്, ഇവിടെ പലരും തെറ്റിദ്ധരിക്കുന്നുണ്ട്, ചിലരെല്ലാം കളിയാക്കുന്നുണ്ട്, അനേകർ പരിഹസിക്കുന്നുണ്ട്. പലരും വെറുക്കുന്നുണ്ട്. കുടുംബത്തിൽ തന്നെ പലരും അംഗീകരിക്കുന്നില്ലായിരിക്കാം.

സ്വന്തം ഭർത്താവ് മാനിക്കുന്നില്ലായിരിക്കാം, സ്വന്തം ഭാര്യ ഗൗനിക്കുന്നില്ലായിരിക്കാം, മക്കൾ തീരെ അനുസരിക്കുന്നില്ലായിരിക്കാം, മാതാപിതാക്കൾ വാത്സല്ലിക്കുന്നില്ലായിരിക്കാം, ജോലി സ്ഥലത്ത് തൊഴുത്തിൽ കുത്ത് ഏൽക്കുന്നുണ്ടായിരിക്കും.

എന്നാൽ ഇവിടെയുള്ള ജീവിതത്തിന് ശേഷം ഒരു നിത്യതയുണ്ട്. അവിടെ തെറ്റിദ്ധാരണയില്ല. അവിടെ നിഗൂഢതകളില്ല. അവിടെ രഹസ്യങ്ങളില്ല. അവിടെ രോഗങ്ങളില്ല. അവിടെ ഒറ്റപ്പെടുത്തലുകളില്ല, അവിടെ കുറ്റപ്പെടുത്തലുകളില്ല. അവിടെ തുച്ഛീകരണങ്ങളില്ല. അവിടെ അവഗണനകളില്ല, അവിടെ, ജീവനുള്ള ക്രിസ്തുവിന്റെ സന്നിധാനത്തിൽ, മേൽപ്പെട്ട ഉയരങ്ങളിൽ, സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുന്നതുപോലെ ബലഹീനരും പാപികളുമായ നാമും സ്തുതിക്കുകയാണ്.

ആ മഹാസൗഭാഗ്യം, നിത്യസൗഭാഗ്യം നിങ്ങൾക്ക്

കരഗതമാക്കണമോ? ഗൃഹകാര്യം ക്രമത്തിലാക്കിക്കൊള്ളൂ. ഗൃഹകാര്യം ക്രമത്തിലാക്കി കർത്താവായ യേശുവിനെ നിങ്ങളുടെ ഹൃദയത്തിലേക്ക് നാഥനും കർത്താവുമായി എതിരേറ്റുകൊള്ളൂ. യേശു നിങ്ങളുടെ ഹൃദയത്തിലേക്കു വരട്ടെ.

വളരെ സുപ്രസിദ്ധനായ ഒരു സുവിശേഷകനായിരുന്നു ഡേവിഡ് ലിവിങ്സ്റ്റൺ. ഇംഗ്ലണ്ടിന്റെ വീരപുത്രൻ. അദ്ദേഹം ആഫ്രിക്കയിലെ കിരാതന്മാരുടെ ഇടയിൽ സുവിശേഷവേല ചെയ്യുന്നതിനു പോയി. ആഫ്രിക്കൻ വനാന്തരങ്ങളിലൂടെ സഞ്ചരിച്ചു, ഗ്രാമങ്ങൾ സന്ദർശിച്ചു. അദ്ദേഹത്തിന്റെ കൂടെ ഒരു സ്നേഹിതൻ ഉണ്ടായിരുന്നു, സ്റ്റാൻലി.

അവർ രണ്ടുപേരും കൂടെ ആഫ്രിക്കയിൽ ഒരു ഗ്രാമത്തിൽ ഒരു ചെറിയ കുടിൽ സ്ഥാപിച്ചു. അതിൽ താമസിച്ചുകൊണ്ട് അവർ ഗ്രാമപ്രദേശങ്ങൾ സന്ദർശിക്കും, ഗ്രാമങ്ങൾ സന്ദർശിച്ചശേഷം അവര് തിരികെ വരുന്നത് വനത്തിലൂടെയാണ്.

വനത്തിൽ കടുവയും, പുള്ളിപ്പുലിയും സിംഹവും കരടിയുമെല്ലാമുണ്ട്. അപകടം പതിയിരിക്കുന്നുണ്ട്. പക്ഷേ അവരുടെ കയ്യിൽ തോക്കുണ്ട്. ഒരു ദിവസം അവർ പോരുമ്പോൾ ഒരു സിംഹം അദ്ദേഹത്തെ ആക്രമിച്ചു. അദ്ദേഹത്തിന്റെ ഇടത്തേ തോള് സിംഹത്തിന്റെ കടിയേറ്റ് പറിഞ്ഞു തൂങ്ങിപ്പോയി. ചോര ധാരധാരയായി ഒഴുകി.

സ്റ്റാൻലി ഉടനെ തോക്കെടുത്ത് സിംഹത്തെ വെടിവെച്ചിട്ടു. പക്ഷേ ലിവിങ് സ്റ്റൺ ബോധരഹിതനായി കിടക്കുകയാണ്. സ്റ്റാൻലി വേഗം തുണിക്കീറെടുത്ത് ആ മുറിവ് വച്ചുകെട്ടി. ഒരു വിധത്തിൽ താങ്ങി താങ്ങി എടുത്ത് തോളിലേറ്റി

ലിവിംഗ് സ്റ്റണിനേയും കൊണ്ട് വേച്ച് വേച്ച് നടന്ന്, താമസി ക്കുന്ന കുടിലിലെത്തി.

കുടിലിൽ വെറും തറയിൽ ലിവിങ്സ്റ്റണിനെ കിടത്തി, സ്റ്റാൻലി നോക്കി നിൽക്കുകയാണ്. ഇംഗ്ലണ്ടിന്റെ വീരപു ത്രൻ മരണാസന്നനായി കിടക്കുന്നു. ചോര ഒട്ടേറെ വാർന്നു പോയി. പക്ഷേ മരണാസന്നനായി അബോധാവസ്ഥയിൽ കിടക്കുന്നു.

സ്റ്റാൻലി അങ്കലാപ്പിലും അന്ധാളിപ്പിലും നോക്കി നിന്നു. അല്പനേരം കഴിഞ്ഞപ്പോൾ ലിവിംഗ്സ്റ്റൺ പയ്യെ കണ്ണു തുറ ന്നു. ഒന്നു പുഞ്ചിരിച്ചു. ലിവിംഗ്സ്റ്റൺ പറഞ്ഞു:

"ഭയപ്പെടേണ്ട, ഞാൻ ആദ്യനും അന്ത്യനും ജീവനുള്ള വനുമാകുന്നു. ഞാൻ മരിച്ചവനായിരുന്നു. എന്നാൽ ഇതാ എന്നന്നേക്കും ജീവിച്ചിരിക്കുന്നു, മരണത്തിന്റേയും പാതാ ളത്തിന്റേയും താക്കോൽ എന്റെ കൈവശമുണ്ട്."

ഉയിർത്തെഴുന്നേറ്റ തോജോമയനായ ക്രിസ്തു പറ യുന്ന വാക്യം. വെളിപ്പാടു പുസ്തകത്തിൽ രേഖപ്പെടുത്തി യിരിക്കുന്നു.

> "ഭയപ്പെടേണ്ട........... ഞാൻ മരിച്ചവനായിരുന്നു, എന്നാൽ ഇതാ എന്നന്നേക്കും ജീവിച്ചിരിക്കു ന്നു, മരണത്തിന്റെയും പാതാളത്തിന്റേയും താക്കോൽ എന്റെ കൈവശമുണ്ട്."
>
> വെളി. 1:18

മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ കൈവശമേന്തുന്നവനെ നിങ്ങളുടെ സ്വന്തമായി നിങ്ങൾക്ക്

കിട്ടിയോ? നിങ്ങളുടെ നാഥനായി നിങ്ങൾക്ക് ലഭിച്ചുവോ? ക്രിസ്തുവിനായി നിങ്ങളുടെ ആയുസ്സ് നിങ്ങൾ വിട്ടുകൊടുത്തുവോ? ക്രിസ്തുവിനു വേണ്ടി നിങ്ങളെ തന്നെ നിങ്ങൾ സമർപ്പിച്ചുവോ?

എല്ലാം കൊടുത്തു വാങ്ങേണ്ട നിധിയാണ് ക്രിസ്തു. ക്രിസ്തുവിനെ നിങ്ങൾ കൈവശമാക്കിയാൽ നിങ്ങളുടെ ജീവിതം പോലെ ഭാഗ്യവത്തായ ജീവിതം വേറൊന്നുമില്ല.

എത്രയെത്ര മഹാരഥന്മാർ ക്രിസ്തുവിനു വേണ്ടി തങ്ങളുടെ ജീവിതം സമർപ്പിച്ചു! എത്രയെത്ര പണ്ഡിതന്മാർ ക്രിസ്തുവിനുവേണ്ടി ജീവിതം കൊടുത്തു! പാവപ്പെട്ട മുക്കുവ തൊഴിലാളികൾ മാത്രമല്ല പിൽക്കാലത്ത് എത്രയെത്ര ഉന്നതന്മാർ ക്രിസ്തുവിനുവേണ്ടി ജീവിതം സമർപ്പിച്ചുകൊടുത്തു!

സുപ്രസിദ്ധ ക്രിക്കറ്റുതാരങ്ങളായിരുന്ന സി.റ്റി. സ്റ്റഡ്ഡും അദ്ദേഹത്തിന്റെ സഹോദരനും. സഹോദരന്റെ രോഗക്കിടക്കയുടെ അരികിൽ നിന്നുകൊണ്ട് സ്റ്റഡ്ഡ് ഏങ്ങലടിച്ചു. ചികിത്സകളെല്ലാം നിഷ്ഫലമായിരുന്നു. തികച്ചും ആകസ്മികമായ രോഗബാധയായിരുന്നു. രണ്ടാഴ്ചമുമ്പ് കളിക്കളത്തിൽ തിളങ്ങിയ അരോഗദൃഢഗാത്രനായ യുവാവ് അവശനായി മരണത്തോട് മല്ലടിച്ചുകിടക്കുകയായിരുന്നു. സഹോദരന്റെ ചേതനയറ്റ ശരീരത്തിലേക്ക് നോക്കിക്കൊണ്ട് സി.റ്റി. സ്റ്റഡ്ഡ് വിതുമ്പിക്കൊണ്ടുപറഞ്ഞു:

"Just one life, it will soon, soon be past. That which is done for Christ alone will last."

“ഒരേഒരായുസ്സു മാത്രം. അത് എത്ര വേഗം തീർന്നു

പോകും. ക്രിസ്തുവിന് വേണ്ടി ചെയ്യുന്നതു മാത്രം നില നിൽക്കും."

യേശുക്രിസ്തു ഇന്നും ജീവിക്കുന്നു. ക്രിസ്തുവിനായി ജീവിതം സമർപ്പിക്കൂ.

നെപ്പോളിയൻ ബോണപ്പാർട്ട് ഒരിക്കൽ പറഞ്ഞു. "അല്ലയോ ഗലീലക്കാരാ നീ ആണല്ലോ ജയിച്ചത്" എന്ന്.

നെപ്പോളിയൻ ബോണപ്പാർട്ട്, സെന്റ് ഹെലീനാ ദ്വീപിൽ നാടുകടത്തപ്പെട്ട്, ഏകനായി വസിക്കുകയായിരുന്നു. അദ്ദേഹം സെന്റ് ഹെലീനാ ദ്വീപിൽ നാടുകടത്തപ്പെടാൻ കാരണം, അദ്ദേഹത്തെ ബ്രിട്ടീഷ് സൈന്യം തോൽപിച്ചതാണ്. ലോർഡ്വെല്ലിംഗ്ടൻ പ്രഭുവിന്റെ കീഴിലുള്ളതായ സൈന്യം അദ്ദേഹത്തെ തോൽപിച്ചു. 1815 ലെ വാട്ടർലൂ യുദ്ധത്തിൽ.

Trafalgar യുദ്ധത്തിൽ നെപ്പോളിയനെ തോൽപിച്ച് എൽബാ ദ്വീപിലേക്ക് നാടുകടത്തിയതായിരുന്നു. നെപ്പോളിയൻ എൽബാ ദ്വീപിൽ നിന്ന് നീന്തി ഫ്രാൻസ് തീരത്ത് വന്ന് വീണ്ടും സാമ്രാജ്യത്തിന്റെ അധിപതിയായി മാറിയതാണ്.

നിങ്ങൾ കേട്ടുകാണും.

'Able was I ere I saw Elba' എന്ന്. നെപ്പോളിയൻ പണ്ട് പറഞ്ഞതാണ്. Elba ദ്വീപ് കാണുന്നതുവരെ ഞാൻ ശക്തനായിരുന്നു എന്ന്. പക്ഷേ പിന്നീട് അദ്ദേഹം പറഞ്ഞു.

Imposibility is the word that is found only in the dictionary of fools.

വിഡ്ഢികളുടെ നിഘണ്ടുവിൽ മാത്രം കാണുന്ന വാക്കാണ് അസാദ്ധ്യം എന്ന്. ആ അസാധ്യത്തെ പുച്ഛിച്ച് തള്ളിയ നെപ്പോളിയൻ സെന്റ് ഹെലിനാ ദ്വീപിൽ നാടുകടത്തപ്പെട്ട് ഏകാകിയായി കഴിയുമ്പോൾ പറഞ്ഞു.

Oh, Galeelian, thou hast won! അല്ലയോ ഗലീലക്കാരാ, നീയല്ലോ ജയിച്ചത്.

സാമ്രാജ്യങ്ങൾ സ്ഥാപിച്ച ചക്രവർത്തിമാരുണ്ട്. സീസർ റോമ സാമ്രാജ്യം സ്ഥാപിച്ചു. അലക്സാണ്ടറും ഒരു സാമ്രാജ്യം സ്ഥാപിച്ചു. ഞാനും സ്ഥാപിച്ചു ഫ്രഞ്ച് സാമ്രാജ്യം, എന്നാൽ ഞങ്ങളെല്ലാം തോറ്റു.

പക്ഷേ ജയാളിയായി ഒരാൾ മാത്രം. "അല്ലയോ ഗലീലക്കാരാ നീയാണല്ലോ ജയാളി." മനുഷ്യഹൃദയത്തിൽ ക്രിസ്തു സ്ഥാപിച്ച സ്നേഹത്തിന്റെ സാമ്രാജ്യം ഇന്നും നിലനിൽക്കുന്നു!

ജയവീരനായ ക്രിസ്തു ഇന്നും ജീവിക്കുന്നു. ജയവീരനായ ക്രിസ്തു ഇന്നും പ്രവർത്തിക്കുന്നു. ജയാളിയായ ക്രിസ്തു ഇന്ന് നിങ്ങളെ തേടി വന്നിരിക്കുന്നു. നിങ്ങൾ ഇരിക്കുന്നിടത്ത് നിങ്ങളുടെ അരികിലേക്ക് ക്രിസ്തു വന്ന് നിൽക്കുകയാണ്. അവൻ നിങ്ങളുടെ നേരെ കെഞ്ചുകയാണ്. മകനേ ഞാൻ നിന്നെ സ്നേഹിക്കുന്നു. മകനെ പാപം വരട്ടിക്കളഞ്ഞ നിന്റെ ജീവിതം കണ്ട് ഞാൻ നിന്നെ കനിവോടെ വിളിക്കുന്നു. ആർദ്രതയോടെ, ഞാൻ നിന്നെ വിളിക്കുന്നു. മകനെ നിന്റെ ഹൃദയം എനിക്ക് തരിക. എന്റെ മകളെ, നിന്റെ ഹൃദയം എനിക്ക് തരിക.

പാപം നശിപ്പിച്ചു കളഞ്ഞ നിന്റെ ജീവിതം, സാത്താൻ

പാപത്തിൽ കെട്ടിയിട്ട നിന്റെ ജീവിതം, പാപത്തിന്റെ ചങ്ങലക്കുരുക്കിൽ പെട്ടുപോയ നിന്റെ ജീവിതം എന്റെ കൈകളിലേക്ക് സമർപ്പിക്കൂ.

മകളേ ഞാൻ നിന്നെ സ്നേഹിക്കുന്നു. നിന്റെ ജീവിതം പുതുക്കി മെനയാൻ, ഞാൻ ഇതാ നിന്റെ അരികിൽ വന്നു നിൽക്കുന്നു.

യേശുവിനെ ഈ സമയത്ത് നിങ്ങൾ സ്വീകരിക്കുമോ? യേശുവിനെ നിങ്ങൾ കൈക്കൊള്ളുമോ? യേശുവിനോട് നിങ്ങൾ ഒരു വാക്ക് പറയുമോ?

എനിക്കുവേണ്ടി കുരിശിൽ മരിച്ച എന്റെ നാഥാ, എന്റെ രക്ഷകാ, നീ ക്രൂശിൽ ചൊരിഞ്ഞ തിരുരക്തം എന്റെ പാപത്തിന്റെ പരിഹാരമാണെന്ന് കർത്താവേ, ഞാൻ വിശ്വസിക്കുന്നു. ഞാൻ ഏൽക്കേണ്ട ശിക്ഷ നീ കുരിശിൽ എനിക്കുവേണ്ടി ഏറ്റു എന്ന് ഞാൻ വിശ്വസിക്കുന്നു. ഞാൻ ഏൽക്കേണ്ട നരക ദുരിതം മുഴുവനും നാഥാ നീ എനിക്കുവേണ്ടി ഏറ്റു എന്ന് ഞാൻ വിശ്വസിക്കുന്നു.

എന്റെ യേശുവേ എനിക്കുവേണ്ടി നീ ക്രൂശിൽ മരിച്ചതിനാൽ ഇന്നു മുതൽ നാഥാ, ഞാൻ നിനക്കായി ജീവിക്കുമെന്ന് ഞാൻ ഇപ്പോൾ തിരുമുമ്പാകെ സമർപ്പിക്കുന്നു. കർത്താവേ നീ എനിക്കു വേണ്ടി കുരിശിൽ മരിച്ചതിനാൽ ഇന്നു മുതൽ ഞാൻ നിനക്കായി ജീവിക്കും.

# ഏഴ്

“ഒരു ഉപമയും അവരോട് പറഞ്ഞത് : ധനവാനായൊരു മനുഷ്യന്റെ ഭൂമി നന്നായി വിളഞ്ഞു. അപ്പോൾ അവൻ : ഞാൻ എന്തു ചെയ്യേണ്ടു? എന്റെ വിളവ് കൂട്ടിവെപ്പാൻ സ്ഥലം പോരാ എന്ന് ഉള്ളിൽ വിചാരിച്ചു. പിന്നെ അവൻ പറഞ്ഞത് : ഞാൻ ഇത് ചെയ്യും, എന്റെ കളപ്പുരകളെ പൊളിച്ച് അധികം വലിയവ പണിത് എന്റെ വിളവും വസ്തുവകയുമെല്ലാം അതിൽ കൂട്ടിവെക്കും. എന്നിട്ട് എന്നോട് തന്നേ, നിനക്ക് ഏറിയ ആണ്ടുകൾക്ക് മതിയായ അനവധി വസ്തുവക സ്വരൂപിച്ച് വച്ചിരിക്കുന്നു, ആശ്വസിക്ക, തിന്നുക, കുടിക്ക, ആനന്ദിക്ക എന്ന് പറയും. ദൈവമോ അവനോട് : മൂഢാ, ഈ

രാത്രിയിൽ നിന്റെ പ്രാണനെ നിന്നോട് ചോദിക്കും. പിന്നെ നീ ഒരുക്കിവെച്ചത് ആർക്കാകും എന്ന് പറഞ്ഞു. ദൈവ വിഷയമായി സമ്പന്നനാകാതെ തനിക്ക് തന്നേ നിക്ഷേപിക്കുന്നവന്റെ കാര്യം ഇങ്ങനെ ആകുന്നു."

ലൂക്കോസ് 12 : 16 – 21

ഈ ഉപമയിൽ വളരെ സമ്പന്നനായ ഒരു കൃഷിക്കാരനെ കുറിച്ചാണ് യേശു പറയുന്നത്.

ധനവാനായൊരു മനുഷ്യൻ, ധാരാളം നിലം, പുരയിടങ്ങൾ ഉള്ള ഒരു മനുഷ്യൻ. ഒട്ടേറെ കൃഷി, നല്ല വിളവെടുപ്പ്.

അയാളുടെ ഭൂമി നന്നായി വിളഞ്ഞു. നല്ല സമൃദ്ധമായ വിളവെടുപ്പായിരുന്നു.

നല്ലൊരു കൃഷിക്കാരനായിരുന്നിരിക്കണം. വളരെ ബുദ്ധിപൂർവ്വം കൃഷി ചെയ്യാൻ കഴിവുള്ള ആളാണ്. അതുകൊണ്ടാണ് നല്ല വിളവ് കിട്ടിയത്. നല്ല വിളവെടുപ്പായപ്പോഴാണ് പുതിയ പ്രശ്നങ്ങൾ ഉണ്ടായത്.

കളത്തിൽ കൊയ്ത് കൂട്ടിയതെല്ലാം മെതിച്ചു കൂമ്പാരമായി കൂട്ടി. പതിവു പോലുള്ള പതിരു കേടൊന്നുമില്ല. നല്ല വിളവെടുപ്പ്.

എവിടെ ഇത് കൂട്ടിവെയ്ക്കും? ഇപ്പോഴുള്ള പത്തായങ്ങളിൽ കൊള്ളുകയില്ല. നെല്ലറകളിലൊന്നിലും കൊള്ളുകയില്ല. ഇപ്പോൾ ഉള്ളവയിൽ നിറഞ്ഞു കഴി

ഞ്ഞാലും പിന്നെയും ധാരാളം ബാക്കിയാണ്.

അവൻ രാത്രി ഉറങ്ങാൻ കിടക്കുകയാണ്, ഉറക്കം വരുന്നില്ല.

ഇല്ല എന്നുള്ളതല്ല അവന്റെ പ്രശ്നം. ഇന്ന് അനേകം ആളുകൾക്ക് ഇല്ല എന്നുള്ളതാണ് പ്രശ്നം. ആഹാരമില്ല, വസ്ത്രമില്ല, നല്ല കിടപ്പാടമില്ല. ജീവിക്കാൻ മാർഗ്ഗമില്ല, നല്ല തൊഴിലില്ല, നല്ല ആരോഗ്യമില്ല, കടം കൂടിക്കൂടി വരുന്നു, രോഗം വർദ്ധിച്ചു വരുന്നു, ജീവിതത്തിൽ പല പല പ്രതിസന്ധികൾ വരുന്നു, എതിർപ്പുകൾ വരുന്നു, പലർക്കും പല പ്രശ്നങ്ങളുണ്ട്.

ധനവാനായ ഈ മനുഷ്യന് ആ പ്രശ്നങ്ങൾ ഒന്നും ഇല്ല. ധാരാളം വിളവ് കിട്ടിയല്ലോ എന്നാണ് ആവലാധി.

ഇതൊക്കെ എവിടെ കൂട്ടിവയ്ക്കും. ഇപ്പോഴുള്ള കളപ്പുരകൾ പൊളിച്ചേ പറ്റൂ. പുതിയ കളപ്പുരകൾ പണിയണം.

ഞാൻ എന്തു ചെയ്യേണ്ടൂ എന്റെ വിളവുകൾ കൂട്ടിവയ്ക്കാൻ സ്ഥലം പോരാ എന്ന് ഉള്ളിൽ വിചാരിച്ചു.

മനസ്സിൽ ചില പ്ലാനുകൾ രൂപപ്പെട്ടു.

തീരുമാനിച്ചു: “ഞാൻ ഇത് ചെയ്യും. എന്റെ കളപ്പുരകളെ പൊളിച്ച് അധികം വലിയവ പണിത് എന്റെ വിളവും വസ്തുവകയും എല്ലാം അതിൽ കൂട്ടിവയ്ക്കും.”

സ്ഥലം ഉണ്ട്. പണിയാനുള്ള വകയുമുണ്ട്. എന്റെ കളപ്പുരകളെ പൊളിച്ച് അധികം വലിയവ പണിത് എന്റെ വിളവും വസ്തുവകയും എല്ലാം അതിൽ കൂട്ടിവയ്ക്കും.

മനസ്സിൽ ചില രൂപരേഖകൾ തയ്യാറായി വന്നു. പ്ലാനും സ്കെച്ചും മനസ്സിൽ രൂപപ്പെട്ടു.

എവിടെയാണ് പണിയേണ്ടത്? എങ്ങിനെയായിരിക്കണം അതിന്റെ എലിവേഷൻ. അതിന്റെ വലിപ്പം എന്തു വേണം?

ബുദ്ധിമാനായ മനുഷ്യനാണല്ലോ, അങ്ങനെ ചിന്തിച്ച് ചിന്തിച്ച് കിടന്നപ്പോൾ പെട്ടെന്ന് ഓർത്തു: ഞാനൊരു ഭാഗ്യശാലിയാണല്ലോ? എനിക്കെന്തൊരു ഭാഗ്യമാണ് കിട്ടിയത്?

ഏറിയ ആണ്ടുകൾക്ക് മതിയായ അനവധി വസ്തുവക എനിക്ക് ലഭിച്ചിരിക്കുന്നു. അനേകം അനേകം വർഷങ്ങളിലേക്ക് വേണ്ടി ഞാൻ സമ്പാദിച്ചുവെച്ചിരിക്കുന്നു. പെട്ടെന്നൊന്നും തീരുകയില്ല. ഒന്നല്ല, രണ്ടല്ല അനേകം അനേകം വർഷങ്ങൾക്ക്, ഏറിയ ആണ്ടുകൾക്കു മതിയായ അനവധി വസ്തു വക!

'For many many years' എന്നാണ് English Bible –ൽ. ആഹ്ലാദം ഹൃദയത്തിൽ അലതല്ലുകയാണ്.

എനിക്ക് പേടിക്കാനില്ല. പെരു മഴപെയ്ത് കൃഷിപ്പിഴ വന്നാലും എനിക്ക് പേടിക്കാനില്ല. ഒട്ടും മഴ ഇല്ലാതെ വറുതി വന്ന്, കൃഷിപ്പിഴ വന്നാലും എനിക്ക് പേടിക്കാനില്ല. ചാഴിക്കേടു വന്ന് വിളവ് മുഴുവനും പതിരായിപ്പോയാലും എനിക്ക് പേടിക്കാനില്ല. കാരണം എനിക്ക് ഏറിയ ആണ്ടുകൾക്ക് മതിയായ അനവധി വസ്തുവക ഞാൻ സ്വരൂപിച്ച് വച്ചിരിക്കുന്നു. എനിക്ക് ആശ്വസിക്കാമല്ലോ, തിന്നാമല്ലോ, കുടിക്കാമല്ലോ, ആനന്ദിക്കാമല്ലോ.

"ഞാൻ ഇത് ചെയ്യും: എന്റെ കളപ്പുരകളെ പൊളിച്ച് അധികം വലിയവ പണിത് എന്റെ വിളവും വസ്തു വകയും എല്ലാം അതിൽകൂട്ടി വയ്ക്കും. എന്നിട്ട് എന്നോട് തന്നെ, നിനക്ക് ഏറിയ ആണ്ടുകൾക്ക് മതിയായ അനവധി വസ്തു വക സ്വരൂപിച്ച് വച്ചിരിക്കുന്നു, ആശ്വസിക്ക, തിന്നുക, കുടിക്ക, ആനന്ദിക്ക എന്നു പറയും."

ലൂക്കൊസ്. 12:18–19

ഇങ്ങനെ ചിന്തിച്ചു ചിന്തിച്ചു കിടന്നപ്പോൾ എപ്പോഴോ പയ്യെ ഒന്ന് മയങ്ങി. പെട്ടെന്ന് ഞെട്ടി ഉണർന്നു.

ഏതാണ്ട് ഒരു പ്രയാസം. നെഞ്ചിൽ കല്ലുപോലെ എന്തോ വലിയ ഒരു ഘനം. ഏതാണ്ട് വലിയ ഒരു ചുമട് കയറ്റി വച്ചിരിക്കുന്നതു പോലെ വലിയൊരു ഭാരം.

ഇല്ലല്ലോ തപ്പി നോക്കി, ഇല്ല വേറൊന്നും ഇല്ല. പക്ഷേ ഒന്നെഴുന്നേൽക്കാൻ നോക്കി. സാധിക്കുന്നില്ല. വേദനിക്കുന്നു. ചങ്ക് പറിച്ചു കീറുന്നതു പോലുള്ള വേദന, ശ്വാസോച്ഛ്വാസം ചെയ്യാൻ സാധിക്കുന്നില്ല.

എന്താണിപ്പോൾ ഒരാവി, കഠിനമായി വിയർക്കുന്നല്ലോ. ശബ്ദം പുറത്ത് വരുന്നില്ല. ആരെയെങ്കിലും ഒന്ന് വിളിക്കാം. പറ്റുന്നില്ല. ശബ്ദം പുറത്ത് വരുന്നില്ല.

ഇപ്പോൾ വിളവിന്റെ കാര്യം ചിന്തയില്ല, വസ്തുവകയുടെ കാര്യം ചിന്തയില്ല, പുതിയ കളപ്പുര പണിയുന്നതിനെക്കുറിച്ചുള്ള ചിന്തയില്ല, പത്തായങ്ങൾ പോര എന്ന

ചിന്തയില്ല, ഏറിയ ആണ്ടുകൾക്ക് മതിയായ അനവധി വസ്തുവക സ്വരൂപിച്ച് വച്ചിരിക്കുന്നു എന്ന വിചാരമില്ല.

ഇപ്പോൾ അതൊന്നുമല്ല ചിന്ത, എന്താണ്, എന്താണെനിക്ക്, എനിക്കെന്താണ് പറ്റിയത്? എഴുന്നേറ്റ് നോക്കി, എഴുന്നേൽക്കാൻ വയ്യ, ചാരിയിരുന്നു നോക്കി, ഇരിയ്ക്കാൻ വയ്യ, വീണ്ടും കിടന്നു നോക്കി. വയ്യ, നടക്കാമോ, നടക്കാൻ ഒട്ടും സാധ്യമല്ല, വിഷമിച്ചു. വിയർപ്പ് കൂടിക്കൂടി വരുന്നു. വേദന വർദ്ധിച്ച് വർദ്ധിച്ച് വരുന്നു. തല ചുറ്റുന്നുണ്ടോ? എന്താണ് എനിക്ക് പറ്റിയത്? എന്താണ് വലിയൊരു സംഭ്രമം?

അപ്പോൾ കേൾക്കാം ഒരു ശബ്ദം. 'മൂഢാ' ആരാണീ വിളിക്കുന്നത്? "മൂഢാ ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോട് ചോദിക്കും."

ചോദിച്ചാൽ എന്നല്ല. ചോദിക്കും. മരിക്കാൻ പോവുകയാണെന്ന് മനസ്സിലായി. തീരാൻ പോവുകയാണ്.

"മൂഢാ, ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോട് ചോദിക്കും. പിന്നെ നീ ഒരുക്കി വച്ചത് ആർക്കാകും."

മരണം എപ്പോഴെന്ന് ആർക്കും അറിഞ്ഞു കൂടാ, മരണം എങ്ങിനെയെന്ന് ആർക്കും അറിഞ്ഞു കൂടാ. മനുഷ്യ ജീവിതം എത്ര ക്ഷണികമാണെന്ന് പലപ്പോഴും നാം ഓർക്കാറില്ല. എന്തുണ്ട് ഈ ലോക ജീവിതം!

നമുക്ക് ഇനി വഴക്കടിക്കാൻ നേരമുണ്ടോ? നമുക്ക് പിണങ്ങിയിരിക്കാൻ പാടുണ്ടോ? നമുക്ക് ഭിന്നിച്ചിരിക്കാൻ പറ്റുമോ? വീട്ടിൽ കലഹമുണ്ടാക്കാൻ പറ്റുമോ? പാവം

ഭാര്യയെ ഉപദ്രവിക്കാൻ പറ്റുമോ? ഇണയാളിയോട് അവി ശ്വസ്തത കാണിച്ച് അഴുക്കുജീവിതം നയിക്കാൻ തോന്നുമോ? കഞ്ചാവിനും മദ്യത്തിനും അടിമകളായി ജീവിക്കാൻ പാടുണ്ടോ? ഈ ഭൗതീക ജീവിതം എത്രയോ നശ്വരമാണ്!

വളരെ വിദഗ്ദ്ധനായ, സുപ്രസിദ്ധനായ ഒരു ഡോക്ടർ ഒരിക്കൽ പറഞ്ഞതോർക്കുന്നു. ഒരു പ്രത്യേക രോഗവും നേരത്തെ ഉണ്ടായിരിക്കണമെന്നില്ല. ഒരു പ്രത്യേക രോഗലക്ഷണവും ഉണ്ടാകണമെന്നില്ല. ഒരു സെക്കൻഡുകൊണ്ട് അപ്രതീക്ഷിതമായി മരണം സംഭ വിക്കാവുന്നതേയുള്ളൂ.

രോഗം വരണമെന്നില്ല, ഒരാപത്തും വരണമെന്നില്ല. മരണം ഏതുനേരത്തും ഏതു വിധത്തിലും വരാം.

ഭക്തനായ, സാധു കൊച്ചുകുഞ്ഞ് ഉപദേശി പാടി.

"ആരുസഹായിക്കും ലോകം തുണയ്ക്കുമോ,
ജീവൻ പോയീടുമ്പോൾ ആശ്രയമാരുള്ളൂ?
സ്നേഹിതൻമാർ വന്നാൽ ചേർന്നരികിൽ നിൽക്കും
ഖേദം പൂണ്ടെല്ലാരും കണ്ണുനീർ തൂകീടും.
ജീവന്റെ നായകൻ ദേഹിയെ ചോദിച്ചാൽ
ഇല്ലില്ലെന്നോതുവാൻ ഭൂതലേയാരുള്ളൂ?"

ജീവന്റെ നായകൻ പ്രാണനെ ചോദിച്ചാൽ ഇല്ല, ഇപ്പോൾ തയ്യാറല്ല എന്നു പറയാൻ ആർക്ക് സാധി ക്കും? മരണദൂതൻ പിടികൂടാൻ വരുമ്പോൾ ഒരുങ്ങിയി ല്ലല്ലോ എന്നു പറയാൻ പറ്റുകയില്ലല്ലൊ.

ഇന്ന് നാം വസിക്കുന്ന ഭൂമിയിൽ, ഒരു നൂറ് വർഷങ്ങൾക്ക് മുമ്പ് നാം ആരെങ്കിലും ഉണ്ടായിരുന്നോ? അല്ല ഒരു നൂറ് വർഷത്തിനു ശേഷം നാം ആരെങ്കിലും ഉണ്ടായിരിക്കുമോ?

എത്ര പെട്ടെന്നാണ് പ്രിയപ്പെട്ടവർ കടന്നു പോകുന്നത്. "ജീവന്റെ നായകൻ ദേഹിയെ ചോദിച്ചാൽ ഇല്ല ഇല്ല എന്നോതുവാൻ ഭൂതലേ ആരുള്ളൂ." ഏവരും താൻ ചെയ്ത പ്രവൃത്തികൾക്ക് ഒത്തതു പോലെ പ്രാപിപ്പാൻ നിത്യതയിലേക്ക് മാറ്റപ്പെടും.

ഈ യാഥാർത്ഥ്യത്തെ നിങ്ങൾ അവഗണിക്കരുത്. മരണം സുനിശ്ചിതമാണ്. പലതും ഉറപ്പുള്ളതല്ല. പരീക്ഷയിൽ പാസ്സാകുമോ, ആർക്കറിയാം? ജോലി കിട്ടുമോ? അപേക്ഷിച്ചിട്ടുണ്ട് കിട്ടുമായിരിക്കും. വിവാഹം ഉടനെ നടക്കുമോ? അറിയാൻ വയ്യ. നടക്കുമായിരിക്കും. വീടുപണി പൂർത്തിയാകുമോ? അറിയാൻ വയ്യ.

എന്നാൽ ഒന്ന് നമുക്ക് തീർച്ചയായിട്ടും അറിയാം. ഒരു ദിവസം കടന്നു പോകും. ആ കാര്യത്തിൽ ആർക്കും സംശയമില്ല.

ഒരു ദിവസം നമ്മുടെ ശരീരം ചേതനയറ്റ് കിടക്കും. ഏതിലെയെല്ലാം സഞ്ചരിച്ച ശരീരമാണത്! ഏതെല്ലാം പ്രദേശം കണ്ട ശരീരം, അത് നിശ്ചലമായി കിടക്കും. പ്രിയപ്പെട്ടവർ ദുഃഖത്തോടെ നിൽക്കും. ഓമനക്കുഞ്ഞുങ്ങൾ വന്ന് നിൽക്കും. കുഞ്ഞുങ്ങൾ, ഭാര്യ അല്ലെങ്കിൽ ഭർത്താവ്, ബന്ധത്തിൽ പെട്ടവർ, സ്നേഹിതൻമാർ, സുഹൃത്തുക്കൾ, കൂടെ ജോലി ചെയ്തവർ, കൂടെ പഠി

ച്ചവർ കൂടെ താമസിച്ചവർ എല്ലാവരും വിഷാദ വിവശരായി നിൽക്കും. ഞാൻ എന്നു പറയുന്ന മനുഷ്യൻ, നിത്യതയിലേക്ക് മാറ്റപ്പെട്ട് കഴിഞ്ഞിരിക്കുന്നു.

ഓർക്കൂ, ഒരു ദിവസം മരണത്തെ നാം നേരിടും. നിത്യതയിലേക്ക് നാം കടന്നു ചെല്ലും. മരണദൂതൻ നമ്മെ പിടികൂടും. ഇന്ന് ഈ ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ നാം മരണത്തെ നേരിടാൻ ഒരുങ്ങേണ്ടതാണ്. അതാണ് വെളിപാട് പുസ്തകത്തിൽ കാണുന്നത്.

> "ഞാൻ സ്വർഗ്ഗത്തിൽ നിന്ന് ഒരു മഹാശബ്ദം പറയുന്നതായി കേട്ടത്, എഴുതുക : ഇന്നു മുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ."
>
> വെളി 14:13

സ്വർഗ്ഗത്തിലെ മഹാശബ്ദം ഭൂമിയിൽ മുഴങ്ങിക്കേട്ടു. "എഴുതുക ഇന്നു മുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ". (വെളി 14:13.)

ക്രിസ്തുവിൽ ജീവിക്കുന്നവർക്കു മാത്രമെ ക്രിസ്തുവിൽ മരിക്കുവാൻ ഒക്കുകയുള്ളൂ. ക്രിസ്തുവിൽ മരിക്കുന്നവരെക്കുറിച്ച് പൂർവ്വിക പിതാക്കന്മാർ പാടി:

"ശരണത്താലേ നിൻ കൃപയിൽ,
മരണമടഞ്ഞൊരു ദാസരെനിൻ
ജീവസ്വരമതുണർത്തണമെ,
കബറീന്നുദ്യാനത്തിന്നായ്."

നിന്റെ കൃപയിൽ ശരണപ്പെട്ട് മരണമടഞ്ഞവരെ നിൻ

ജീവസ്വരം ഉണർത്തണമെ. കബറിൽ നിന്ന്.

സ്വർഗ്ഗീയ ഉദ്യാനത്തിലേയ്ക്ക് ഉയർത്തെഴുന്നേറ്റ് ചെല്ലുവാൻ ആർക്കു സാധിക്കും? ഈ ഭൂമിയിൽ ജീവിച്ച കാലത്ത് ക്രിസ്തുവിൻ ശരണത്തിൽ, ക്രിസ്തുവിനോടുള്ള സ്നേഹ ബന്ധത്തിൽ, നിൽക്കുന്നവർക്കുമാത്രമേ അക്കരെ ദേശത്ത് ചെല്ലുമ്പോൾ ക്രിസ്തുവിന്റെ സ്വർഗ്ഗീയ പറുദീസയിലേക്ക്, വിശുദ്ധന്മാരുടെ നിരയിൽ പറന്നെത്തുവാൻ കഴിയുകയുള്ളൂ."

നാം ഇന്ന് ക്രിസ്തുവിലായോ? നാം ക്രിസ്തുവിലാകാനാണ് ഗോഗുൽത്തായിലെ കുരിശിൽ കർത്താവായ യേശുക്രിസ്തു മൂന്നാണികളിൽ തൂങ്ങിയത്. മുപ്പത്തിമൂന്നര വയസ്സിൽ, നല്ലയൗവ്വന പ്രായത്തിൽ ക്രിസ്തു തന്നെത്താൻ മരണത്തിന് ഏൽപിച്ച് കൊടുത്തു. എന്റെ രക്ഷയ്ക്ക്, നിങ്ങളുടെ രക്ഷയ്ക്ക്, നിങ്ങളെ ആത്മാവിൽ വീണ്ടും ജനിപ്പിക്കുവാൻ, നിങ്ങളെ സ്വർഗ്ഗ രാജ്യത്തിന്റെ അവകാശികളാക്കി ത്തീർക്കുവാൻ, രക്ഷകൻ സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിലേക്ക് ഇറങ്ങി വന്നു ക്രൂശിൽ മരിച്ചു.

"മോറാൻ യേശുമിശിഹാ, നിന്റെ അനുഗ്രഹത്തിന്റെ വാതിൽ ഞങ്ങളുടെ നേരെ അടയ്ക്കരുതേ. കർത്താവേ ഞങ്ങൾ പാപികളാണ് എന്ന് ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോട് കരുണയുണ്ടാകേണമേ: കർത്താവേ നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞു പോകേണ്ടതിന്, നിന്റെ സ്നേഹം നിന്റെ സ്ഥാനത്തു നിന്ന് ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കി കൊണ്ടു വന്നു ഞങ്ങളോട് കരുണ ചെയ്യണമേ" എന്ന് നാം പ്രാർത്ഥിക്കാറുണ്ടല്ലോ.

ദൈവത്തിന്റെ സ്നേഹം ദൈവത്തിന്റെ സ്വർഗ്ഗീയ സ്ഥാനത്ത് നിന്ന് നമ്മെ വീണ്ടെടുക്കുവാനായി, മരണം മാറ്റുവാനായി, നിത്യജീവന്റെ ഉറപ്പ് നമുക്ക് തരുവാനായി തന്നെത്തന്നെ ഈ ഭൂമിയിലേക്ക് ഇറക്കിക്കൊണ്ടു വന്നു.

പൂർവ്വിക പിതാക്കന്മാർ കാവ്യ മധുരിമയാർന്ന ഗീതത്തിന്റെ ശീലുകളിൽ ഇത് പാടി.

"ക്രോബേ സ്രാപ്പികൾ തൻ,
സവിധം വിട്ടവതരണം,
ചെയ്താ കന്യക തൻ-
ഉദരേ വാണോനേ.
ആദാമ്യരെ സാത്താൻ,
മൃതിയിവ തൻ അടിമയിൽ നി-
ന്നേറ്റിടുവാൻ മെയ്യേ-
ന്തിയവീരാ, സ്തോത്രം."

ആദാമ്യ മനുഷ്യരെ സാത്താന്റെയും മരണത്തിന്റെയും അടിമത്വത്തിൽ നിന്ന് ഉദ്ധരിപ്പാനായി മെയ്യേന്തിയ, (ശരീരമെടുത്ത) വീരനാം ദൈവമേ നിനക്ക് സ്തോത്രം. ഇന്ന് ഈ വീരനാം ദൈവം നമ്മുടെ ഹൃദയത്തിൽ വന്നാൽ നമുക്ക് ക്രിസ്തുവിൽ ജീവിക്കാം.

ക്രിസ്തു നമ്മുടെ ഹൃദയത്തിലേക്ക് വന്നാൽ ഇന്ന് ഹൃദയത്തിലുള്ള തിന്മയെല്ലാം മാറും. പാപം മാറും, അഴുക്ക് മാറും, ദുശ്ശീലം മാറും, ദുസ്സ്വഭാവം മാറും, കോപം മാറും, വൈരാഗ്യം മാറും, വിദ്വേഷം മാറും, സകല ദോഷങ്ങളും മാറും.

ക്രിസ്തു ഉയർത്തെഴുന്നേറ്റ് ജീവിക്കുന്നത് നിന്റെ

ഹൃദയത്തിൽ വസിപ്പാനാണ്. ക്രിസ്തു ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്നത് നിന്റെ ആത്മീയ മരണം മാറ്റാനാണ്; നിന്നെ സ്വർഗ്ഗരാജ്യത്തിന്റെ അവകാശിയാക്കി തീർക്കാനാണ്.

വിശ്വസിക്കൂ, ഇപ്പോൾ നിന്റെ അരികത്ത് വന്ന് കെഞ്ചി നിൽക്കുന്ന രക്ഷകനെ നീ ഹൃദയത്തിലേക്ക് സ്വീകരിക്കൂ.

നാഥാ, ഇന്നു മുതൽ ഞാനൊരു പുതിയ സൃഷ്ടിയായി ജീവിക്കും. കർത്താവേ, ഏതു സമയത്തും ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെടുവാൻ ഞാൻ ഒരുങ്ങിയിരിക്കും.

# എട്ട്

"ദൈവമോ അവനോട്: മൂഢാ. ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോട് ചോദിക്കും. പിന്നെ നീ ഒരുക്കിവെച്ചത് ആർക്കാകും എന്നു പറഞ്ഞു. ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കു തന്നെ നിക്ഷേപിക്കുന്നവന്റെ കാര്യം ഇങ്ങനെയാകുന്നു."

ലൂക്കോസ് 12 : 20–21

ദൈവം ഈ ധനവാനായ മനുഷ്യനെ വിളിച്ചത് മൂഢാ എന്നാണ്. അവൻ എന്തെങ്കിലും വിഡ്ഢിത്തം കാണിച്ചതായി നാം കാണുന്നില്ല. നന്നായി കൃഷി ചെയ്തു. നല്ലതുപോലെ നിലം ഒരുക്കിത്തന്നെയായിരിക്കും, വളം ഇട്ടായിരിക്കും, വിത്ത് മുളച്ചു വന്നപ്പോൾ

വീണ്ടും വളം ഇട്ടുകാണും. മാത്രമല്ല അതിന് പുഴു ക്കേട് ഒന്നും വരാതെ നോക്കിക്കാണും. എല്ലാം വളരെ ശ്രദ്ധിച്ച് ചെയ്തതു കൊണ്ടാണല്ലോ നല്ല വിളവ് കിട്ടിയത്. സംശയമില്ല. ബുദ്ധിപൂർവ്വമാണ് കൃഷി ചെയ്തത്.

യുക്തമായും ബുദ്ധിയായും കൃഷി ചെയ്തു. നല്ല വിളവ് കിട്ടി. അതിൽ ഒരു മണി നെല്ലു പോലും, ഒരു ഗോതമ്പു പോലും നഷ്ടപ്പെടാതെ സൂക്ഷിക്കാനുള്ള ബുദ്ധിയും അദ്ദേഹം കാണിച്ചു.

ഇപ്പോഴുള്ള കളപ്പുരകൾ പോര പുതിയ കളപ്പുരകൾ പണിയണം എന്ന് ചിന്തിച്ചു. ലോക പ്രകാരം ഈ മനുഷ്യൻ നല്ല ബുദ്ധിമാനായ മനുഷ്യൻ ആണ്. വളരെ ബുദ്ധിപൂർവ്വം കാര്യങ്ങൾ നിർവ്വഹിക്കുന്ന ഒരു മനുഷ്യൻ. എന്നാൽ ആ കർഷക പ്രമാണിയെ കർത്താവ് വിളിച്ചത് 'മൂഢാ' എന്നാണ്.

എന്തുകൊണ്ടാണ് അവനെ മൂഢാ എന്നു വിളിച്ചത്. ഒന്നാമതായി ഇവിടെത്തന്നെ പറയുന്നുണ്ട്, "ദൈവ വിഷയമായി സമ്പന്നനാകാതെ തനിക്കു തന്നെ നിക്ഷേപിക്കുന്നവന്റെ കാര്യം ഇങ്ങനെയാകുന്നു."

അവൻ ദൈവ വിഷയമായി സമ്പന്നനായില്ല. ഭൂമിയിൽ സമ്പന്നനായി. സമ്പത്ത് പാപമല്ല, പണമുണ്ടാക്കുന്നത് പാപമല്ല, കൃഷിചെയ്യുന്നത് പാപമല്ല, കൃഷിയിൽ നിന്ന് വിളവെടുക്കുന്നത് പാപമല്ല.

ദരിദ്രനായി ജീവിക്കണമെന്ന് ദൈവം ആരെക്കുറിച്ചും ആഗ്രഹിക്കുന്നില്ല. പൈസയില്ലാതെ വലയണമെന്നും ദൈവം ആരെക്കുറിച്ചും ആഗ്രഹിക്കുന്നില്ല.

നല്ലതുപോലെ പഠിക്കാം, നന്നായി പാസ്സാകാം, നല്ല ജോലി നേടാം, നല്ലതുപോലെ ജോലി ചെയ്യാം. ഉയർന്ന ശമ്പളം വാങ്ങാം. ബാങ്ക് ബാലൻസ് ഉണ്ടോ, നല്ലത്. എന്നാൽ നീ ദൈവ വിഷയമായി സമ്പന്നൻ ആയിക്കൊള്ളണം, എന്നാണ് ദൈവം പറയുന്നത്.

ദൈവവിഷയമായി സമ്പന്നനാകാതെ തനിക്ക് തന്നെ നിക്ഷേപിക്കുന്നവന്റെ കാര്യം ഇങ്ങനെയാകുന്നു. അനേകമാളുകളും തനിക്ക് തന്നെ നിക്ഷേപിക്കുന്നവരാണ്. ദൈവവിഷയമായി സമ്പന്നൻ ആകുന്നില്ല.

ഒരു ദൈവമുണ്ടോ ആർക്കറിയാം. അത് ചിന്താവിഷയമല്ല. ദൈവം കാണുമോ, പേടിയില്ല. ദൈവം അറിയില്ലേ, ഭയമില്ല. ഒരു ദിവസം ഞാൻ മരണം വഴിയായി കടന്നുചെന്ന് ഈ ദൈവത്തെ അഭിമുഖീകരിക്കേണ്ടതായി വരില്ലേ? ആ ചിന്തയില്ല.

ഈ മനുഷ്യനെ ദൈവം മൂഢാ എന്നു വിളിക്കാനുള്ള ഒന്നാമത്തെ കാരണം.

"He was not God conscious, He was not conscious of God."

അവൻ ദൈവത്തെക്കുറിച്ച് ബോധവാനായിരുന്നില്ല. ദൈവത്തെക്കുറിച്ച് conscious അല്ലായിരുന്നു, ദൈവത്തെ കുറിച്ച് ചിന്തയില്ലായിരുന്നു. ദൈവ ബോധമില്ലായിരുന്നു.

അനേകരങ്ങനെയാണ്, ആരെയും ഉപദ്രവിക്കാൻ പേടിയില്ല. ആരെയെങ്കിലും ചതിക്കാൻ പേടിയില്ല. ആരെയെങ്കിലും മുറിപ്പെടുത്താൻ പേടിയില്ല. ആരെ പേടിക്കാൻ!

മാതാപിതാക്കളെ ധിക്കരിക്കാൻ പേടിയില്ല, മദ്യപിച്ച് കൂത്താടി നടക്കാൻ പേടിയില്ല. നിഷ്ഠൂര പ്രവൃത്തികൾ ചെയ്യുന്നു.

ദൈവഭയമില്ല, ദൈവവിചാരമില്ല, ഉണ്ടെങ്കിൽ കൊല പാതകം ചെയ്യുമോ? പോക്കറ്റടി, മോഷണം, കവർച്ച, ഭവന ഭേദനം ഇതൊക്കെ ചെയ്യുന്നത് ദൈവഭയമില്ലാത്തതുകൊണ്ടാണ്. ദൈവഭയമുണ്ടെങ്കിൽ, ദൈവം കാണുന്നു, ദൈവത്തെ മറയ്ക്കാൻ സാധ്യമല്ല, ദൈവം എല്ലാം അറിയുന്നു എന്ന ഭയമുണ്ടെങ്കിൽ, തീർച്ചയായും പാപം ചെയ്യുകയില്ല.

ദാവീദ് രാജാവ് ഒരിക്കൽ പറഞ്ഞു. Stand in awe and sin not. ഭയത്തോടും വിറയലോടും കൂടി നിൽപ്പിൻ. പാപം ചെയ്യരുത്. സങ്കീ. 4:4

"നടുങ്ങുവിൻ പാപം ചെയ്യാതിരിപ്പിൻ."

"Stand in awe and sin not."

സങ്കീ. 4:4

ദാവീദ് സ്വന്ത അനുഭവം വെച്ചുകൊണ്ടാണ് പറയുന്നത്. ദാവീദിന്റെ ജീവിതത്തിൽ പാപം വന്നു.

പാപം ജീവിതത്തിൽ വരുന്നത് ദൈവവിചാരമില്ലാത്തതുകൊണ്ടാണ്. പ്രാർത്ഥിക്കും, നമസ്ക്കാരങ്ങളുണ്ട്, ആരാധനകളുണ്ട്, പ്രസംഗങ്ങളുണ്ട്, എന്നാൽ പാപം ജീവിതത്തിൽ നിന്ന് മാറുന്നില്ല താനും.

ചടങ്ങുകളുണ്ട്, പ്രാർത്ഥനകളുണ്ട്, നമസ്ക്കാരങ്ങളുണ്ട്, പ്രസംഗങ്ങളുണ്ട്, ചടങ്ങിനെല്ലാമുണ്ട്. പക്ഷേ ദൈവ

ഭയമില്ല. ദൈവം എന്നെ കാണുന്നു എന്ന ചിന്തയില്ല.

ആ ഒരു നടുക്കം നമുക്കുണ്ടെങ്കിൽ നാം പാപം ചെയ്യാൻ ഭയപ്പെടും.

എനിക്ക് ഏറിയ ആണ്ടുകൾക്ക് വേണ്ടിയുള്ള വസ്തുവക ഞാൻ തന്നെ സ്വരൂപിച്ച് വച്ചിരിക്കുന്നു. ദൈവം തന്നതാണെന്നുള്ള വിചാരമില്ല.

ദൈവം തരാതെ നിനക്കെന്തുണ്ട്. നിന്റെ ഇന്നത്തെ ആരോഗ്യം ആരു തന്നതാണ്, നീ അറിഞ്ഞില്ല ദൈവമാണ് നിന്നെ താങ്ങിയതെന്ന്. മോളെ, നീ അറിഞ്ഞില്ല സ്വർഗ്ഗത്തിലെ ദൈവമാണ് നിന്നെ കാത്തതെന്ന്. അത്യാപത്ത് വന്നതല്ലേ. അത്യാഹിതം സംഭവിച്ചതല്ലേ? ആര് രക്ഷിച്ചു?

രോഗക്കിടക്കയിൽ നിന്ന് നിന്നെ എഴുന്നേൽപ്പിച്ചത് ആരാണ്? നിരാശ വന്നതായിരുന്നില്ലേ? തളർന്ന് പോയതായിരുന്നില്ലേ? ഇനി എഴുന്നേൽക്കില്ല എന്ന് നീ വിചാരിച്ചതായിരുന്നില്ലേ? നീ വിചാരിച്ചതിനേക്കാൾ കൂടുതൽ നിന്റെ സ്വന്തപ്പെട്ടവർ വിചാരിച്ചിരുന്നില്ലേ?

ദൈവം തന്നതല്ലേ ഈ ആയുസ്സ്, ദൈവം തന്നതല്ലേ ഇന്നത്തെ ആരോഗ്യം, ദൈവം തന്നതല്ലേ പഠിക്കാനുള്ള ബുദ്ധി, ദൈവം തന്നതല്ലേ ഇന്ന് നിനക്ക് ജോലി ചെയ്യാനുള്ള കഴിവ്.

"തന്നതല്ലാതിങ്ങൊന്നുമില്ലീശോ
തന്നിടുന്നെന്നെയുമേ
കുശവൻ കയ്യിൽ കളിമൺ പോൽ

തിരുഹിതം ഏത് പോലതുപോലെ
രൂപപ്പെടുത്തണമെന്നെയുമേ
സഹിപ്പതിനുള്ളൊരു കൃപ മതിയേ.”

കർത്താവേ, നീ തന്നതല്ലാതെ, എനിക്ക് ഒന്നുമില്ല, എന്നെ നീ രൂപപ്പെടുത്തണമെ. കുശവന്റെ കയ്യിലെ കളിമണ്ണു പോലെ ഇതാ ഞാൻ എന്നെ നിന്റെ കൈകളിലേക്ക് തരുന്നു, എന്നെ മെനഞ്ഞവന്റെ കരങ്ങളിലേക്ക് ഞാൻ എന്നെത്തന്നെ ഭരമേൽപ്പിക്കുന്നു. എന്റെ അമ്മയുടെ ഗർഭപാത്രത്തിൽ ഞാൻ ഉരുവാകുന്നതിന് മുമ്പേ എന്നെ അറിഞ്ഞ എന്റെ നിത്യനായ ദൈവത്തിന്റെ കരങ്ങളിലേക്ക് ഞാൻ എന്നെ തന്നെ ഏൽപ്പിക്കുന്നു.

ദൈവത്തെ മറക്കരുത്. ദൈവത്തെ മറന്ന് ഒന്നും ചെയ്യരുത്.

ക്രിസതു ഇല്ലെങ്കിൽ നാം പൂജ്യമല്ലേ?

"With Christ I am a hero, and without Christ I am a zero"

ക്രിസ്തു ഉണ്ടെങ്കിൽ ഞാനൊരു Hero യാണ്. ക്രിസ്തു ഇല്ലെങ്കിൽ ഞാനൊരു പൂജ്യമാണ്. ഞാനിത് എഴുതുമ്പോൾ ഞാൻ എന്റെ ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കുകയാണ്. എന്റെ ആകെ ബലം യേശുവാണ്. എന്റെ ആകെ സമ്പത്ത് യേശുവാണ്.

അപ്പനില്ലാതെ വളർന്നു വന്നവനാണ് ഞാൻ. ഒരു വയസ്സിൽ അപ്പൻ മരിച്ചു. നിരാശയിലും ആകുലതയിലും ജീവിച്ച എനിക്ക് യേശു ജീവിതത്തിലേക്ക് കടന്നു വന്നതാണ് ഇന്ന് ഞാൻ സമാധാനമായി കഴി

യാൻ കാരണം.

പ്രിയപ്പെട്ടവരേ, നിങ്ങളോട് ഞാൻ തുറന്ന് പറയട്ടെ, ആരും കേറി വരാത്ത വീടായിരുന്നു എന്റെ വീട്. ആരും തിരിഞ്ഞ് നോക്കാത്ത ഭവനമായിരുന്നു. ആരെ കാണാൻ വരണം, ആരോട് മിണ്ടാൻ വരണം. അമ്മ പാവം മുപ്പ താമത്തെ വയസ്സിൽ വിധവയായി. ഞങ്ങൾ കുഞ്ഞുങ്ങൾ ഞാനും എന്റെ പെങ്ങളും മാത്രം.

ഞങ്ങൾ ഏങ്ങലടിച്ച് കരഞ്ഞ ദിനരാത്രങ്ങൾ. എത്ര എത്രകാലം കരഞ്ഞു കഴിഞ്ഞു! അമ്മ കരയും, പെങ്ങൾ കരയും ഞാനും കരയും.

അമ്മ പലപ്പോഴും പറയും. “വീട് ഉറങ്ങിപ്പോയി” എന്ന്. എന്നാൽ ഇന്ന് ആയിരക്കണക്കിനാളുകൾ ഒരു മിച്ച് കൂടുന്നു ദൈവത്തെ സ്തുതിക്കുന്നു. എനിക്ക് യേശുക്രിസ്തുവിനോട് കടപ്പാടുണ്ട്.

ആരെല്ലാം തെറ്റിദ്ധരിച്ചാലും, ആരെല്ലാം പകച്ചാലും, ആരെല്ലാം വെറുത്താലും, ആരെല്ലാം കുറ്റപ്പെടുത്തിയാലും ആരെല്ലാം ഒറ്റപ്പെടുത്തിയാലും എനിക്ക് എന്റെ യേശു വിനെ മറക്കാൻ വയ്യ.

നിങ്ങളുടെ ജീവിതത്തിലേക്ക് നിത്യനായ ദൈവം വരട്ടെ. God conscious ആയിക്കൊള്ളൂ.

ദൈവം വലിയവനാണ്. ദൈവം സർവ്വ വല്ലഭനാ ണ്. നിന്റെ പോരായ്മകൾ നികത്താൻ മതിയായവനാ ണ്, നിന്റെ രോഗം മാറ്റാൻ ശക്തനാണ്, മനസ്സലിവുള്ളവ നാണ്.

നിന്റെ ദുരിതമകറ്റാൻ അവൻ മതിയായവനാണ്. നീ ഇന്ന് വലയുന്ന വിഷയങ്ങളിൽ പോംവഴി തരുവാൻ ദൈവം മതിയായവനാണ്.

മോളേ, നിന്റെ ഭർത്താവ് നേരത്തെ മരിച്ചു പോയി. നീ ഇന്ന് അനാഥയെ പോലെ കേഴുകയാണ്. നിന്റെ കാര്യം നോക്കാൻ യേശുക്രിസ്തു മതിയായവനാണ്. മോനെ, നിന്റെ ഭാര്യ നേരത്തെ അക്കരയ്ക്കു പോയി. നീ ഇന്ന് ചിറകൊടിഞ്ഞ പക്ഷിയെപോലെ കരഞ്ഞു കഴിയുകയാണ്. എന്നാൽ നിന്നെ താങ്ങാൻ യേശുവിന്റെ കരം മതിയായതാണ്.

അപ്പനില്ലാത്തവർ ഇല്ലേ? അമ്മ നഷ്ടപ്പെട്ടവർ ഇല്ലേ? പിഞ്ചോമന കുഞ്ഞുങ്ങൾ നഷ്ടപ്പെട്ടതിൽ ഉള്ളുനൊന്ത് കേഴുന്നവരില്ലേ?

നിങ്ങൾക്ക് ആശ്വാസം ക്രിസ്തു തരും. ക്രിസ്തു മാത്രമേ ആശ്വാസം തരികയുള്ളൂ. നിലനിൽക്കുന്ന ആശ്വാസം ക്രിസ്തുവിന് മാത്രമെ തരാൻ കഴിയുകയുള്ളൂ.

ഒരിക്കലും തീരാത്ത സമാധാനം, ലോകത്തിന് തരാൻ കഴിയാത്ത സന്തോഷം, ലോകത്തിന് എടുത്ത് കളയാൻ കഴിയാത്ത സമാധാനം, സ്വർഗ്ഗത്തിലെ ദൈവം നിങ്ങൾക്ക് തരും.

യേശു നിങ്ങളുടെ ഉള്ളത്തിലേക്ക് ഒന്ന് വരട്ടെ. ദൈവം ഉള്ളവരായി നിങ്ങൾ ജീവിക്കൂ, യേശുക്രിസ്തു ജീവിതത്തിൽ വാഴുന്ന സ്വർഗ്ഗീയ അനുഭവത്തിൽ നിങ്ങൾ ജീവിക്കൂ, ദൈവ ബോധമുള്ളവരായി നിങ്ങൾ ജീവി

ക്കൂ. ദൈവത്തെ ഭയപ്പെടുന്നവരായി നിങ്ങൾ ജീവിക്കൂ.

പാപം വരാതെ നിങ്ങളെത്തന്നെ സൂക്ഷിക്കൂ. അഴുക്ക് പറ്റാതെ നിങ്ങളെത്തന്നെ സൂക്ഷിക്കൂ. അരുതാത്ത ഒരക്ഷരം പോലും വരാതെ, അരുതാത്ത ഒരു ചലനം പോലും വരാതെ, ഒരു പുതിയ ജീവിതം നയിക്കാൻ തുടങ്ങൂ.

സ്നേഹിതരെ, നിങ്ങളുടെ ജീവിതം ശോഭനമാകും, നിങ്ങളുടെ ജീവിതം പ്രത്യാശാഭരിതമായി തീരും, നിങ്ങളുടെ കേടുകൾ മാറും, നിങ്ങളുടെ രോഗങ്ങൾ മാറും, നിങ്ങളുടെ കടത്തിന് ഒരു പൊറുതി കിട്ടും. പ്രശ്നങ്ങൾക്ക് ഒരു പരിഹാരമുണ്ടാകും.

നിങ്ങൾ വിശ്വസിക്കൂ. ദൈവമുള്ളവരാകുവിൻ. ക്രിസ്തുവാണ് ഏറ്റവും വലിയ നിധി. ക്രിസ്തുവാണ് ഏറ്റവും വലിയ സമ്പത്ത്. ദൈവ വിഷയമായി സമ്പന്നരാകൂ. ദൈവവിഷയമായി സമ്പന്നരായില്ലെങ്കിൽ, സ്വർഗ്ഗത്തിലെ ദൈവം നിങ്ങളെ വിളിക്കുന്നത് "മൂഢാ" എന്നായിരിക്കും.

ചാൾസ് ഡാർവിന്റെ Origin of species എന്ന പുസ്തകത്തിൽ അദ്ദേഹത്തിന്റെ പ്രസിദ്ധമായ സിദ്ധാന്തമുണ്ട്. Theory of evolution. പരിണാമ സിദ്ധാന്തം. എങ്ങാണ്ടു നിന്നോ ഒരു അണു വന്നു വീണു എന്നും, ആ അണു പല രൂപ പരിണതികൾ പ്രാപിച്ചു എന്നും, അത് മീനായിട്ട് വെള്ളത്തിലൂടെ സഞ്ചരിച്ചു എന്നും, പിന്നീട് വാൽമാക്രിയായി വെള്ളത്തിലൂടെ സഞ്ചരിച്ചു എന്നും, പിന്നീട് അത് കരയിലും വെള്ളത്തിലും സഞ്ചരിക്കുന്ന തവളയായി തീർന്നു എന്നും പല രൂപ പരിണതികൾക്ക്

ശേഷം കുരങ്ങായി തീർന്നു എന്നും, കുരങ്ങ് മൂത്ത് മൂത്ത് അവസാനം മനുഷ്യനായി തീർന്നു എന്നും മനുഷ്യൻ ഇനി superman ആയിത്തീരും, എന്നുമെല്ലാമാണ് Charles Darwin ന്റെ പരിണാമ സിദ്ധാന്തം.

മഹാപണ്ഡിതനും പ്രശസ്ത കവിയുമായ പ്രൊഫ. എൻ. ഗോപാലപിള്ള പാടി:

"വാനരൻ മൂത്തു വാൽ പോയ് നരനായി
വാനവനാകാൻ മുതിരുകയായ്."

Darwin ദൈവ വചനത്തെ ധിക്കരിച്ചു. ദൈവ വചനം തെറ്റാണെന്നു പറഞ്ഞു, കേവലം അസംബന്ധം എന്നാണ് അദ്ദേഹം പറഞ്ഞ്.

Darwin ഒരിക്കൽ അദ്ദേഹത്തിന്റെ വീടിന്റെ മുമ്പിലുള്ള ഒരു ഉദ്യാനത്തിലൂടെ നടക്കുകയായിരുന്നു. വീടിന്റെ അപ്പുറത്ത് ഒരു വാടക വീടുണ്ട്. അവിടെ താമസിക്കുന്ന ആൾ ഒരു പാവപ്പെട്ട സുവിശേഷകനാണ്.

സുവിശേഷകൻ, വേദപുസ്തകം ഒരു സഞ്ചിയിലാക്കി തോളിലിട്ടുകൊണ്ട് gate കടന്ന് വന്നപ്പോൾ Darwin അദ്ദേഹത്തെ വിളിച്ച് ചോദിച്ചു: "നിങ്ങൾക്ക് ക്രിസ്തു എന്ന ഒരാളുടെ കാര്യം മാത്രമേ പറയാനുള്ളുവോ? പുതിയ വാർത്ത ഒന്നും പറയാനില്ലേ?"

ഉടനെ സുവിശേഷകൻ പറഞ്ഞു. "സാറെ ഞാൻ യേശുക്രിസ്തുവിനെ കുറിച്ച് പറഞ്ഞതുകൊണ്ട് അനേകം പേർക്ക് സമാധാനം കിട്ടുന്നുണ്ട്. അനേകം കുടുംബങ്ങളിൽ സമാധാനം ഉണ്ടാകുന്നുണ്ട്. വഴക്കടിച്ചിരിക്കുന്ന

വർ ഇണങ്ങുന്നുണ്ട്. ഭിന്നിച്ചു പോയവർ വളരെ അടുപ്പ ത്തിലായി തീരുന്നുണ്ട്.

സാറെ, കുരങ്ങ് മൂത്ത് മനുഷ്യനായി എന്നു സാർ പറയുന്നതുകൊണ്ട്, എത്ര പേർക്ക് സമാധാനം കിട്ടി?

Darwin തെല്ലൊന്ന് തറ്റു നിന്നു. എന്തോ ചിന്തിച്ചു. എന്നിട്ട് പയ്യെ അദ്ദേഹം വീട്ടിലേക്ക് കേറിപ്പോയി. അദ്ദേ ഹത്തിന്റെ മനസ്സിൽ സ്വസ്ഥതയില്ല. ശരിയാണല്ലോ, ഞാനൊന്നും നേടിയില്ലല്ലോ. ആർക്കാ സമാധാനം കിട്ടി യത്.? കുരങ്ങ് മൂത്ത് മനുഷ്യനായി എന്നു പറഞ്ഞാ ലോ, മനുഷ്യൻ മൂത്ത് superman ആകുമെന്ന് പറ ഞ്ഞാലോ ആർക്ക് ഗുണം കിട്ടും? മനുഷ്യരാശിക്ക് എന്താണ് പ്രയോജനം?

Bible ൽ പറയുന്നത് എന്താണെന്ന് ഒന്നു നോക്കാം. അദ്ദേഹത്തിന്റെ അലമാര തുറന്ന് ബൈബിൾ എടുത്തു വായിച്ചു. അദ്ദേഹം ബൈബിൾ തുറന്നപ്പോൾ കിട്ടിയത് എബ്രായ ലേഖനം 9-ാം അദ്ധ്യായമാണ്.

എബ്രായലേഖനം 9-ാം അദ്ധ്യായത്തിൽ അദ്ദേഹം വായിച്ചത്. “രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല” എന്ന വാക്യമാണ്. എന്താണീ വിമോചനം? വിമോചനം എന്ന വാക്ക് കേൾക്കാൻ ഇഷ്ടമുള്ളതാണ്. ആ വാക്കിനെ കുറിച്ച് അദ്ദേഹം ഒന്നും മനസ്സിലാക്കാതെ അമ്പരന്നിരു ന്നു. Lady Hope എന്ന ഒരു മഹതിയെ വിളിച്ചു വരുത്തി. ദൈവദാസി അവിടെ വന്ന് ഈ വാക്കിന്റെ അർത്ഥം പറഞ്ഞു കൊടുത്തു.

ക്രിസ്തുവിന്റെ തിരുരക്തം വിമോചനം തരുന്നു

എന്ന്, ക്രിസ്തുവിന്റെ തിരുരക്തം മനുഷ്യമനസ്സിന്റെ ബന്ധനങ്ങൾ അഴിച്ചു മാറ്റുന്നു എന്ന്, ക്രിസ്തുവിന്റെ തിരുരക്തം മനുഷ്യ ഹൃദയത്തിന് ശാന്തി നൽകുന്നു എന്ന്. ലേഡി ഹോപ്പ് വിശദീകരിച്ചു കൊടുത്തു.

അദ്ദേഹം ആ മഹതിയോട് ചോദിച്ചു. നിങ്ങൾ ഇപ്പോൾ എന്നോട് പറഞ്ഞ ഈ വാക്കുകൾ കേട്ടപ്പോൾ എന്റെ ഉള്ളിൽ ഒരു സമാധാനം കിട്ടുന്നുണ്ടല്ലോ, ദയ വായി എന്റെ വീട്ടിൽ ഒരു പ്രാർത്ഥനാ യോഗം വച്ചാൽ, നിങ്ങൾ വന്ന് ഇതൊന്ന് പ്രസംഗിക്കാമോ?

അവിടെ യോഗം വച്ചു. അദ്ദേഹത്തിന്റെ ശിഷ്യന്മാ രെയും സുഹൃത്തുക്കളെയും വിളിച്ചു വരുത്തി. Lady Hope ക്രിസ്തുവിന്റെ തിരുരക്തത്തേക്കുറിച്ചും, ക്രിസ്തു തിരുരക്തം ചൊരിഞ്ഞതിൽ കൂടെ നേടിയെടുത്ത രക്ഷ യെക്കുറിച്ചും നിത്യജീവനെകുറിച്ചും, സ്വർഗ്ഗ രാജ്യത്തെ കുറിച്ചും പറഞ്ഞു.

ഈ കാര്യങ്ങൾ Creation or Evolution എന്ന പേരിൽ Dr. Enoch എഴുതിയ പുസ്തകത്തിൽ കാണാം. ഈ പുസ്തകം. 'സൃഷ്ടിയോ പരിണാമമോ' എന്ന പേരിൽ മലയാളത്തിലുണ്ട്.

ദൈവമില്ല എന്ന് വിശ്വസിച്ചിരുന്ന മനുഷ്യൻ, വേദ പുസ്തകത്തെ നിഷേധിച്ചിരുന്ന ആൾ ദൈവ വിശ്വാസി യായിത്തീർന്നു. വിശ്രുതപണ്ഡിതനും ദാർശനികനുമായ സി.എസ്. ലൂയീസ് നിരീശ്വരനായിരുന്നു. പിൽക്കാലത്ത് അദ്ദേഹം ആഴമേറിയ ദൈവവിശ്വാസത്തിന്റെ പ്രഘോഷക നായിത്തീർന്നു.

ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയത്തിലേക്ക് നാഥനായി സ്വീകരിക്കാമോ? ക്രിസ്തുവിനായി നിങ്ങളുടെ ഉള്ളം തുറന്ന് കൊടുക്കാമോ?

ക്രിസ്തുവിന്റെ ആണിപ്പാടുള്ള കരം നിങ്ങളുടെ നേരെ നീട്ടിയിരിക്കുന്നത് വിശ്വാസ കണ്ണുകളാൽ കണ്ടുകൊണ്ട്, ക്രിസ്തുവിനെ നിങ്ങൾക്ക് സ്വീകരിക്കാമോ? ക്രിസ്തുവിന്റെ തൃക്കരങ്ങളിലേക്ക്, ആണിപ്പാടുള്ള കരങ്ങളിലേക്ക്, നിങ്ങളുടെ ഭാവി നിങ്ങൾക്ക് ഏൽപ്പിച്ചു കൊടുക്കാമോ? ക്രിസ്തുവിനോട് ഒരു വാക്ക് പറയാമോ?

നാഥാ ഇന്നുമുതൽ ഞാനൊരു പുതിയ മനുഷ്യൻ, യേശുവേ ഇന്നു മുതൽ ഞാനൊരു പുതിയ സൃഷ്ടി. നാഥാ ഇന്നു മുതൽ ഞാൻ നിന്റെ വക.

## ഒൻപത്

> “ഒരു മനുഷ്യൻ സർവ്വലോകവും നേടിയിട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം. അല്ല തന്റെ ജീവനെ വീണ്ടുകൊൾവാൻ മനുഷ്യൻ എന്ത് മറുവില കൊടുക്കും.”
>
> മത്തായി 16 : 26

വിശുദ്ധ മത്തായിയുടെ സുവിശേഷം 6–ാം അദ്ധ്യായത്തിൽ – കർത്താവിന്റെ ഗിരിപ്രഭാഷണത്തിൽ – കർത്താവ് ഇപ്രകാരം പറയുന്നു.

> “പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്ന് മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്. പുഴുവും തുരുമ്പും കെടുക്കാതെയും കള്ള

ന്മാർ തുരന്ന് മോഷ്ടിക്കാതെയും ഇരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചു കൊൾവിൻ."

മത്തായി 6 :19–20

മരണത്തിന് ശേഷം ഒരു നിത്യതയുണ്ട്. നിത്യത ഒന്നുകിൽ സ്വർഗ്ഗം, അല്ലെങ്കിൽ നരകം. നിത്യ സ്വർഗ്ഗം നമുക്ക് പ്രാപിക്കാൻ കഴിഞ്ഞില്ലെങ്കിൽ അത് നികത്താനാവാത്ത നഷ്ടമായി തീരും.

നമ്മുടെ ഈ ശരീരം മണ്ണോടു മണ്ണ് ചേരും. മർത്യൻ പൊടിയിലേക്ക് മടങ്ങിച്ചേരും എന്ന് അഹരോന്റെ ശവസംസ്കാര സമയത്ത് അഹരോന്റെ സഹോദരനായ മോശ പാടുകയുണ്ടായി, തൊണ്ണൂറാം സങ്കീർത്തനത്തിൽ.

മർത്യൻ പൊടിയിലേക്ക് തിരികെചേരും. എന്നാൽ മനുഷ്യന്റെ ഉള്ളിൽ ഒരാത്മാവുണ്ട്. ആത്മാവ് നിത്യ സ്വർഗ്ഗത്തിൽ എത്തിയില്ലെങ്കിൽ നിത്യത നരകത്തിന്റെ ഭീകരദുരിതത്തിൽ ആയിപ്പോകും; നിത്യ ദണ്ഡനത്തിലായിപ്പോകും.

ഒരു കാലത്തും തിരുത്താൻ വയ്യാത്ത മഹാനഷ്ടം, ഒരു കാലത്തും രക്ഷപ്പെടാൻ വയ്യാത്തതായ നിത്യനാശം നമുക്ക് വരിക എന്നു പറയുന്നത് താങ്ങാവുന്നതല്ല, ആ ഭയാനകമായ അന്ത്യം നമുക്ക് വരാതിരിക്കാൻ നാം ആത്മാവിന് വേണ്ടി കരുതണം. ആത്മാവിനെ കുറിച്ച് ബോധമുള്ളവരായിരിക്കണം.

Bible ജീവന്റെ വചനമാണ്. ആത്മാവിന്റെ രക്ഷയ്ക്കുള്ള ദൈവ വചനമാണ്. ആത്മാവിന്റെ നിത്യ

ജീവനു വേണ്ടിയുള്ള ദൈവീക ആലോചനയാണ്.

സഹോദരങ്ങളെ, അവനെ ദൈവം 'മൂഢാ' എന്നു വിളിച്ചത് എന്തുകൊണ്ട് എന്ന് ഒരു കാര്യം നാം കഴിഞ്ഞ അദ്ധ്യായത്തിൽ ചിന്തിച്ചു.

ഒന്ന് :- He was not God conscious. He was not conscious of God

തന്നെക്കുറിച്ചുള്ള വിചാരമേ അവനുള്ളൂ. ദൈവമുണ്ടെന്നോ ദൈവം തന്നു എന്നോ ദൈവം എന്നെ അനുഗ്രഹിച്ചു എന്നോ ഒരു ചിന്തയും അവന് വരുന്നില്ല.

എന്നാൽ അവൻ ഈ ലോകത്തിന്റെ ധനത്തിലും, സമൃദ്ധിയിലും സന്തോഷത്തിലും പ്രശംസിക്കുകയും, ആനന്ദിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. പല പദ്ധതികളും അവൻ ആസൂത്രണം ചെയ്യുകയാണ്. അതെല്ലാം നടപ്പിൽ വരുത്തുമോ ഇല്ലയോ എന്നു പോലും അവൻ അറിയുന്നില്ല.

യാക്കോബിന്റെ ലേഖനത്തിൽ ഇങ്ങനെ കാണുന്നു.

> "ഇന്നോ നാളെയോ ഞങ്ങൾ ഇന്ന പട്ടണത്തിൽ പോയി അവിടെ ഒരാണ്ടു കഴിച്ച് വ്യാപാരം ചെയ്ത് ലാഭമുണ്ടാക്കും എന്നു പറയുന്നവരേ, കേൾപ്പിൻ: നാളത്തേതു നിങ്ങൾ അറിയുന്നില്ലല്ലോ. നിങ്ങളുടെ ജീവൻ എങ്ങനെയുള്ളത്? അല്പനേരത്തേക്ക് കാണുന്നതും പിന്നെ മറഞ്ഞു പോകുന്നതുമായ ആവിയല്ലോ?"
>
> യാക്കോബ് 4 : 13-14

ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ സദൃശവാക്യങ്ങളിൽ പറയുന്നു:

> "നാളത്തെ ദിവസം ചൊല്ലി പ്രശംസിക്കരുത്. ഒരു ദിവസത്തിൽ എന്തെല്ലാം സംഭവിക്കും എന്ന് അറിയുന്നില്ലല്ലോ."
>
> സദൃ. 27:1

സഹോദരങ്ങളെ, ധനവാനായ ആ മനുഷ്യൻ ദൈവബോധമുള്ളവനായിരുന്നില്ല. ദൈവം അവനെ മൂഢാ എന്നുവിളിച്ചു.

രണ്ടാമത്തെ കാരണം :- He was not soul conscious.

അവന്റെ ആത്മാവിനെക്കുറിച്ച് അവന് ചിന്തയുണ്ടായിരുന്നില്ല. അവന്റെ ദേഹത്തെക്കുറിച്ചും ഭൗതിക ജീവിതത്തെക്കുറിച്ചും മാത്രമേ അവൻ ചിന്തിച്ചുള്ളൂ. അവൻ ധനം സമ്പാദിക്കുന്നതും സമൃദ്ധിയിൽ കഴിയുന്നതും ഈ ലോകത്തിലെ കാര്യങ്ങൾക്ക് വേണ്ടി മാത്രം. നിത്യത അവന് ഒരു വിഷയമല്ല. ആത്മാവിന്റെ വീണ്ടെടുപ്പ് അവന് വിഷയമല്ല. നിത്യ ജീവനെക്കുറിച്ച് അവൻ ചിന്തിക്കുന്നില്ല.

നിങ്ങളുടെ ജീവൻ എങ്ങിനെയുള്ളത് എന്ന് തിരുവചനം പറയുന്നു. "അല്പനേരത്തേക്ക് കാണുന്നതും പിന്നെ മറഞ്ഞു പോകുന്നതുമായ ആവിയല്ലോ." ഇപ്പോൾ കാണുന്നു. പിന്നെ ഈ ആവി അങ്ങ് മറഞ്ഞു പോകുന്നു. ക്ഷണനേരത്തേക്കുള്ള ഒരു ജീവിതം. വളരെ ക്ഷണികവും നശ്വരവുമായ ജീവിതം.

നിങ്ങളുടെ ജീവൻ എങ്ങിനെയുള്ളത്? ഇപ്പോൾ

കാണുന്നതും പിന്നെ മറഞ്ഞുപോകുന്നതുമായ ആവി യല്ലോ.

ആത്മാവിന്റെ കാര്യം ചിന്തിക്കുക, അതാണ് വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ പറയുന്നത്.

> "ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ട, ദേഹിയേയും ദേഹത്തേയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ തന്നെ ഭയപ്പെടുവിൻ."
>
> മത്തായി 10 : 28.

Don't be afraid of those who want to kill you, they can only kill your body. They cannot touch your soul. Fear only God, who can destroy both your body and soul to hell. (Living Bible.)

നിങ്ങൾക്ക് ഒരു നിത്യതയുണ്ട്, നിങ്ങൾ നിങ്ങളുടെ ആത്മാവിന്റെ കാര്യം കരുതണം. നിങ്ങളുടെ ആത്മാവ് നിത്യജീവൻ പ്രാപിച്ചില്ലെങ്കിൽ തീരാനഷ്ടം.

> "പുഴുവും ഇരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയും ഇരിക്കുന്ന സ്വർഗ്ഗത്തിൽ നിങ്ങൾ നിക്ഷേപം സ്വരൂപിച്ചു കൊൾവിൻ"
>
> മത്തായി 6:19–20

നിങ്ങളുടെ സമ്പത്ത് സ്വർഗ്ഗത്തിലാകട്ടെ. ആത്മാവിന്റെ നിത്യജീവൻ, ആത്മാവിന്റെ നിത്യരക്ഷ – നേടിയാൽ അത് പുഴുവോ തുരുമ്പോ കെടുത്തിക്കളയുകയില്ല. കള്ളന്മാരിൽ നിന്ന് അത് ഭദ്രമായിരിക്കും, സുരക്ഷിതമായിരിക്കും.

ഇതു തന്നെയാണ് നാം മത്തായിയുടെ സുവിശേഷത്തിൽ കാണുന്നത്

> " ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന്നു എന്തുപ്രയോജനം ? അല്ല തന്റെ ജീവനെ വീണ്ടുകൊൾവാൻ മനുഷ്യൻ എന്തു മറുവില കൊടുക്കും"
>
> മത്തായി 16 : 2–6

സമ്പത്ത് നേടുന്നത് പാപമാണെന്ന് കർത്താവ് പറയുന്നില്ല. സമ്പത്ത് നമ്മുടെ ആവശ്യങ്ങൾക്ക് തീർച്ചയായിട്ടും കൂടിയേ കഴിയൂ. നമ്മുടെ ദൈനംദിന ആവശ്യങ്ങളുണ്ട്. നമുക്ക് കിടപ്പാടം വേണം, നമുക്ക് ഭക്ഷണം വേണം, നമുക്ക് ഉടുവസ്ത്രം വേണം, നമുക്ക് കൂടിയേ കഴിയൂ എന്നുള്ള ചില ആവശ്യങ്ങളുണ്ട്.

അതൊന്നും ഒഴിവാക്കാൻ കർത്താവ് ആഗ്രഹിക്കുന്നില്ല. ഈ minimum requirements നേടാൻ വേണ്ടിയുള്ള യത്നത്തിൽ നിങ്ങളുടെ ആത്മാവിന്റെ കാര്യം നഷ്ടപ്പെടുത്തി കളയരുത്.

അനേകമാളുകളും ഭൗതികമായി സമ്പത്ത് നേടുന്നത്, ആത്മാവിന്റെ കാര്യം നഷ്ടപ്പെടുത്തിക്കൊണ്ടാണ്.

അവിടെയാണ് തെറ്റു പറ്റുന്നത്.

പാപം വരുന്നു. ജീവിതത്തിൽ വഞ്ചനയും, കള്ള വും, ചതിയും വരുന്നു. അഴിമതിയും, കൈക്കൂലിയും വരുന്നു. കള്ളക്കണക്കുകൾ എഴുതുന്നു. കൊള്ളലാഭ ങ്ങൾ ഉണ്ടാക്കുന്നു. അവിഹിതമായി സമ്പാദിച്ച് വയ്ക്കുന്നു.

പാട്ടുകാരൻ പാടും:

"ആത്മാവിനെ കരുതിടാതെ അന്തം ഓർക്കാതെ
എവിടെയ്ക്കോ നിൻ യാത്ര ഇപ്പോൾ ഒടുവിലെന്താകും?
പാപം ചെയ്തു കാലമെല്ലാം പാഴിലാക്കിയാൽ
ഇന്നു നിന്റെ നാഥൻ വന്നാൽ അന്തമെന്താകും?
അന്തമെന്താ ചിന്ത ചെയ്ക സോദരാ വേഗം
അധികവാസം ഇഹത്തലില്ലേ ഒടുവിലെന്താകും?"

ആത്മാവിന്റെ വീണ്ടെടുപ്പിന് വേണ്ടി ക്രിസ്തു വലിയ വില കൊടുത്തു. അവിടുന്ന് സ്വന്തം ജീവൻ നമുക്ക് വേണ്ടി മറുവിലയായി കൊടുത്തു.

നമ്മുടെ പാപം മൂലം സാത്താന് അടിമപ്പെട്ടിരുന്ന നമ്മെ, വീണ്ടെടുക്കാൻ കരുണയുള്ള കർത്താവ് തന്നെത്തന്നെ ക്രൂശിലർപ്പിക്കാൻ തിരുമനസ്സായി.

കർത്താവ് വന്നത് ജീവിക്കാനല്ല. കർത്താവ് വന്നത് മരിക്കാനാണ്. കർത്താവ് വന്നത് ജീവൻ നേടാനല്ല, കർത്താവ് വന്നത് ജീവൻ ത്യജിക്കാനാണ്.

നമ്മുടെ ജീവിതം പാപമയമായി, പൈശാചികന്റെ

ആധിപത്യത്തിനുള്ളിൽ ആയതുകൊണ്ട് സ്വർഗ്ഗത്തിലെ ദൈവത്തിന് നമ്മോട് മനസ്സലിവ് തോന്നി. കരുണാസമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം തന്റെ ഏക ജാതനായ പുത്രനെ കുരിശിലർപ്പിക്കാൻ തിരുമനസ്സായി.

കർത്താവേ, എനിക്കു വേണ്ടി നീ കുരിശിൽ മരിച്ചതിനാൽ ഇന്നു മുതൽ ഞാൻ നിനക്കു വേണ്ടിയാണ് ജീവിക്കാൻ പോകുന്നത് എന്ന് ചിന്തിച്ചുറയ്ക്കണം.

ഇന്നുമുതലുള്ള എന്റെ ജീവിതം നാഥാ, നിനക്ക് വേണ്ടിയാണ്. ഇതുവരെ പിശാചിന് യുക്തമായ രീതിയിൽ അവൻ എന്നെ പന്താടി എന്നെ പാവ കളിപ്പിച്ചു എന്നെ കൊണ്ട് എല്ലാ ഹീനകൃത്യങ്ങളും അവൻ ചെയ്യിച്ചു.

ഒരിക്കലും ഒരു മനുഷ്യനും ചിന്തിക്കാൻ പാടില്ലാത്തവിധമായ മ്ലേച്ഛ പ്രവൃത്തികൾ അവൻ എന്നെ കൊണ്ട് ചെയ്യിച്ചു.

എന്റെ കർത്താവേ, എന്നാൽ ഇന്നിപ്പോൾ ഞാൻ പൈശാചിക ശക്തിയോട് എന്നന്നേക്കുമായി യാത്ര പറഞ്ഞ് നാഥാ, എനിക്കുവേണ്ടി കുരിശിൽ മരിച്ച രക്ഷകനെ നാഥനും കർത്താവുമായി ഞാൻ എന്റെ ഹൃദയത്തിലേക്ക് സ്വീകരിക്കുന്നു.

ഈ തീരുമാനം നിങ്ങൾക്ക് വരുമ്പോൾ ജീവനുള്ള ക്രിസ്തു നിങ്ങളുടെ ഹൃദയത്തിലേക്ക് എഴുന്നെള്ളി വരും. അവന്റെ തിരുരക്തത്തിന്റെ മുദ്ര നിങ്ങളുടെ നെറ്റിമേൽ ചാർത്തി തരും. അവന്റെ തൃക്കരം നിങ്ങളുടെ

ശിരസ്സിൽ വയ്ക്കും.

അവന്റെ പരിശുദ്ധാത്മാവ് പ്രാവു പോലെ ചിറകടിച്ച് പറന്ന്, നിങ്ങളുടെ തലമേൽ പൊരുന്നിയിരിക്കും.

## പത്ത്

"സകല ജഡവും പുല്ലു പോലെയും അതിന്റെ ഭംഗിയെല്ലാം പുല്ലിന്റെ പൂ പോലെയും ആകുന്നു, പുല്ല് വാടി പൂവുതിർന്നു പോയി, കർത്താവിന്റെ വചനമോ എന്നേക്കും നിലനിൽക്കുന്നു"

പത്രോസ് 1 : 24

യേശുക്രിസ്തു പറഞ്ഞ ഉപമയിലെ ധനവാനായ മനുഷ്യൻ വളരെ അപ്രതീക്ഷിതമായി മരണത്തെ നേരിട്ടു. ദൈവം അവനോട് ചോദിച്ചു: "മൂഢാ ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോട് ചോദിക്കും. പിന്നെ നീ ഒരുക്കി വച്ചത് ആർക്കാകും?"

എന്തുകൊണ്ടാണ് ദൈവം അവനെ 'മൂഢാ' എന്ന് വിളിച്ചത്?

ഒന്ന് :- അവൻ ദൈവ വിചാരം ഉള്ളവനായിരുന്നില്ല.

He was not conscious of God

രണ്ട് :- അവന് ആത്മാവിനെ കുറിച്ച് കരുതൽ ഉണ്ടായിരുന്നില്ല.

He was not conscious of his soul

മൂന്ന് :- അവന്റെ മരണത്തെ കുറിച്ച് വിചാരമുണ്ടായിരുന്നില്ല.

He was not conscious of his death

അവൻ പറയുന്നത് ഏറിയ ആണ്ടുകൾക്ക് മതിയായ അനവധി വസ്തു വക ഞാൻ സ്വരൂപിച്ച് വെച്ചിരിക്കുന്നു എന്നാണ്. ഏറിയ ആണ്ടുകൾ തിന്നാം, കുടിക്കാം, ആശ്വസിക്കാം, ആനന്ദിക്കാം എന്നാണവന്റെ കണക്കുകൂട്ടൽ.

ഏറിയ ആണ്ടുകളുടെ കണക്കാണ് അവൻ പറയുന്നത്. മരിക്കത്തക്ക പ്രായമായില്ല. അതുകൊണ്ട് ഇനി ഏറിയ ആണ്ടുകൾ സുഖമായി സന്തോഷ സമൃദ്ധിയിൽ ലയിച്ചു കഴിയാം.

കുമാരനാശാന്റെ വീണപൂവ് എന്ന സുപ്രസിദ്ധമായ കവിത ജീവിതത്തിന്റെ ക്ഷണഭംഗുരത വ്യക്തമാക്കുന്നതാണ്.

പൂവ് വീണു കിടക്കുന്നത് നാം എത്രയോ പേര് കാണാറുണ്ട്. വീണുകിടക്കുന്ന പൂവ് കണ്ടപ്പോൾ ആശാനിലുള്ള തത്വജ്ഞാനി ഉണർന്നു.

"ശ്രീഭൂവിലസ്ഥിര, മസംശയമിന്നു നിന്റെ-
യാഭൂതിയെങ്ങു, പുനരിങ്ങു കിടപ്പിതോർത്താൽ."

ആ കവിത അവസാനിക്കുമ്പോൾ ആശാനിലുള്ള ദാർശനികൻ ഇങ്ങനെയാണ് പാടുന്നത്.

"കണ്ണേ! മടങ്ങുക കരിഞ്ഞുമലിഞ്ഞുമാശു
മണ്ണാകുമീ മലരു വിസ്മൃതമാകുമിപ്പോൾ
എണ്ണീടുകാർക്കു മിതുതാൻ ഗതി; സാദ്ധ്യമെന്തു
കണ്ണീരിനാൽ, അവനി വാഴ്വു കിനാവു കഷ്ടം"

വീണു കിടക്കുന്ന പൂവിലേക്ക് നോക്കിയാൽ നിന്റെ അവസ്ഥയും ഇതു തന്നെയാണല്ലോ എന്നോർത്ത് ഏങ്ങലടിച്ച് പോകും. അതുകൊണ്ട് കണ്ണേ, നീ ഇനിയും അങ്ങോട്ടു നോക്കണ്ട.

കരിഞ്ഞുമലിഞ്ഞും ഈ പൂവ് മണ്ണിൽ ലയിച്ചു ചേരും. പിന്നെ ആരും ഇതിനെ ഓർക്കാൻ പോകുന്നില്ല. ഇങ്ങനെ ഒരു പൂവുണ്ടായിരുന്നു എന്ന് ആരോർക്കാൻ?

ആരുടേയും കാര്യം ഇങ്ങനെ തന്നെയാണ്. കരഞ്ഞിട്ടെന്തു പ്രയോജനം?

ഈ ഭൂമിയിലെ ജീവിതം ഒരു സ്വപ്നംപോലെ, രാത്രിക്ക് പന്ത്രണ്ട് മണിക്കൂറുണ്ട്. അതിൽ കുറച്ച് സമയമേ മനുഷ്യൻ ഉറങ്ങുന്നുള്ളൂ.

ഉറങ്ങി കിടക്കുന്നതിൽ ഒന്നോ, രണ്ടോ മിനിട്ടു നേരം പക്ഷേ ഒരു സ്വപ്നം കാണുന്നു. അതൊന്നും

വാസ്തവമല്ലല്ലോ.

എല്ലാം ഒരു സ്വപ്നംപോലെ മാത്രം.

കുമാരനാശാന്റെ വലിയൊരു ആരാധനാപാത്രമായിരുന്നു എ.ആർ രാജരാജവർമ്മ കോയി തമ്പുരാൻ.

മഹാജ്ഞാനിയും, സാഹിത്യത്തിന്റെ മർമ്മം കണ്ട ധന്യാത്മാവുമായ എ.ആർ. രാജരാജവർമ്മ കോയി തമ്പുരാൻ, പെട്ടെന്ന് മരിച്ചു.

അദ്ദേഹം മരിച്ചപ്പോൾ കുമാരനാശാൻ അത് അറിഞ്ഞു. തന്റെ ഗുരുവരനെ പോലെ മാനിക്കുകയും ആരാധിക്കുകയും ചെയ്യുന്ന എ.ആറിന്റെ നിര്യാണത്തിൽ അനുശോചിക്കാൻ അവിടെ എത്തി.

ചിതയിൽ ആ ശരീരം കത്തി ദഹിക്കുന്നത് നോക്കിക്കൊണ്ട് നിന്നു. കണ്ണീരില്ല, കരച്ചിലില്ല, മിണ്ടാട്ടമില്ല, മരവിച്ചതുപോലെ അവിടെ നിന്നു. എന്നിട്ട്, അദ്ദേഹം ഒരു സ്വപ്നാടന ജീവിയെപോലെ തിരികെ പോന്നു. ഏതാനും ദിവസം സ്തംഭിച്ചങ്ങനെ ഇരുന്നു. ഏതാനും നാളുകൾ മരവിച്ചിരുന്നു. പിന്നീട് ഏങ്ങലടിക്കാൻ തുടങ്ങി.

കരയാൻ തുടങ്ങിയപ്പോൾ അത് ഉതിർന്നു വീണത് കാവ്യശീലുകളായിട്ടാണ്.

കവിതയുടെ പേര് തന്നെ 'കരച്ചിൽ' എന്നാണ്. 'പ്രരോദനം'

"കഷ്ടം! സ്ഥാന വലിപ്പമോ, പ്രഭുതയോ, സജ്ജാതിയോ, വംശമോ,

ദിഷ്ടശ്രീ തനുധാടിയോ ചെറുതുമിങ്ങോരില്ല ഘോരാ
നലൻ
സ്പഷ്ടം, മാനുഷ ഗർവ്വമൊക്കെയിവിടെപ്പൂക്ക സ്തമി
ക്കുന്നിതി–
ങ്ങിഷ്ടന്മാർ പിരിയുന്നു, ഹാ, ഇവിടമാണദ്ധ്യാത്മ വിദ്യാ
ലയം"

ചിതയിൽ വച്ച ശരീരത്തെ സ്ഥാനവലിപ്പമുള്ള ആളാണെന്ന് വിചാരിച്ച് ചിതയിലെ തീയ് ദഹിപ്പിക്കാതിരിക്കുമോ?

ചിതാഗ്നി, അയ്യോ ഇത് പ്രഭുതയുള്ള ആളാണ്, ആഢ്യത്വമുള്ള ആളാണ്, എന്നൊക്കെ ഓർത്തുകൊണ്ട് ആ ശരീരം ദഹിപ്പിക്കാതിരിക്കുമോ?

പ്രിയപ്പെട്ടവർ കടന്നു പോകുമ്പോൾ, അപ്പോഴാണ് വിതമ്പലുകൾ, അപ്പോഴാണ് നെടുവീർപ്പുകൾ.

സഹോദരങ്ങളെ, മനുഷ്യൻ ആത്മാവിനെ കുറിച്ച് കരുതലുള്ളവനായിരിക്കണം.

ഒരു പ്രഭാത പ്രാർത്ഥന ഉണ്ട്.

"ക്ഷണമൊരോന്നു പോകവേ ക്ഷയിച്ചിടുന്നു ജീവിതം
ഗുണമസംഖ്യമാളുകൾക്കു ചെയ്തിടേണ്ടതുണ്ടിവൻ
ഉണർവ്വോടെന്നുമെൻ പ്രവൃത്തി സമയനിഷ്ഠയോടു ഞാൻ
അണുവിടാതെ ചെയ്യുമാറനുഗ്രഹിക്ക, ദൈവമേ."

ഓരോ നിമിഷം കഴിയുന്തോറും ജീവിതം ക്ഷയിച്ചു കൊണ്ടിരിക്കുകയാണ്. അന്ത്യത്തിലേക്ക് നീങ്ങിക്കൊണ്ടി

രിക്കുകയാണ്.

മഹാനായ അലക്സാണ്ടർ ചക്രവർത്തി മരണാസന്ന നായി കിടന്നപ്പോൾ തന്റെ പ്രിയപ്പെട്ടവരെ ഭരമേൽപ്പിച്ച ഒരു സംഭവം കേട്ടിട്ടുണ്ട്. "ഞാൻ മരിച്ച് എന്റെ ശരീരം ശവസം സ്ക്കാരത്തിനായി കൊണ്ടുപോകുമ്പോൾ ശവമഞ്ചത്തിനി രുപുറത്തും രണ്ട് ദ്വാരമുണ്ടാക്കി എന്റെ കൈകൾ വെളിയി ലേക്ക് ഇട്ടിരിക്കണം. ലോകം വെട്ടിപ്പിടിച്ച മഹാനായ അല ക്സാണ്ടർ ചക്രവർത്തി വെറും കൈയായിട്ടാണ് പോകു ന്നത് എന്ന് ലോകം കാണട്ടെ."

നാം ഒന്നും അക്കരെ ദേശത്തേക്ക് കൊണ്ടുപോകു ന്നില്ല.

Death conscious ആയിരിക്കുക. മരണത്തെ കുറിച്ച് ബോധമുള്ളവരായിരിക്കുക. ഇല്ലെങ്കിൽ ദൈവം വിളി ക്കുന്നതോ 'മൂഢാ' എന്നായിരിക്കും.

ദൈവം ആ ധനവാനായ മനുഷ്യനെ 'മൂഢാ' എന്ന് വിളിക്കാൻ കാരണം:

ഒന്ന് :- ദൈവബോധമുള്ളവനായിരുന്നില്ല. He was not God conscious

രണ്ട് :- ആത്മാവിനെ കുറിച്ച് ബോധമുള്ളവനായി രുന്നില്ല. He was not soul conscious

മൂന്ന്:- അവന് മരണത്തെ കുറിച്ച് വിചാരമുണ്ടായി രുന്നില്ല. He was not death conscious

നാല്:- മറ്റുള്ളവരെ കുറിച്ച് കരുതലില്ല. മറ്റുള്ളവരെ കുറിച്ച് കരുതലുണ്ടായിരുന്നില്ല.

He was not conscious of others. He was not others - conscious.

“എനിക്ക് ഏറിയ ആണ്ടുകൾക്ക് മതിയായ അനവധി വസ്തുവക ഞാൻ സ്വരൂപിച്ച് വച്ചിരിക്കുന്നു. ഞാൻ ഇതു ചെയ്യും. എന്റെ കളപ്പുരകളെ പൊളിച്ച് അധികം വലിയവ പണിത് എന്റെ വിളവും വസ്തു വകയും അതിൽ കൂട്ടിവയ്ക്കും.”

എല്ലാം ഞാൻ, എനിക്ക്, എന്റെ, എല്ലാം, എന്നാണ്. എന്നിൽ തങ്ങി നിൽക്കുന്നു. മറ്റുള്ളവരെ കുറിച്ച് ഒരു കരുതലില്ല. മറ്റുള്ളവർ എങ്ങിനെ ജീവിക്കുന്നു എന്നവനറിയേണ്ട.

മറ്റുള്ളവരെക്കുറിച്ച് കരുതൽ വരണമെങ്കിൽ ദൈവബോധം വരണം. മറ്റുള്ളവരെ കുറിച്ച് കരുതൽ വരണമെങ്കിൽ ആത്മാവിനെ കുറിച്ച് കരുതൽ വരണം. മറ്റുള്ളവരെ കുറിച്ച് കരുതൽ വരണമെങ്കിൽ മരണമുണ്ട് എന്ന ചിന്ത വരണം.

മരണമുണ്ട്, ഞാൻ ഒരു ദിവസം കടന്നുപോകും എന്ന ചിന്തയുണ്ടെങ്കിൽ മറ്റാരേയും നൊമ്പരപ്പെടുത്താൻ തോന്നുകയില്ല. മറ്റാരേയും ഉപദ്രവിക്കാൻ തോന്നുകയില്ല. മറ്റാരുടേയും അപഹരിച്ചെടുക്കാൻ തോന്നുകയില്ല.

മരണമുണ്ട് എനിക്ക്. ഒരു ദിവസം ഞാൻ ഇതെല്ലാം വിട്ട് പോകുമെന്ന ചിന്ത വന്നാൽ, എപ്പോഴും നമ്മുടെ ഹൃദയം ആർദ്രമായിരിക്കും. എപ്പോഴും നമ്മുടെ ഹൃദയം സ്നേഹോഷ്മളമായിരിക്കും.

നമ്മുടെ ജീവിതം മറ്റുള്ളവരെ കുറിച്ച് കരുതലുള്ള

താണോ? മറ്റുള്ളവരെ കുറിച്ച് ഒരു പരിഗണനയുണ്ടോ? അവരും സമാധാനം അനുഭവിക്കേണ്ടതാണ്, എന്ന ചിന്താ ഗതി നമുക്കുണ്ടോ?

എങ്കിൽ കുടുംബ ജീവിതം സമാധാനമുള്ളതായിരിക്കും. മക്കൾ മാതാപിതാക്കളെ അനുസരിക്കും. മാതാപിതാക്കൾ മക്കളെ സ്നേഹിക്കും.

ഭാര്യ ഭർത്താവിന് കീഴ്പ്പെടും. ഭർത്താവ് ഭാര്യയെ സ്നേഹിക്കും.

ഭർത്താവ് ഭാര്യയെ ആദരിക്കും. ഭാര്യയെ ഒരു അടിമയെ പോലെ കരുതുകയില്ല, അവളെ സ്നേഹിക്കും, അവളെ കരുതും.

ഭാര്യയോ, ഭർത്താവിന് കീഴ്പ്പെടും, ഭർത്താവിനെ അനുസരിക്കും. ഭർത്താവിനെ ഭയപ്പെടും. ഇതെല്ലാം ബൈബിളിൽ കാണുന്ന വാക്കുകളാണ്.

പത്രോസ് ശ്ലീഹാ പറയുന്നത് എന്തെന്നു നോക്കാം.

> "ഭാര്യമാരെ നിങ്ങളുടെ ഭർത്താക്കന്മാർക്കു കീഴടങ്ങിയിരിപ്പിൻ"
>
> പത്രോസ് 3:1

വീണ്ടും എഫേസ്യലേഖനത്തിൽ ഭാര്യാഭർത്താക്കന്മാരെപറ്റി എന്തുപറയുന്നു എന്നുനോക്കാം.

> "ഭാര്യമാരെ, കർത്താവിനു എന്ന പോലെ സ്വന്തം ഭർത്താക്കന്മാർക്ക് കീഴടങ്ങുവിൻ. ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭയ്

ക്കു തലയാകുന്നതുപോലെ ഭർത്താവു ഭാര്യയ്ക്കു തലയാകുന്നു. എന്നാൽ സഭ ക്രിസ്തുവിനു കീഴടങ്ങിയിരിക്കുന്നതുപോലെ ഭാര്യമാരും ഭർത്താക്കന്മാർക്കു സകലത്തിലും കീഴടങ്ങിയിരിക്കേണം. ഭർത്താക്കന്മാരെ, ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ.... അവ്വണ്ണം ഭർത്താക്കന്മാരും തങ്ങളുടെ ഭാര്യമാരെ സ്വന്തശരീരങ്ങളെപ്പോലെ സ്നേഹിക്കേണ്ടതാകുന്നു. ഭാര്യയെ സ്നേഹിക്കുന്നവൻ തന്നത്താൻ സ്നേഹിക്കുന്നു..... അതു നിമിത്തം ഒരു മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ട് ഭാര്യയോടുപറ്റിച്ചേരും, ഇരുവരും ഒരു ദേഹമായിത്തീരും. ഓരോരുത്തൻ താന്താന്റെ ഭാര്യയെ തന്നെപ്പോലെ തന്നെ സ്നേഹിക്കേണം. ഭാര്യയോ ഭർത്താവിനെ ഭയപ്പെടേണ്ടതാകുന്നു.''

എഫെസ്യർ 5 : 22–32

ഈ ഭാഗം വായിക്കുമ്പോൾ ഭാര്യമാർ എങ്ങനെയാണ് ഭർത്താവിനോട് പെരുമാറേണ്ടത് എന്നു കാണാം.

ഭർത്താവിനെ ഭരിക്കരുത്, ഭർത്താവിനു കീഴ്പ്പെട്ടിരിക്കണം. പക്ഷെ ഭർത്താവിനെ ബഹുമാനിക്കുകയും, ഭയപ്പെടുകയും അനുസരിക്കുകയും സ്നേഹിക്കുകയും ചെയ്യണം. അവഗണിക്കരുത്.

ഭാര്യയെ ആദരിക്കണം. ഭാര്യയെ ബഹുമാനിക്കണം ഭാര്യയെ സ്നേഹിക്കണം. ഭാര്യയെകരുതണം. അപ്പോൾ

കുടുംബജീവിതം ഭദ്രമാകും.

നമ്മുടെ കുടുംബം ഐശ്വര്യമായി തീരണ്ടേ? നമ്മുടെ കുടുംബത്തിൽ ഐക്യം വരണ്ടേ? നമ്മുടെ കുടുംബത്തിൽ സ്നേഹം വരണ്ടേ? കുടുംബത്തിൽ ഒരു കൂറിണക്കം വരണ്ടേ? Harmony വരണ്ടേ?

എന്നെക്കാളധികം മറ്റുള്ളവന്റെ ഗുണമന്വേഷിക്കാൻ എനിക്ക് സാധിക്കുമ്പോഴാണ് ഞാൻ സംസ്കാരം പ്രാപിക്കുന്നത്. മനുഷ്യൻ മനുഷ്യനായി തീരുന്നത്.

ബുദ്ധിജീവികളുടെ നാടായ ആതൻസിൽ വലിയ തത്വജ്ഞാനികൾ ജീവിച്ചിട്ടുണ്ട്.

അഥേന എന്ന് ബൈബിളിൽ പറയുന്ന ആതൻസിൽ ഒരു ദിവസം തിരക്കേറിയ തെരുവിൽ കൂടെ ഒരു മനുഷ്യൻ നട്ടുച്ചയ്ക്ക് നടന്നു പോകുകയായിരുന്നു.

അദ്ദേഹത്തിന്റെ കയ്യിൽ ഒരു ചൂട്ടുകറ്റയുണ്ട്. ചൂട്ടുകറ്റ കത്തിച്ചു കൊണ്ടാണ് പോകുന്നത്. റോഡരികിലുള്ളവരെല്ലാം എഴുന്നേറ്റ് നിന്നു. കാരണം അദ്ദേഹം സാധാരണക്കാരനല്ല.

വലിയൊരു മഹാജ്ഞാനിയായ ഡയോജനീസ് ആണ് പോകുന്നത്. എല്ലാവരുടെയും ആരാധനാ പാത്രമാണ് അദ്ദേഹം.

ചൂട്ടുകറ്റ മിന്നിച്ചുകൊണ്ട് നട്ടുച്ചയ്ക്ക്, പട്ടാപ്പകൽ നല്ല വെയിലും നല്ല വെളിച്ചവുമുള്ള സമയത്ത് നടന്നു പോകുന്നതു കണ്ടവർ കണ്ടവർ അത്ഭുതത്തോടെ നോക്കി നിന്നു.

കുട്ടികൾ വിചാരിച്ചു ഭ്രാന്തനാണെന്ന്, കൂക്കി വിളിച്ചു. പലരും ചോദിക്കാൻ മടിച്ചു. ഈ മഹാനായ മനുഷ്യനോട് എങ്ങനെ ചോദിക്കും?

ഒരാൾ ധൈര്യപ്പെട്ട് ചെന്നു. ഗുരോ ക്ഷമിക്കണം. അങ്ങെന്താണ് ഇപ്പോൾ ഇങ്ങനെ?

എന്താണ് ?

അല്ല, അങ്ങ് ഈ ചൂട്ടുകറ്റ മിന്നിച്ചു കൊണ്ട് പോകുന്നത് എന്താണ്?

അതോ, ഞാൻ അന്വേഷിക്കുകയാണ്?

ഈ പകല് എന്താ അന്വേഷിക്കുന്നത്.?

ഞാൻ ഒരു മനുഷ്യനെ അന്വേഷിക്കുകയാണ്.

മനുഷ്യനെയോ?

അവർ അത്ഭുതപ്പെട്ടു. മനുഷ്യരല്ലേ ഈ കാണുന്നവരെല്ലാം. ഈ അതൻസിന്റെ തെരുവിലൂടെ അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നവരും, നിൽക്കുന്നവരുമെല്ലാം മനുഷ്യരല്ലേ?

“അല്ല. ഇവരെല്ലാം മൃഗങ്ങളാണ്. രണ്ടു കാലിൽ നടക്കുന്നു എന്നു മാത്രമേ വ്യത്യാസമുള്ളൂ.”

ഒരു പാഠം ആതൻസിലെ ജനത്തെ ഡയോജനീസ് പഠിപ്പിക്കുകയായിരുന്നു. മനുഷ്യൻ മനുഷ്യനെ കൊല്ലുന്നു, മനുഷ്യൻ മനുഷ്യനെ വെറുക്കുന്നു. മതത്തിന്റെ പേരിൽ വർഗ്ഗത്തിന്റെ പേരിൽ, സമുദായത്തിന്റെ പേരിൽ, സഭക

ളുടെ പേരിൽ, കൂട്ടായ്മകളുടെ പേരിൽ, ആത്മീയ പ്രവർത്തനങ്ങളുടെ പേരിൽ, ഏതെല്ലാം തരത്തിൽ, പരസ്പര ഭിന്നതയിൽ കഴിയുന്ന എത്രയോ ആളുകൾ!

നിർമ്മലമായ സ്നേഹമാണ് സാക്ഷാൽ സംസ്ക്കാരം. ഈ സ്നേഹം നമുക്ക് കുരിശിൽ കാണാം.

ഈ സ്നേഹത്തിന്റെ നിറവാണ് കുരിശ്, അവിടെ ത്യാഗം മാത്രമേയുള്ളൂ. അവിടെ ക്ഷമ മാത്രമെ ഉള്ളൂ. അവിടെ വിട്ടുവീഴ്ചാ മനോഭാവം മാത്രമേയുള്ളൂ. അവിടെ എളിമ മാത്രമേയുള്ളൂ.

ആരോടും പകയില്ല, ആരോടും വിദ്വേഷമില്ല, എല്ലാവരേയും സ്നേഹിക്കുന്നു. പരിഭവമില്ല, പരാതിയില്ല, പിറുപിറുപ്പില്ല, നിരാശയില്ല, എനിക്കെന്തിങ്ങനെ വന്നു എന്ന ചോദ്യമില്ല, എനിക്കിത് സംഭവിച്ചല്ലൊ എന്ന നിരാശയില്ല.

അവിടെ തളരാത്ത സ്നേഹം, അവിടെ നിഷ്കളങ്കമായ സ്നേഹം അവിടെ ക്രൂശിലെ സ്നേഹം. ആ സ്നേഹമാണ് നിലവിളിക്കുന്നത്. “പിതാവേ ഇവർ ചെയ്യുന്നത് ഇന്നത് എന്ന് ഇവർ അറിയായ്കയാൽ ഇവരോട് ക്ഷമിക്കണമേ.”

ആ സ്നേഹം എന്റെ അനേകം പാപങ്ങൾ ക്ഷമിച്ചു തന്നതു കൊണ്ടാണ് ഞാൻ ഇന്ന് സമാധാനത്തോടെ ജീവിക്കുന്നത്. എന്റെ എണ്ണിയാൽ തീരാത്ത പാപങ്ങൾ ക്ഷമിച്ചു തന്ന സ്നേഹം, ഈ മഹാപാപിയായ മനുഷ്യനെ കണ്ട സ്നേഹം, എന്നെ വീണ്ടെടുത്ത സ്നേഹം, സാത്താന്റെ ചങ്ങലക്കുരുക്കുകൾ അഴിച്ച് എനിക്ക്

മോചനം തന്ന സ്നേഹം, പാപത്തിന്റെ മ്ലേച്ഛതകളിൽ നിന്ന് എന്നെ കോരിയെടുത്ത സ്നേഹം.

തനി ലൗകീകനായ എന്നെ ആത്മീയനാക്കുവാൻ, അദ്ധ്വാനിച്ച സ്നേഹം. ഇന്നും എന്നെ രൂപാന്തരപ്പെടുത്തിയെടുക്കാൻ അദ്ധ്വാനിച്ചുകൊണ്ട് നില്ക്കുന്ന സ്നേഹം! ഈ അത്ഭുത സ്നേഹമാണ് ഇന്ന് നിങ്ങളെ വിളിക്കുന്നത്. ഈ സ്നേഹം നിങ്ങളെ ക്ഷണിക്കുകയാണ്.

സ്നേഹിതാ, ക്രൂശിലെ സ്നേഹത്തിലേക്ക് ഓടി വരൂ, നീ മൂഢനാകാതെ ജ്ഞാനിയാകൂ, ആത്മാവിന് വേണ്ടി കരുതൂ, മറ്റുള്ളവരെ കുറിച്ച് കരുതൂ, നിന്റെ മരണത്തെ കുറിച്ച് ഓർമ്മയുള്ളവനായിരിക്കൂ, ദൈവത്തെ കുറിച്ച് ബോധമുള്ളവനായിരിക്കൂ.

"നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക," അതിന് കരുണയുള്ള കർത്താവായ യേശുക്രിസ്തു നിങ്ങളെ സഹായിക്കട്ടെ.

## ഒരു ഭാവന

# ദേമാസിന്റെ തുറന്ന കത്ത്

റവ. ഡോക്ടർ ദേമാസ്,
മിഷ്യൻ ഹൗസ്
തെസ്സലോനിക്യ

കർത്താവിന്റെ പ്രിയ പൗലോസ് സഹോദരന്,

ത്രീയേക ദൈവത്തിനു സ്തുതി. നിങ്ങൾ ഈയിടെ തീമോഥിയോസിന് അയച്ച നിങ്ങളുടെ രണ്ടാമത്തെ കത്തിൽ "ദേമാസ് ഈ ലോകത്തെ സ്നേഹിച്ചിട്ട് എന്നെ വിട്ട് തെസ്സലോനിക്യയിലേക്കുപോയി" എന്ന് എന്നെപ്പറ്റി എഴുതിയിരുന്നതായി അറിഞ്ഞു. കഴിഞ്ഞകുറെ നാളുകളായി നിങ്ങൾ എന്നെ വിമർശിച്ചും കുറ്റപ്പെടുത്തിയും ഞാൻ ലോകത്തിലേക്കും ധനത്തിലേക്കും തിരിഞ്ഞു പിന്മാറിപ്പോയി എന്ന് വിധിച്ചുകൊണ്ടും ചെയ്യുന്ന ചില പ്രസംഗങ്ങളിലെ ദുസ്സൂചനകൾ ഞാൻ മനസ്സിലാക്കുന്നുണ്ടായിരുന്നു. ചിലതെല്ലാം അക്ഷരംപ്രതി ഞാൻ കുറിച്ചുവെയ്ക്കുകയും ചെയ്തിട്ടുണ്ട്.

നിങ്ങളെ സുവിശേഷവേലകളിൽ കൈത്താങ്ങൽ തരികയും സുവിശേഷ യാത്രകളിൽ ത്യാഗമനോഭാവത്തോടെ നിങ്ങളോടു ഞാൻ സഹകരിക്കുകയും ചെയ്തതെല്ലാം നിങ്ങൾ മറന്നുപോയതിൽ ഞാൻ അത്ഭുതപ്പെടുന്നു. ആരുടെയും വെള്ളിയോ പൊന്നോ ഞാൻ മോഹിച്ചിട്ടില്ല എന്ന് നിങ്ങൾ എഴുതിയെങ്കിലും ഫിലിപ്യസഭയിലെ പാവപ്പെട്ട ആളുകൾ സമാഹരിച്ച സഹായധനം എപ്പഫ്രൊദിത്തൊസ്

കൊണ്ടുവന്നപ്പോൾ നിങ്ങൾ കൈപ്പറ്റിയത് ഞാൻ നേരിട്ടു കണ്ടതാണല്ലോ. അന്ന് ആ ഒന്നാം കാരാഗൃഹവാസകാലത്ത് ഞാൻ നിങ്ങളുടെ കൂടെ ഉണ്ടായിരുന്നു എന്നത് നിങ്ങൾ മറന്നുകാണുകയില്ലല്ലോ.

എന്നെ മാത്രമല്ല, കർത്താവിന്റെ വിശ്വസ്തദാസന്മാരായ ഹുമനയൊസ്, ഫിലേത്തോസ് മുതലായവരെയും നിങ്ങൾ അധിക്ഷേപിച്ചതായികേട്ടു. ചെമ്പുപണിക്കാരൻ അലക്സന്തർ എനിക്ക് വളരെ ദോഷം ചെയ്തു എന്ന് നിങ്ങൾ ആ മാന്യദൈവദാസനെ തരംതാഴ്ത്തിപ്പറഞ്ഞതും ഞാൻ അറിഞ്ഞു. ചിലരെ നിങ്ങൾ സാത്താനെ ഏല്പിച്ചു എന്ന് നിങ്ങൾ പറഞ്ഞത് കേട്ടപ്പോൾ എനിക്കുതോന്നി, നിങ്ങൾ ഒരു ഹീറോ ചമയുകയാണ് എന്ന്. ആരു തന്നു നിങ്ങൾക്കീ അധികാരം? നിങ്ങളെ വിട്ടു പോകുന്നവരെല്ലാം കർത്താവിനെ വിട്ടു പോവുകയാണെന്നോ? ആരും നിങ്ങളെ എതിർക്കാൻ പാടില്ലെന്നോ?

കുറെനാളായി നിങ്ങൾ നമ്മുടെ സഭയെ വലിയ അപകടത്തിലേക്ക് നയിക്കുകയാണ് എന്ന് എനിക്കുതോന്നുന്നുണ്ടായിരുന്നു. ഈ സഭയുടെ സ്ഥാപനത്തിലും വളർച്ചയിലും ഒരു നല്ല പങ്ക് ഞാൻ വഹിച്ചിട്ടുണ്ടെന്ന് നിങ്ങൾ അവഗണിച്ചതെന്താണ്? എനിക്ക് അർഹമായ ഒരു പരിഗണന നിങ്ങൾ തന്നിട്ടുണ്ടോ? നിങ്ങൾ എഴുതിയ പതിന്നാലു ലേഖനങ്ങളിലും ഒരു എഴുത്തിൽ മാത്രമല്ലേ എന്നെക്കുറിച്ച് ഒന്ന് പരമർശിച്ചിട്ടുള്ളൂ. അതും “എന്റെ കൂട്ടുവേലക്കാരനായ മർക്കൊസും അരിസ്തർക്കൊസും ദേമാസും ലൂക്കൊസും നിനക്കു വന്ദനം ചെയ്യുന്നു.” എന്ന് പേരിന് ഒന്നു സൂചിപ്പിക്കുക മാത്രമല്ലേ ചെയ്തുള്ളൂ?

ഞാൻ നിങ്ങളെ വിട്ടു എന്നുള്ളതു ശരിയാണ്. എത്രയോ നാളായി ഞാൻ നിങ്ങളെ വിട്ടിട്ട്. നിങ്ങൾക്ക് എല്ലാ പ്രാദേശിക സഭകളിലുമുള്ള അംഗീകാരവും ബഹുമതിയും കണ്ടിട്ടുള്ള അസൂയ കൊണ്ടൊന്നുമല്ല ഞാൻ നിങ്ങളെ വിട്ടുപോയത്. ആ തീമൊഥെയോസിനെയും ലൂക്കൊസിനെയും പോലെ എല്ലാവരും നിങ്ങളുടെ വാക്കുകേട്ട് നിങ്ങളുടെ പിന്നാലെ നടന്നുകൊള്ളുമെന്നാണോ നിങ്ങളുടെ വിചാരം? ഞാൻ നിങ്ങളെ വിട്ടെങ്കിലും സുവിശേഷവേലവിടാനുള്ള പരിപാടിയൊന്നും എനിക്കില്ല.

എന്നെ അവഗണിച്ച് വേലയെല്ലാം നിങ്ങളുടെ ചൊല്പടിയിലാക്കാൻ നിങ്ങൾ നോക്കുകയല്ലേ? ഞാൻ ലോകത്തെ സ്നേഹിച്ചു എന്ന് നിങ്ങൾ പറയുന്നതെന്തുകൊണ്ടാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. നിങ്ങൾ വേല ചെയ്യുന്ന രീതി എനിക്ക് സമ്മതമല്ല. “ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി” എന്നുള്ള നിങ്ങളുടെ വാക്ക് എനിക്ക് സ്വീകാര്യമല്ല. സുവിശേഷവേലയ്ക്ക് പണം അത്യാവശ്യമല്ലേ? പണം പിരിക്കുകയില്ല, സംഭാവന ചോദിക്കരുത് എന്നെല്ലാമുള്ള നിങ്ങളുടെ പ്രമാണങ്ങൾ ഈ കാലഘട്ടത്തിന് ചേർന്നതല്ല. നിങ്ങളുടെ കൂട്ടുവേലക്കാരുടെ കാര്യങ്ങൾ എങ്ങനെ നടക്കുന്നു എന്ന് നിങ്ങൾ അന്വേഷിക്കാറുണ്ടോ? വെറുതെയാണോ പണ്ട് മർക്കൊസ് നിങ്ങളെ വിട്ട് തിരികെ പോയത്? ബർന്നബാസുമായി നിങ്ങൾക്ക് ഉഗ്രവാദമുണ്ടായതും ബർന്നബാസ് മർക്കൊസിനെ കൂട്ടി, പിരിഞ്ഞുപോയി വേല ചെയ്തതും നിങ്ങൾ മറന്നുപോയോ?

നിങ്ങൾ ഫിലിപ്യർക്ക് ലേഖനമെഴുതിയപ്പോൾ ഞാനും അന്ന് കാരാഗൃഹത്തിൽ നിങ്ങളുടെ കൂടെ ഉണ്ടായിരുന്നു

വല്ലോ. “ഇപ്പോൾ എനിക്ക് വേണ്ടുന്നതെല്ലാം ഉണ്ട്. സമൃദ്ധിയായുമിരിക്കുന്നു.” എന്ന് നിങ്ങളുടെ കാര്യം മാത്രമല്ലേ എഴുതിയത്? കൂട്ടുവേലക്കാരുടെ കാര്യം മറന്നുപോയതെന്താണ്? നിങ്ങളുടെ സഹപ്രവർത്തകർ ബുദ്ധിമുട്ടുന്നവർ ഉണ്ട് എന്ന് ഫിലിപ്യർക്ക് എഴുതിയിരുന്നെങ്കിൽ അവർ പിന്നെയും അയച്ചു തരുമായിരുന്നുവല്ലോ. എങ്ങനെയെങ്കിലും സഹായവും സംഭാവനയും വരുത്താനല്ലേ നോക്കേണ്ടത്?

സഹായം ലഭിച്ചിരുന്നെങ്കിൽ ജാതികളുടെ ഇടയിൽ വേലയ്ക്കിറങ്ങാൻ വിളിയുള്ള എത്ര സഹോദരന്മാർ ഉണ്ടെന്ന് നിങ്ങൾക്കറിയാമോ? അവരെ പ്രോത്സാഹിപ്പിക്കാനാളില്ല, പണവുമില്ല.

“എന്നെ അനുകരിപ്പിൻ” എന്ന് നിങ്ങൾ ആവർത്തിച്ചെഴുതുന്നത് എന്റെ ശ്രദ്ധയിൽപ്പെട്ടു. ഇതൊരു വ്യക്തിപൂജയല്ലേ? ക്രിസ്തുവിന്റെ സ്ഥാനം നിങ്ങൾ എടുക്കുകയല്ലേ? അതുകൊണ്ട് ഞങ്ങൾ ശരിയായ വേല തുടങ്ങുവാൻ തീരുമാനിച്ചിരിക്കുകയാണ്. ആത്മീക താൽപര്യമുള്ള ധനികന്മാരായ ചിലർ സഹായിപ്പാൻ മുമ്പോട്ടുവന്നിട്ടുണ്ട്. ഇതറിഞ്ഞപ്പോൾത്തന്നെ ചെമ്പുപണിക്കാരനായ അലക്സന്തർ തന്റെ ജോലി വിട്ട് കർത്താവിന്റെ വേലയ്ക്കായി വേർതിരിയുവാൻ തീരുമാനിച്ചതായി അറിയിച്ചിട്ടുണ്ട്. സഹോദരൻ യോഹന്നാൻ ഗായോസിനുള്ള തന്റെ കത്തിൽ വിമർശിച്ച ദിയൊത്രെഫേസ് എന്നോടു സഹകരിച്ചു പ്രവർത്തിക്കുന്നുണ്ട്. നിങ്ങൾ വേലയിൽ നിന്നും മാറ്റിനിറുത്തിയ ഹുമനയൊസ്, ഹെർമ്മൊഗനേസ്, ഫിലേത്തോസ് മുതലായവർ ഞങ്ങളോട് ചേർന്നു കഴിഞ്ഞു. വേറെയും ചിലരെയും ഞങ്ങൾ പ്രതീക്ഷിക്കുന്നുണ്ട്.

അതുകൊണ്ട് ഞങ്ങൾക്കെതിരായ നിങ്ങളുടെ പ്രവർത്തനങ്ങൾ വിലപ്പോവുകയില്ലെന്ന് നിങ്ങളെ ഓർമ്മപ്പെടുത്തുന്നു. തുടർന്ന് നിങ്ങൾ എന്നെ വിമർശിച്ച് ഒന്നും എഴുതിപ്പോകരുതെന്ന് ബുദ്ധി ഉപദേശിക്കുകയും ചെയ്യുന്നു.

എന്ന്, നിങ്ങളുടെ പഴയ സുഹൃത്ത്,
റവ. ഡോ. ദേമാസ്

(സുവിശേഷകൻ മാസികയോട് കടപ്പാട്)

# ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭ ഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാൻ ആകുന്നതെങ്ങനെ?
15. തുറന്ന വാതിൽ
16. വരവും ചെലവും
17. ദൈവരാജ്യം
18. AMRUTHADHARA (ENGLISH)
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മ വ്യാപാരം
23. പരിശുദ്ധാത്മ ശക്തി
24. ഉത്തമ ഗീതം
25. സങ്കേത നഗരങ്ങൾ
26. മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന

*(Contd..)*

28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടു തോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല, പ്രവാചക ശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT (English)
41. WAY TO LIBERATION (English)
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെത്തൊട്ടതാർ ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ ?
46. അത് സഹിക്കാകുന്നവൻ ആർ ?
47. എന്നെ ആർ വിടുവിക്കും ?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED ?
52. കണ്ണീർപ്പാടം – ഭാഗം ഒന്ന്
53. കണ്ണീർപ്പാടം – ഭാഗം രണ്ട്
54. BESIDE CHERITH - ENGLIGH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല

# അമൃതധാര ടി.വി. പ്രോഗ്രാം

| | | |
|---|---|---|
| വെള്ളി | ഏഷ്യാനെറ്റ് ന്യൂസ് ടിവി | : 6.30 AM |
| ശനി | സൂര്യ ടിവി | : 6.30 AM |
| ഞായർ | ജീവൻ ടിവി | : 6.30 AM |

**പ്രൊഫ. എം.വൈ. യോഹന്നാൻ**

മുൻ പ്രിൻസിപ്പാൾ, സെന്റ് പീറ്റേഴ്സ് കോളേജ് കോലഞ്ചേരി, സുവിശേഷ സന്ദേശം നൽകുന്നു

## CRF ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

| | | |
|---|---|---|
| രണ്ടാം ശനിയാഴ്ച | 9.00 AM – 2.00 PM | മേച്ചങ്കര, പ്രൊഫ. എം. വൈ. യോഹന്നാന്റെ ഭവനം, കോലഞ്ചേരി പട്ടിമറ്റം റോഡിൽ വാലേത്ത്പടി ബസ് സ്റ്റോപ്പ് – **കടയിരുപ്പ്** |
| രണ്ടാം ശനിയാഴ്ചയോട് ചേർന്നുള്ള രണ്ടാം ഞായറാഴ്ച | 12.30PM – 5.00PM | |
| മൂന്നാം ഞായറാഴ്ച | 12.30PM – 5.00PM | |
| എല്ലാ തിങ്കളാഴ്ചയും | 6.00PM – 8.00PM | |
| ഒന്നാം ചൊവ്വാഴ്ച (വനിതാ സമ്മേളനം) | 9.00AM – 1.00PM | |
| എല്ലാ വെള്ളിയാഴ്ചയും (ബൈബിൾ ക്ലാസ്) | 6.00AM – 8.00PM | പ്രൊഫ. സി. എം. മാത്യു, ചാന്ത്യം – ഭവനം കോലഞ്ചേരി |
| ഒന്നും മൂന്നും ബുധനാഴ്ച (യുവാക്കളുടെ സമ്മേളനം) | 6.30AM – 9.00PM | |